സേവ്യർ പോൾ

പുലിക്കൾ, ആലങ്ങാൾ

NATIONAL BOOK STALL

(Malayalam)

**PULIKAL, YUDHANGAL**

(Tigrero)

BY

SASHA SIEMEL

Abridged & Translated BY

XAVIER PAUL

COPYRIGHT : TRANSLATOR

Publishers:

JANUS PUBLICATIONS,

ASIA PRESS, QUILON-1.

Distributors:

M. S. BOOK DEPOT, QUILON.

COVER: M. BARNABAS.

First Edition: June, 1970

copies: 1000

Price: 2. 00

Printed at:

THE ASIA PRESS, QUILON-1.

J. P. S. 7. T. I. 1-70.

# പുലരികൾ, യുദ്ധങ്ങൾ

~~48907~~

4321

★

സേവ്യർ പോൾ

★

വിതരണം

എം. എസ്സ്. ബുക്ക്ഡിപ്പോ, കൊല്ലം.

വില: രണ്ടു രൂപ

MG8.

സേവ്യർ പോളിന്റെ കൃതികൾ:

സഹാറയും സഹോദരന്മാരും

1999 4321

ശാപം

ഭാഷാദീപം

അനുരാഗം

ലക്ഷ്യാധിഷ്ഠിതബോധനം

അധികാരം

പരിഭാഷകൾ:—

| | |
|---|---|
| മാഡം ബോവറി | —ഗുസ്താവ് ഫ്ളാബേർട്ട് |
| കിഴവനും കടലും | —ഏണെസ്റ്റ് ഹെമിങ്‌വേ |
| മോബി ഡിക്ക് | —ഹെർമാൻ മെൽവില്ലി |
| പ്രളയം | —ലിയോണാർഡോ ഡാവിഞ്ചി |
| കടൽ കീഴടങ്ങുന്നു | —ഹാൻസ് ഹാസ് |
| ഡയാനാ | —അലക്സാണ്ടർ ഡ്യൂമാസ് |
| ആത്മാംശം | —ചാൾസ് ബോദ്‌ലെയർ |
| പുലികൾ, യുദ്ധങ്ങൾ | —സാഷാ സീമെൽ |

# പുലികൾ, യുദ്ധങ്ങൾ

ഗ്രന്ഥകർത്താ:

സാഷാ സീമെൽ

പരിഭാഷ:

സേവ്യർ പോൾ

## സാഹാ സീമെൽ:

ജീവിതം സാഹസവൃത്തിയുടെ പര്യായമാക്കി ത്തീർത്ത ധീരചിത്തനാണ് സാഷാ സീമെൽ. റഷ്യയിൽ ജനിച്ച അദ്ദേഹം ദക്ഷിണാമേരി ക്കയിലെത്തി ഘോരകാന്താരങ്ങളിൽ കടന്നു് വന്യമൃഗവേട്ടയിൽ തന്റെ ഭാഗധേയം കണ്ടെത്തി. ബ്രസീലിയൻ വനങ്ങളിൽ ഇരു പത്തു വർഷക്കാലം ചെലവഴിച്ചു. ഒട്ടനവധി ജീവികളുമായി ഇടപഴകി. ഒരു കുന്തം മാത്രം ആയുധമാക്കിക്കൊണ്ടു് ടൈഗ്രി (പുള്ളിപ്പുലി) കളെ വേട്ടയാടി. ഹിംസ്രജന്തുക്കളിൽവച്ചു് ഏററവും ക്രൂരനാണു്, കൊല്ലപ്പെടുന്ന ജീവി കളുടെ അസ്ഥികൾപോലും കടിച്ചു പൊട്ടി ക്കുന്ന ടൈഗ്രി.

ജൂലിയൻ ഡ്യൂയിഡിന്റെ "ഹരിത നരകം" എന്ന ഗ്രന്ഥത്തിൽ 'വന്യമനുഷ്യനായ റഷ്യൻ എൻജിനീയർ' എന്നാണു് സാഷാ സീമെലിനെ വിശേഷിപ്പിച്ചിരിക്കുന്നതു്. മനുഷ്യരെയും മൃഗങ്ങളെയും കുറിച്ചു് സീമെൽ നേടിയ രസകരവും അത്ഭുതാവഹവുമായ വിവരങ്ങൾ അദ്ദേഹം രേഖപ്പെടുത്തിയിട്ടു ണ്ടു്. ആ ജീവിതസമരകഥയുടെ സംഗ്രഹ പരിഭാഷയാണിക്കൃതി.

—പരിഭാഷകൻ

# കൊലപാതകികളെത്തേടി

ഞാൻ ജോവാക്കിം ഗുവാട്ടോയെപ്പററി ആദ്യമായി കേൾക്കുന്നതു്, എൻെറ സുഹൃത്തും തെക്കേ അമേരിക്കയിൽ പാസോഫുൻഡോയിലെ അനൗദ്യോഗികന്യായാധിപനുമായ ഡോം കാർളോസിൽ നിന്നായിരുന്നു.

അദ്ദേഹം പറഞ്ഞു:

"ജോവാക്കിം ഇപ്പോൾ ഒരു വൃദ്ധനാണു്. നല്ല ലഹരിയുള്ള മദ്യവും കഴിച്ചു് മിക്കവാറും സമയം കുടിലിൽ മയങ്ങിക്കിടക്കുകയാണു പതിവു്. പക്ഷെ ഈ വാർദ്ധക്യകാലത്തുപോലും കുന്തവുമായി കാട്ടിൽ പോകുന്നതിനും ടൈഗ്രിയെ വേട്ടയാടുന്നതിനുമുള്ള കരുത്തും ആത്മധൈര്യവും നശിച്ചിട്ടില്ല. എൻെറ അറിവുവച്ചു പറയുകയാണെങ്കിൽ യാതൊരു വെള്ളക്കാരനും ഒരിക്കലും ചെയ്തിട്ടില്ലാത്ത ഒരു കാര്യമാണതു്!"

അദ്ദേഹം എന്നെ സൂക്ഷിച്ചു നോക്കി; കാഴ്ചയുള്ള ആ ഒററക്കണ്ണു് തീക്ഷ്ണമായി തിളങ്ങുന്നു.

ഡോം കാർളോസിൻെറ സ്ഥലത്തേക്കു് കഴിഞ്ഞ ദിവസം വൈകിട്ടാണു് ഞാൻ വന്നുചേർന്നതു്. റയോ ഗ്രാൻഡി ഡോസൂളിൻെറ പീഠഭൂമികളിൽ അസ്തമനസൂര്യൻെറ ചെങ്കതിരുകൾ അപ്പോൾ ഒരു രക്തക്കളം നിർമ്മിക്കുകയായിരുന്നു. തിളങ്ങുന്ന ആ ഭൂഖണ്ഡത്തിനു പിന്നിൽ

ദുർഗ്ഗമങ്ങളായ മാട്ടോ ഗ്രോസോ പീഠഭൂമികൾ ഇരുളിൽ മുങ്ങി ആയിരം മൈലുകളോളം വിസ്തൃതിയിൽ ഉള്ളിലേക്ക കടന്നു കിടക്കുകയാണ്.

എൻെറ ആഗമനോദ്ദേശ്യം ഞാൻ ഡോമിനോട് വിവരിച്ചു. അദ്ദേഹത്തിന് വലിയ സന്തോഷമൊന്നും തോന്നിയതായി കണ്ടില്ല.

"ബ്രസീലിൽ നമുക്കൊരു തത്ത്വശാസ്ത്രമുണ്ട്." അദ്ദേഹം പറഞ്ഞുതുടങ്ങി: "മറെറാരാളിന്റെ കാര്യത്തിൽ നാം ആവശ്യമില്ലാതെ ഇടപെട്ട്, വഴക്ക വയ്ക്കാറില്ല. നിങ്ങളാക്രമിക്കപ്പെടുകയും പരുക്കേല്പ്പിക്കുകയും ചെയ്താൽ–" അദ്ദേഹം മുന്നോട്ടാഞ്ഞു്, അടുത്തു കിടക്കുന്ന തന്റെ വളർത്തുനായുടെ ചെവിക്ക പിടിച്ചുകൊണ്ടു് തുടന്നു: "നിൻെറ ശത്രുവിനെ കൊല്ലുക; ഇക്കിടക്കുന്ന ലോബോ നിങ്ങളെ ആക്രമിക്കുകയാണെങ്കിൽ അവനെ വകവരുത്തുന്നതുപോലെ."

"ശ്രദ്ധിച്ചോളൂ"– ഡോം തുടന്നു: "നിങ്ങൾ ഫവെല്ലിയെ കൊല്ലുകയാണെങ്കിൽ, എനിക്കു സന്തോഷമേയുള്ളു. മറിച്ചു സംഭവിക്കാനാണ് ദൈവനിശ്ചയമെങ്കിലോ, നിങ്ങളുടെ ചെവിക്കുടി എൻെറ ചരടിൽ കൊരുക്കപ്പെടും."

ആ 'ചെവി'യുടെ കാര്യം രസമുള്ളൊരു കഥയാണ്. ലിഖിതനിയമങ്ങളൊന്നും നീതി നടത്താനില്ലാത്ത അവിടെ, ധീരനായ ഡോം ഒരുതരം ന്യായാധിപഭരണം നടത്താറുണ്ട്. അങ്ങനെ താൻ പരാജയപ്പെടുത്തിയ കള്ളന്മാരുടെയും കൊലപാതകികളുടെയും ചെവികൾ വെട്ടിയെടുത്ത് ഉണക്കി ഒരു ചരടിൽ കോർത്ത് സൂക്ഷിച്ചിരിക്കുന്നതു കണ്ടു.

ഫവെല്ലി എൻെറ ശത്രുവാണ്: മെലിഞ്ഞു പൊക്കം കുറഞ്ഞ ഒരു ഫ്രഞ്ചു–ബ്രസീലിയൻ. എനിക്കയാളെ

കൊല്ലണമെന്നോ ഉപദ്രവിക്കണമെന്നു തന്നെയോ മോ ഹമുണ്ടായിരുന്നില്ല.

"അസാദ്ധ്യകാര്യം ചെയ്യാനുള്ള ശപിക്കപ്പെട്ട ഒരാ വേശം നിങ്ങളെ പിടികൂടിയിരിക്കയാണ്." ഡോം പറ ഞ്ഞു: "ഒരു വെല്ലുവിളിയെ നിങ്ങൾക്കു മറികടക്കാൻ കഴി യില്ല. നിങ്ങളുടെ സഹോദരൻ ഏണസ്റ്റും നിങ്ങളും മാട്ടോ ഗ്രോസോയിലേക്കു ഉടനേ പോകുന്നതാണു നല്ലതു്.

അല്പം കഴിഞ്ഞു് ജോവാക്കിം ഗുവാഃട്ടായെപ്പററി അദ്ദേഹം പരാമർശിച്ചു:

"വനങ്ങളെപ്പററി നല്ല വിവരമുള്ള ഒരാളാണു് ജോവാക്കിം. ഒരു ഭാര്യയ്ക്കു് ഭർത്താവിനെയെന്നപോലെ ആയാൾക്കു് വനത്തെക്കുറിച്ചു് ധാരണയുണ്ടു്. അരുവി കളുടെ ലളിതഗാനവും പുൽത്തകിടികളുടെ മമ്മരശബ്ദ വും.... മരങ്ങൾപോലും അയാളോടു സംസാരിക്കും. ഒററ യ്ക്കു് ഒരു കുന്തത്തിൻെറ മാത്രം സഹായത്തോടുകൂടി മുപ്പ ത്തഞ്ചു ടൈഗ്രികളെ ജോവാക്കിം വകവരുത്തിയിട്ടുണ്ടു്. ഒരു മൃഗത്തിൻെറ കാലടയാളം കണ്ടാൽ, അതു് ആ വഴി യിലൂടെ കടന്നുപോയിട്ടു് എത്ര നേരമായെന്നു് അയാൾ പറയും. ടൈഗ്രിയുടെ വാൽ ചലിക്കുന്നതു കണ്ടാൽ, അതു മുന്നോട്ടു കുതിക്കുമോ, പിന്നോട്ടു പായുമോ എന്നു് അയാൾക്കു പറയാൻ കഴിയും."

ജോവാക്കിമിനെ അന്വേഷിച്ചു പിടിക്കാൻതന്നെ ഞാൻ നിശ്ചയിച്ചു. സെറാദോവിൽവച്ചു് സഹോദര നായ ഏണസ്റ്റുമായി യാത്രപറഞ്ഞശേഷം സാന്തോകാതറീനായിലെ മലകൾ കടന്നു് ഞാൻ യാത്ര ചെയ്തു. വഴി കൾ, ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയെക്കുറിച്ചൊന്നും വലിയ നിശ്ചയമുണ്ടായിരുന്നില്ല. ഭാഗ്യവശാൽ യാത്രാ മാർഗ്ഗത്തിൽവച്ചു്, അലെഗ്രിററിയിലെ ഒരു ഇടയനായ

അപ്പാരിഷിയോവിനെ പരിചയമായി. വിഷജന്തുക്കൾ കടിച്ച് ദേഹത്തു വ്രണങ്ങളുണ്ടായി കഷ്ടപ്പെട്ടുകൊണ്ടിരുന്ന ആ നിർഭാഗ്യവാനെ മരുന്നുകൾ കൊണ്ടു ഞാൻ സുഖപ്പെടുത്തി. എന്തുകൊണ്ടോ അയാൾ എന്നെ അനുഗമിക്കാമെന്നു സമ്മതിച്ചു.

കോക്സിമിൽനിന്ന് കുതിരപ്പുറത്തു കയറി അപ്പാരിഷിയോവുമൊത്ത് വനഭാഗങ്ങളിലേക്ക് യാത്ര തിരിക്കുമ്പോൾ, ബോധമനസ്സിനെ കീഴ്പ്പെടുത്തുന്ന ഒരദൃശ്യശക്തി എന്നെ നിയന്ത്രിക്കുന്നുവെന്നു തോന്നി. ജീവിതത്തേയും മരണത്തേയും വേർതിരിക്കുന്ന അവ്യക്തഘടകം പോലെ അതനുഭവപ്പെട്ടുകയാണ് — തികച്ചും അദൃശ്യമായ ഒരു വൈകാരികഭാവം. മനുഷ്യനോ മൃഗമോ എന്തുതന്നെയാവട്ടെ, വനത്തിൽ യുക്തിയേക്കാൾ സ്വാഭാവാസനയനുസരിച്ചു പ്രവർത്തിച്ചേ മതിയാവൂ. അടിയന്തിരഘട്ടങ്ങളിൽ, മാരകമായ അപകടം ഇടിത്തീ പോലെ മുമ്പിൽ വന്നുപെട്ടുമ്പോൾ ചിന്തകൊണ്ട് പ്രയോജനമുണ്ടാകാറില്ല. ഏകനായി ഒരു ടൈഗ്രിയെ നേരിട്ടു, ഇതു സത്യമാണെന്നു ബോദ്ധ്യപ്പെട്ടും. എന്തു ചെയ്യണമെന്ന ബോധം സൂചിമുനപോലെ മൂർച്ചയോടെ ഉൾക്കാമ്പിലുണ്ടായിരുന്നില്ലെങ്കിൽ, യുക്തിനിർഭരമായ ഒരു മനസ്സുണ്ടായാൽക്കൂടി, മനുഷ്യൻ അടിപെട്ട് അന്ത്യശ്വാസം വലിച്ചുപോയതുതന്നെ.

കാമ്പോ സെറാഡോ പീഠഭൂമികളിലൂടെ കോക്സിമിൻെറ വടക്കു കിഴക്കു ഭാഗം വഴി യാത്ര ചെയ്ത് ഘോരവനനിരകളുടെ വിരലുകൾ പോലെ നീണ്ടുകിടക്കുന്ന കാടുകളിൽ ഞങ്ങൾ ചെന്നെത്തി. കുറെ അരുവികളും തടാകങ്ങളും കടന്നുചെല്ലുമ്പോൾ ഒരു ചതുപ്പുനിലവും, അതിനുമപ്പുറത്ത് അറുപതും എഴുപതും അടി നീളമുള്ള മരങ്ങൾ

വളൎന്നു നില്ക്കുന്ന സമതലവുമാണു്. ബൊളീവിയൻ അതിൎത്തിവരെ നീണ്ടുകിടക്കുന്ന പരാഗ്വായിലെ വലിയ ചതുപ്പുനിലങ്ങളുടെ പരിസരഭാഗങ്ങളിലൂടെ സഞ്ചരിച്ചു് ഒരു ദിവസം വൈകുന്നേരമായപ്പോൾ ഒരു നീരുറവയ്ക്കരുകിൽ ഞങ്ങളെത്തി ക്യാമ്പടിച്ചു. അതു പുല്ലുകൾ തഴച്ചുവളൎന്നു നില്ക്കുന്ന ഒരു ചതുപ്പുപ്രദേശമാണു്. രാത്രികാലങ്ങളിൽ പുള്ളിപ്പുലികൾ ധാരാളമായി സ്വൈരവിഹാരത്തിനിറങ്ങുന്ന വനഭാഗം. പക്ഷെ അന്നു് ആ ക്രൂരസത്വങ്ങൾ ഞങ്ങളുടെ കൂടാരത്തെ ആക്രമിച്ചേക്കുമെന്നു ഞാനും കൂട്ടുകാരനും ലേശംപോലും ചിന്തിച്ചതേയില്ല.

ഞങ്ങൾ ഉറങ്ങാൻ തുടങ്ങി. രണ്ടു മണിക്കൂർ കഴിഞ്ഞു് അജ്ഞാതനായ ആരോ വിളിച്ചിട്ടെന്നപോലെ ഞാൻ എഴുന്നേററു. അടുത്തു് കൊളുത്തിയിട്ടിരുന്ന തീക്കുണ്ഡത്തിലെ എരിഞ്ഞമരുന്ന ചെങ്കനലുകൾ, അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ ഒരു അരുണാഭ പരത്തുന്നുണ്ടു്. ആകാശത്തു് നക്ഷത്രങ്ങൾ അത്യന്തമനോഹരമായി മിന്നിത്തിളങ്ങുന്നു. എന്താണു് എന്നെ പെട്ടെന്നു് ഉണൎത്തിയതെന്നു് എനിക്കു് ആദ്യം മനസ്സിലായില്ല; പക്ഷെ അകലെയല്ലാതെ എന്തോ സംഭവിച്ചിട്ടുണ്ടു്. ഏതോ അസാധാരണശബ്ദം ഉറക്കത്തിൽ ബോധമനസ്സിനെ തുളച്ചു കടന്നിരിക്കണം.

പെട്ടെന്നു് ഒരു പ്രത്യേകശബ്ദം പിന്നെയും കേട്ടു; എല്ലുകൾ ഒടിയുകയും ഞെരിയുകയും ചെയ്യുന്നതിൻെറതാണു്. ഒരു നിമിഷത്തെ പരിഭ്രമത്തിനിടയിൽ, അപ്പാരിഷിയോ ആയിരിക്കണമെന്നു കരുതി, മയങ്ങിയ ചെമപ്പുപ്രകാശത്തിലൂടെ സൂക്ഷിച്ചു നോക്കിയപ്പോൾ, ഏതാനും അടി അകലെ ആയാൾ കുത്തിയിരിക്കുന്നതാണു കണ്ടതു്. എന്നെ ഉണൎത്തിയ ശബ്ദം ആയാളുടെ ഉറക്കത്തെയും തകൎത്തിരിക്കണം.

മുകളിൽ മരച്ചില്ലയിൽ തൂക്കിയിട്ടിരുന്ന തോക്ക് ശബ്ദമുണ്ടാക്കാതെ സാവധാനം വലിച്ചെടുത്തു. ഏതാനു മടി അകലെ ഇരുളിൽ, എല്ലുകൾ തകരുന്ന ശബ്ദം വീണ്ടും കേൾക്കുന്നുണ്ട്. ഞങ്ങളുടെ മാൻകിടാവിനെ ഏതോ വന്യമൃഗം വലിച്ചുകൊണ്ടുപോയിരിക്കുന്നുവെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. സ്വതന്ത്രമായി ശ്വാസോച്ഛ്വാസം ചെയ്യാൻപോലും ധൈര്യമില്ലാതെ കുറേ നേരം ഞാൻ ശ്രദ്ധിച്ചുനിന്നു. മാൻകിടാവിനെ തിന്നതു് ഒരു പുള്ളിപ്പുലിയായിരിക്കണം. ചതുപ്പുനിലങ്ങളിലെ മുതലയ്ക്കോ മററു വന്യജന്തുക്കൾക്കുപോലുമോ ഒരു മാനിന്റെ എല്ലുകൾ കടിച്ചുപൊട്ടിക്കാൻ തക്ക ബലമുള്ള പല്ലുകൾ ഇല്ലതന്നെ. അരികിൽ നടക്കുന്ന കാര്യത്തെക്കുറിച്ചു് ഭയവും സംശയവും ആകാംക്ഷയും നിറഞ്ഞ മനസ്സോടെ, മുന്നോട്ടു നീങ്ങേണ്ട ആവശ്യമില്ലാത്തതുകൊണ്ടു്, ഞാൻ നിശ്ചലനായി നിൽക്കവേ, പെട്ടെന്നു് എന്റെ ചുററും സാന്ദ്രമായ ഒരു നിശ്ശബ്ദത വ്യാപിച്ചു. ഞാൻ തോക്കിൽ അമർത്തിപ്പിടിച്ചു. ആ ഹിംസ്രജന്തു എന്നെയോ, അപ്പാരിഷിയോവിനെയോ കണ്ടുവെന്നു് ഞാൻ കരുതി. പക്ഷേ ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മാനിന്റെ അവശിഷ്ടം നിലത്തുകൂടെ അകലേയ്ക്കു വലിച്ചിഴയ്ക്കുന്ന ശബ്ദമാണു കേട്ടതു്.

അപ്പാരിഷിയോ പതുക്കെ ചോദിച്ചു:

"എഴുന്നേററിരിക്കുകയാണോ?"

ഞങ്ങളിരുവരും തീയ്ക്കരികെ ഒത്തുകൂടി, രാത്രി മുഴുവൻ കഴിച്ചുകൂട്ടി. ഇതിനുമുമ്പുണ്ടായിട്ടില്ലാത്തവിധം വനത്തിലൊളിച്ചിരിക്കുന്ന ഒരു അപകടത്തെക്കുറിച്ചു് ഈ അനുഭവം എന്നെ ബോധവാനാക്കി.

പിറേറന്നു വൈകുന്നേരം ഒരു മലഞ്ചരിവിലൂടെ കുതിരയോടിച്ചു പോകുമ്പോൾ, കാനനത്തിൻെറ ഹരിത വർണ്ണമിയന്ന മേൽക്കൂരയുടെ മുകളിൽ സ്വർണ്ണാഭ തിളങ്ങുന്ന അന്തരീക്ഷത്തിലേക്ക് ഘനീഭവിച്ച ധൂമവലയങ്ങൾ ഉയരുന്നതു കാണായി. ഒരു നദിക്കരയിൽ കുറെ കുടിലുകൾ അങ്ങുമിങ്ങും നിൽക്കുന്നു. അസ്തമനസൂര്യൻെറ ഇളംകതിരുകൾ, ആ ക്രൂരകൾക്കിടയിൽ നിൽക്കുന്ന ഒരു വലിയ കെട്ടിടത്തിൻെറ ധവളഭിത്തിയിൽ അരുണശോഭ പടർത്തി, അവിശ്വസനീയമായ ഒരു അലൗകികസുഷമയുടെ ചൈതന്യമേകിയിരിക്കുന്നു. അതിൻെറ പിൻമുററത്ത് അത്താഴ വിരുന്നിനു് ഒരാൾ ഒരു കാളക്കുട്ടിയെ അറുക്കുകയാണു്.

ഞങ്ങൾ ആ വലിയ വീട്ടിലേക്ക് ചെന്നു. നല്ല ആരോഗ്യമുള്ള ഒരു വൃദ്ധൻ ഞങ്ങളെ സ്വീകരിച്ചു—ജൂവോ കജാൻഗോവാണു്. രാത്രിയിൽ അത്താഴം കഴിക്കുമ്പോൾ, സംസാരത്തിനിടയിൽ ഞാൻ ഒരു മെക്കാനിക്കാണെന്നും, അപ്പാരിഷിയോ അസിസ്റ്റൻറാണെന്നും അറിയിച്ചു; ജൂവോയുമായി അദ്ദേഹത്തിന്റെ കുറേ തയ്യൽ യന്ത്രങ്ങൾ നന്നാക്കുന്നതിൽ ഒരു കരാറുണ്ടാക്കി. അങ്ങനെ കുറെ ദിവസം അവിടെത്തന്നെ കഴിഞ്ഞുകൂടി.

എൻെറ ക്യാമറാ അദ്ദേഹത്തെ അത്യധികം ആകർഷിച്ചു. ചത്ത ഒരു പുള്ളിപ്പുലിയുടെ ചിത്രമെടുക്കാൻ ജൂവോ എന്നെ നിർബ്ബന്ധിച്ചുവെങ്കിലും ജീവനുള്ളതിൻേറതു മാത്രമേ വേണ്ടൂ എന്നു ഞാൻ ഉറപ്പിച്ചു പറഞ്ഞു.

"നിങ്ങൾക്കിതു സാദ്ധ്യമാവില്ല. അങ്ങനെയൊരു കാര്യം ഒരിക്കലും സംഭവിച്ചിട്ടില്ല. ധീരന്മാരായ ചില വേട്ടക്കാർ പുള്ളിപ്പുലിയെ കണ്ടിട്ടുണ്ടെങ്കിലും അതിന്റെ പടമെടുക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല."

ഒരു ദിവസം ജൂവോ എൻെറ മുറിയിലേക്കു വന്നു് ഒരു കാര്യം പറഞ്ഞു: പടിഞ്ഞാറൻ വനങ്ങളിലേക്കു് അദ്ദേഹത്തിൻെറ പുത്രന്മാർ ഒരു നായാട്ടിനു പോകുന്നുണ്ടു്. അവിടെയുള്ള ഒരു പുള്ളിപ്പുലി, ജൂവോയുടെ കന്നുകാലികളെയും മററും നശിപ്പിക്കുന്നതുകൊണ്ടു് അതിനെ ഉടനേ കൊല്ലേണ്ടിയിരിക്കുന്നു. ഞാൻ കൂടെ പോകുമെങ്കിൽ വലിയ കാര്യമായി. ജീവനുള്ളതിനെ ഫോട്ടോ എടുക്കാൻ ഒരവസരവുമായല്ലോ. ഞാൻ സന്തോഷപൂർവ്വം സമ്മതിച്ചു.

ജൂവോയുടെ പുത്രന്മാരായ ജോർജിനും ബർണാർഡോയ്ക്കും സ്ഥലങ്ങളൊക്കെ നല്ല പരിചയമാണു്. ഏതാനും മണിക്കൂർ നേരത്തെ കുതിരസവാരികൊണ്ടു് ഞങ്ങളവിടെ എത്തിച്ചേർന്നു. വേട്ടപ്പട്ടികളുടെ വഴികാട്ടലിനൊത്താണു് സഞ്ചാരം.

നിർദ്ദിഷ്ടസ്ഥലത്തു് കുതിരപ്പുറത്തുതന്നെ യാത്ര ചെയ്യാൻ ശ്രമിച്ചുവെങ്കിലും ഞങ്ങൾ പരാജയപ്പെട്ടു് താഴെയിറങ്ങി നടന്നു തുടങ്ങി. പെട്ടെന്നു് നായ്ക്കൾ ഒരു ഗുഹയുടെ സമീപത്തുചെന്നു് വട്ടം ചുററുന്നതു കണ്ടു.

“കെയ്ത്തിയ്യൂ!” ജോർജ് ആഹ്ലാദപൂർവ്വം വിളിച്ചു പറഞ്ഞു. ഒരു കാട്ടുപന്നിയെന്നർത്ഥം. നല്ല രുചിയുള്ള അതിൻെറ മാംസത്തെക്കുറിച്ചോർത്തു്, ജോർജും ബർണാർഡോവും തോക്കെടുത്തു് വേട്ടയ്ക്കു തയ്യാറായി.

പുള്ളിപ്പുലിയെ അന്വേഷിച്ചു വന്നിട്ടു്, ഒരു കാട്ടുപന്നിയുടെ പിന്നാലെ പായുന്നതിനു് ഒരുങ്ങുന്നതു കണ്ടപ്പോൾ എൻെറ ഉഷാറൊക്കെ തണുത്തുവെങ്കിലും ഗുഹാമുഖത്തു തീക്കുണ്ഡമുണ്ടാക്കുന്നതിനു് ഞാനവരെ സഹായിച്ചു. ഏതാനും നിമിഷത്തിനുള്ളിൽ ദേഹമാകെ രോമങ്ങൾ എഴുന്നു നിൽക്കുന്ന ഒരു കറുത്ത ജന്തു തിയുടെയും

പുകയുടെയും ഇടയിലൂടെ ഭീകരമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പുറത്തു ചാടി. ജോർജ്ജും ഞാനും ഒരേ സമയത്തുതന്നെ വെടി വെച്ചു. പന്നി പന്തുപോലെയുരുണ്ടു.

രാത്രിയിൽ, തീയ്ക്കരികേയിരുന്നു കെസ്റ്റിയുവിൻെറ ഇറച്ചി വേവിച്ചു തിന്നുമ്പോൾ, ബർണാർഡോ പുള്ളിപ്പുലിയെ സംബന്ധിച്ചു ഒരു കഥ പറഞ്ഞു:

ഒരു ദിവസം രാത്രിയിൽ ഈ സ്ഥലത്തിനടുത്തു് ഒരു ഇടയനും മൂന്നു കൂട്ടുകാരും താവളമടിച്ചു. ഇടയനു് ഒരു ഉറക്കസ്സഞ്ചിയും ഒരു കൊതുകുവലയുമുണ്ടു്. പുള്ളിപ്പുലി കൊതുകുവലയിൽ തൊടുകയില്ല. രാത്രി പുള്ളിപ്പുലി തമ്പിലെത്തി. ഇടയൻ ഭയന്നു് ഉറക്കസഞ്ചിക്കകത്തിരുന്നുകൊണ്ടു് കൊതുകുവല വലിച്ചെടുത്തു് മൂടിപ്പുതച്ചു. രാത്രിമുഴുവൻ തൻെറ സ്നേഹിതന്മാർ വേദനയോടെ വാവിട്ടു കരയുന്നതിൻെറയും, എല്ലുകൾ തകന്നു പൊടിയുന്നതിൻെറയും ശബ്ദം കേട്ടുകേട്ടു് നേരം വെളുപ്പിച്ചപ്പോൾ, തമ്പു് ഒരു ചോരക്കളമായി മാറിയിരിക്കുന്നതായിട്ടാണു് രക്ഷപ്പെട്ട ആ മനുഷ്യൻ കണ്ടതു്.

രാത്രിയിൽ ഞാനും ജോർജ്ജും ഇടവിട്ടിടവിട്ടു് കാവലിരുന്നു. ബർണാർഡോയ്ക്കു് അത്ര കഴിവില്ല. അവൻ ചെറുപ്പമാണു്. ഉഷസ്സാകുന്നതിനു് അര മണിക്കൂർ മുമ്പു് ഞാൻ ഇരുവരേയും വിളിച്ചുണത്തി. വിശ്രമസങ്കേതത്തിൽനിന്നും അര മണിക്കൂർ സഞ്ചരിച്ചുകഴിഞ്ഞപ്പോൾ ഒരു വേട്ടപ്പട്ടി ഉറക്കെ കരയ്ക്കാൻ തുടങ്ങി.

ജോർജ്ജ് ആ ഭാഗത്തേക്കു് കുതിരയെ പായിച്ചു. ചെളി ഉറഞ്ഞുകിടക്കുന്ന ആ വനഭൂമിയിലൂടെ ഒരു പുള്ളിപ്പുലി നടന്നുപോയിരിക്കുന്ന പാടുകൾ കാണായി. ഞാൻ നിലത്തിറങ്ങി നോക്കി. കൂത്ത നഖങ്ങൾ മണ്ണിൽ ഒരിഞ്ചു് താഴ്ന്നു പതിഞ്ഞിട്ടുണ്ടു്.

"ആ സത്വം കുതിച്ചു ചാടാനൊരുങ്ങിയതായിരിക്കണം." ജോർജ് പറഞ്ഞു: "അല്ലെങ്കിൽ നഖങ്ങൾ ഇത്ര താഴ്ന്നു പോവുകയില്ല."

ആ അടയാളം കണ്ടു്, യഥാർത്ഥത്തിൽ ഭയവും അത്ഭുതവും മനസ്സിനെ മഥിച്ചു. ഇതുവരെ പുള്ളിപ്പുലിയെക്കുറിച്ചു് ഭാവന ചെയ്തിട്ടേയുള്ളുവെങ്കിലും ബങ്കാൾ കടുവായെപ്പോലെ ഏററവും ക്രൂരനായ ഒരു ഹിംസ്രമൃഗമാണതെന്നു് എനിക്കു് അറിവുണ്ടായിരുന്നു. ഇപ്പോൾ രക്തവും മാംസവുമുള്ള ഒന്നിൻെറ സമീപത്തു ഞാൻ വന്നുപെട്ടിരിക്കുന്നു.

ആലോചിച്ചുനില്ക്കാൻ സമയമില്ല. കുരച്ചുകൊണ്ടു ചാടിയ പട്ടികൾ കാഴ്ചയിൽനിന്നു് മറഞ്ഞിരിക്കുന്നു. പുള്ളിപ്പുലികളുടെ സ്വഭാവത്തെക്കുറിച്ചു് എനിക്കു് യഥാർത്ഥത്തിൽ യാതൊന്നും അറിയുകയില്ല. ജോർജിനും ബർണാർഡോയ്ക്കും എന്തെങ്കിലും കൂടുതൽ അറിയാമോ എന്നു് എനിക്കു് നിശ്ചയവുമില്ല.

കൈയിൽ തോക്കുണ്ടെങ്കിലും ചിത്രമെടുക്കുന്നതിലാണു് എനിക്കു് ആകാംക്ഷ മുന്തി നിൽക്കുന്നതു്. പെട്ടെന്നു് പട്ടികളുടെ കുര വളരെ ക്രൂരമായ ശബ്ദത്തിൽ ക്രമാധികം ഉയർന്നു കേൾക്കായി. ജോർജ് കുതിരപ്പുറത്തുനിന്നിറങ്ങി. പൊക്കം കുറഞ്ഞ ചെടികളെ വകഞ്ഞുമാററി നോക്കിയപ്പോൾ ഏതാനുമടി അകലെ, വയറു പൊട്ടി കുടലും ചോരയും പുറത്തുചാടി വേട്ടനായ്ക്കളിൽ ഒരെണ്ണം ദയനീയമായി നിലത്തു കിടന്നു് നിലവിളിക്കുന്നു. ഞാൻ അതിൻെറ തലയ്ക്കു വെടിവെച്ചു.

വെടികേട്ടു് ജോർജ് ഞെട്ടിത്തിരിഞ്ഞപ്പോൾ, ചത്തുകിടക്കുന്ന നായെക്കണ്ടു് അയ്യാളുടെ മുഖം വിളർച്ചയിൽ മുങ്ങിപ്പോയി. ഞാൻ സംസാരിച്ചുതുടങ്ങവേ,

അയ്യാൾ വനത്തിലേക്ക് എന്തോ ചൂണ്ടിക്കാണിച്ചു. ഞാനെന്തോ കണ്ടു. അനന്തരകാലങ്ങളിൽ നൂറുകണക്കിന് ഇത്തരം കാഴ്ചകൾ കണ്ടിട്ടുണ്ടെങ്കിലും, ഇതു് ഒരിക്കലും മറക്കാനാവാത്ത ഒന്നായിരുന്നു.

വിരലുകൾ നിലത്തൂന്നി, ഇരുപതടി ദൂരെ ഒരു ക്രൂരൻ പുള്ളിപ്പുലി നിൽക്കുന്നു – ആ ഘോരവനാന്തരത്തിലെ മൃഗരാജൻ. ആദ്യത്തെ നോട്ടത്തിൽ മഞ്ഞയും കറുപ്പും നിറങ്ങൾ ഒന്നു മിന്നുന്നതേ കണ്ടുള്ളു. പിന്നെ ഒരു കനത്ത മരക്കൊമ്പിൽ ചാരിനിൽക്കുന്ന ശരീരം കാണാൻ കഴിഞ്ഞു. മഞ്ഞത്തൊലിയിൽ കറുപ്പു കലകളുള്ള സുന്ദരനായ ഒരു ഹിംസ്രമൃഗമാണവൻ. ആ വലിയ ശിരസ്സ് ഞങ്ങളുടെനേരേ തിരിഞ്ഞു. മുഖത്തു് ശാന്തതയും ഊർജ്ജസ്വലതയില്ലായ്മയുമുണ്ടു്. ഉരുണ്ടു് സൂക്ഷ്മതയോടെ തിളങ്ങുന്ന വലിയ കണ്ണുകൾകൊണ്ടു് അസുഖകരമായ ഒരാകാംക്ഷയോടെ അതു് ഞങ്ങളെ നല്ലതുപോലൊന്നു നിരീക്ഷിച്ചു.

ആ ഇമവെട്ടാത്ത മിഴികളിലും കറുത്ത ത്രികോണാകൃതിയിലുള്ള നാസികയിലും ഞാൻ തുറിച്ചുനോക്കി. ഞാൻ കുറച്ചൊന്നു വിയർക്കുന്നുണ്ടു്. ഏതു നിമിഷത്തിലും പുള്ളിപ്പുലി കുതിച്ചുചാടിയേക്കാം; ഞാൻ വെടിവെയ്ക്കുന്നതിനു് തയ്യാറായിരിക്കണം. മിന്നിത്തിളങ്ങുന്ന ആ പൈശാചികനഖങ്ങൾകൊണ്ടു് ഞങ്ങളുടെയും വേട്ടനായ്ക്കളുടെയും ജീവൻ പറിച്ചെടുക്കാൻ അതിനു് വലിയ പ്രയാസമില്ല.

തിരിഞ്ഞു് ജോർജിനെ നോക്കിയപ്പോൾ, ഏതാനമടി അകലെ വെടി വെയ്ക്കുന്നതിനു് തോക്കു തയ്യാറാക്കിവച്ചുകൊണ്ടു് ഭയന്ന മിഴികളോടെ അയ്യാൾ പുള്ളിപ്പുലിയെ തുറിച്ചുനോക്കുന്നതാണു കണ്ടതു്.

"ബർണാർഡോയെ വിളിക്കു." ഞാൻ പതുക്കെ പറഞ്ഞു. "എന്റെ ക്യാമറാ കൊണ്ടുവരാൻ അയ്യാളോടു പറയണം; പുള്ളിപ്പുലി എളുപ്പം പോകുന്ന മട്ടില്ല."

ഒരു നിമിഷത്തേക്കു് അവിശ്വസനീയമായ ഭാവത്തിൽ ജോർജ്ജ് എന്നെ മിഴിച്ചുനോക്കി. അയ്യാൾ പതുക്കെ പുറകിലേക്കു നീങ്ങി. ഞാൻ പുലിയുടെമേൽ ദൃഷ്ടികളുറപ്പിച്ചു നിൽക്കുകയാണു്. അവന്റെ വാൽ മുന്നോട്ടും പിന്നോട്ടും ചലിക്കുന്നുണ്ടു്. ഇടയ്ക്കിടെ അലസമായി വിടവുകളിലൂടെ നോക്കും.

അര മണിക്കൂർ കഴിഞ്ഞാണു് കുററിച്ചെടികൾ ഇളകുന്നതും കുട്ടികൾ രണ്ടുപേരും പൊന്തകൾക്കിടയിലൂടെ കടന്നുവരുന്നതും കണ്ടതു്. ഇപ്പോഴും അവിടെത്തന്നെ ഞാൻ നിൽക്കുന്നതു കണ്ടു് ജോർജ്ജ് അത്ഭുതപ്പെട്ടുവെന്നു് എനിക്കു തോന്നി. നിശ്ശബ്ദനായി, ഞാൻ ബർണാർഡോയുടെ കൈയിൽനിന്നു് ക്യാമറാ വാങ്ങിയിട്ടു് പകരം തോക്കു് അയ്യാൾക്കു കൊടുത്തു.

"അവൻ ചാടുകയാണെങ്കിൽ വെടിവയ്ക്കാൻ ഒരുങ്ങി നിൽക്കണം" ഞാൻ പറഞ്ഞു.

ഇരുവരും ഒരുപോലെ ഭയപ്പെട്ടിരിക്കുകയാണു്. പുലി എന്നെ സ്പർശിക്കുന്നതിനുമുമ്പു് അവർക്കു നിറയൊഴിക്കാൻ കഴിയുമെന്നെനിക്കു് ഉറപ്പുണ്ടു്. എന്തെന്നാൽ രണ്ടുപേർക്കും നല്ലതുപോലെ വെടിവെയ്ക്കാനറിയാമെന്നു് ജൂവോ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. പട്ടികളെ ശ്രദ്ധിച്ചുകൊണ്ടു് അര മണിക്കൂറായി അതു് അവിടെത്തന്നെ നിൽക്കുകയാണു്.

ആ ഹിംസ്രജന്തുവിനെ നല്ലതുപോലെ കാണുന്നതിനുവേണ്ടി ചില മരച്ചില്ലകൾ മുറിച്ചുകളയാമെന്നു് ഞാൻ വിചാരിച്ചു. മരക്കൊമ്പിൽ അള്ളിപ്പിടിച്ചു് സാവധാനം മാത്രം നീങ്ങുകയും, വാലിളക്കുകയും ചെയ്തു

കൊണ്ടു് സമയം പോക്കുന്ന അതിൻെറ നേരേ ക്യാമറാ യുയർത്തി ഞാൻ ചിത്രമെടുത്തു. ക്ലിക്ക് എന്നുള്ള ശബ്ദം കേട്ടപ്പോൾ വേട്ടനായ്ക്കൾ നിശ്ശബ്ദരാവുകയും പുലി എന്നെ ശ്രദ്ധിക്കുകയും ചെയ്തു. ആ വലിയ തല എന്റെ നേരേ നീണ്ടു. ഞാൻ ക്യാമറാ ബർണാർഡോവിൻെറ കൈയിലേല്പിച്ചു.

"തോക്കിങ്ങു തരൂ!" ഞാൻ ധൃതിയിൽ പറഞ്ഞു. ആ ആയുധം എൻെറ കൈയിലെത്തിയ നിമിഷത്തിൽ, പുലി മുന്നോട്ടടുക്കുകയും അന്തരീക്ഷത്തിലൂടെ ഒഴുകുന്നതു പോലെ, യാതൊരു ശ്രമവും കൂടാതെ, നിലത്തു ചാടുകയും ചെയ്തു. ഉടനെ ബർണാർഡോ ഭയന്നു വിളിക്കുന്നതു കേൾക്കാനിടയായി.

വേട്ടനായ്ക്കൾ ആ അക്രമിയുടെനേരേ കുതിച്ചു ചെന്നുവെങ്കിലും പുലി അവററയെ ശ്രദ്ധിക്കുന്നില്ല. കൈത്തലം വായിലമർത്തി കണ്ണുകൾ തുറിപ്പിച്ചു് ഭയന്നു വിറയ്ക്കുന്ന ബർണാർഡോവിൻെറ നേരേയാണു്, അതിന്റെ കണ്ണുകൾ ചെല്ലുന്നതു്.

ആ വലിയ വായ് തുറന്നുകൊണ്ടു് പുലി ജീവനുള്ള മിന്നൽ പോലെ ചാടി. തവിട്ടു നിറമുള്ള ആ തൊണ്ടയ്ക്കുള്ളിലേക്കു് ഞാൻ വെടിവെച്ചു. ബർണാർഡോ നിലത്തു വീഴുന്നതിനിടയിൽ പുലിയുടെ തലയ്ക്കുതന്നെ അടുത്ത ഉണ്ടയും തോക്കിൽനിന്നു് ഞാൻ തെറിപ്പിച്ചു. അതേ നിമിഷത്തിൽത്തന്നെ, ജോർജ്ജും ആ മൃഗരാജൻെറ ശിരസ്സിലേക്കു് വെടി പൊട്ടിക്കുന്നതു് കൺകോണു കൊണ്ടു് എനിക്കു കാണാൻ കഴിഞ്ഞു. വെടിയുണ്ടകൾ ഏററ ആ ക്രൂരജന്തു ഒരു പന്തുപോലെ നിലത്തു കിടന്നു് ഉരുളുന്നതു് കാണായി.

ബർണാർഡോ മുട്ടുകുത്തി നിൽക്കുകയാണു്. ഒരു കൈകൊണ്ടു് അവൻ മുഖം പൊത്തിപ്പിടിച്ചിരിക്കുന്നു.

അവൻെറ ഷർട്ടിൻെറ ഒരുവശം നെടുകേ കീറിയിട്ടുണ്ടു്. പുലിയുടെ നഖങ്ങൾ അവൻെറ മാംസം കാന്നേട്ടുത്തുവെന്നാണു് ഞാൻ കരുതിയതു്. പക്ഷേ, ആദ്യത്തെ വെടിയുണ്ടയേററപ്പോൾതന്നെ അതിൻെറ നഖങ്ങൾ മരവിച്ചുപോയിരുന്നു. കൈത്തലംകൊണ്ടുള്ള അടിയേററു് ബർണാർഡോ വീണുവെങ്കിലും മുറിവേൽക്കുകയുണ്ടായില്ല.

പുലി ചത്തുകഴിഞ്ഞു.

ഞങ്ങൾ ബർണാർഡോയെ പിടിച്ചെഴുന്നേല്പിച്ചു. വിവർണ്ണവദനനായി, അവൻ കിടുകിടെ വിറയ്ക്കുകയാണു്. എങ്കിലും പിന്നീടു് ആ മൃഗത്തിൻെറ തൊലിയുരിക്കുന്നതിനു് അവൻ ഞങ്ങളെ സഹായിച്ചു.

എനിക്കു് ആ വന്യമൃഗത്തോടു് സംഹതാപമുണ്ടായി. കുരയ്ക്കുന്ന പട്ടികളെ ശ്രദ്ധിച്ചുകൊണ്ടു് അര മണിക്കൂർനേരം മരക്കൊമ്പിൽ നിൽക്കുമ്പോൾ അവനു് പൗരുഷേരിക്തമായ ഒരു വ്യക്തിത്വമുണ്ടായിരുന്നുവെന്നു് എനിക്കു തോന്നി: ഇപ്പോൾ അവൻെറ നേരേ ഒരു സൗഹാർദ്ദഭാവം തോന്നുകയാണു്. ക്യാമറായുടെ ക്ലിക്കുശബ്ദം കേൾക്കുന്നതുവരെ അവൻ മുന്നോട്ടു വന്നിരുന്നില്ല; ബർണാർഡോ നിലവിളിക്കുന്നതുവരെ അവൻ കുതിച്ചു ചാടിയതുമില്ല. മാറേറാ ഗ്രോസോയിലെ ഈ പുള്ളിപ്പുലിക്കു് ഒരു ബംഗാൾ കടുവായുടെ വലിപ്പമുണ്ടു്. ഒരു കുന്തമോ തോക്കോ കൂടാതെ, കുതിച്ചുയരുന്ന പുള്ളിപ്പുലിയിൽനിന്നു് ഒരു മനുഷ്യനു് രക്ഷപ്പെടാമെന്നാശിക്കേണ്ട. ഇതിനെ കൊല്ലുമ്പോൾ എനിക്കു് സ്വയം മതിപ്പൊന്നും തോന്നിയില്ല. ഇതിനു ശേഷം ഒരു പുള്ളിപ്പുലിയെ വെടി വെയ്ക്കുമ്പോൾ, ഏതെങ്കിലും തരത്തിലുള്ള വൈകാരികാനന്ദമനുഭവപ്പെട്ടിട്ടുമില്ല. ഈ വനത്തിൽ

കഴിച്ചുകൂട്ടിയ മുപ്പതു വർഷത്തിനിടയിൽ മുന്നൂറോളം ഉഗ്രരായ പുള്ളിപ്പുലികളെ ഞാൻ കൊന്നിട്ടുണ്ട്. അതിൽ മുപ്പതെണ്ണത്തെയാകട്ടെ, ഒരൊററ കുന്തം മാത്രം കൊണ്ടാണ് കുത്തിമലത്തിയിട്ടുള്ളതു്. അവ ക്രൂരത പ്രദർശിപ്പിച്ചിരുന്നുവെങ്കിൽകൂടി എനിക്ക് ഒരിക്കലും വെറുപ്പു നിറഞ്ഞ പ്രതികാരം അവയോടു തോന്നിയിട്ടില്ല. ക്യാമറാ ക്ലിക്കുചെയ്യുമ്പോൾ ലളിതമായ ആകാംക്ഷയോടുകൂടി അതു പ്രദർശിപ്പിച്ച ശ്രദ്ധ, ഈ വനരാജനെ അഗാധമായ ബഹുമാനത്തോടുകൂടി വീക്ഷിക്കാൻ എന്നെ പ്രേരിതനാക്കുകതന്നെ ചെയ്തു.

അടുത്ത രണ്ടാഴ്ചക്കാലം ജൂവോയുടെ പണികളൊക്കെ ചെയ്തുകൊടുത്തശേഷം ഞാനും അപ്പാരിഷിയോവുംകൂടി സാവോ ലാറെൻസോവിലേക്ക് പോകാൻ തീരുമാനിച്ചു. പുലിവേട്ടസമയത്തെ പടമെടുപ്പിനുശേഷം ആത്മസുഹൃത്തുക്കളായി കഴിഞ്ഞിരുന്ന ജോർജ്ജും സഹോദരനും കുറെ ദൂരം അനുഗമിച്ചു്, വേർപിരിയുന്നതിൽ വേദനനിറഞ്ഞ മനസ്സോടെ ഞങ്ങളെ യാത്രയാക്കുകയും വീണ്ടും വരണമെന്നു് നിർബ്ബന്ധിക്കുകയും ചെയ്തു.

സഹോദരനായ ഏണസ്റ്റിനെ കോക്സിമിൽവച്ചു പിരിഞ്ഞിട്ടു് രണ്ടു മാസമായിരിക്കുന്നു. പരസ്പരം ബന്ധപ്പെട്ടു് ആശയവിനിമയം നടത്താൻ ഒരു മാർഗ്ഗവുമിപ്പോഴില്ല. തപാലേർപ്പാടു് ഈ കാടുകളിൽ വിരളമാണല്ലോ. മാസത്തിലൊരിക്കൽ ഏതെങ്കിലും പ്രമാണികളുടെയോ, കൃഷികേന്ദ്രത്തിൻെറയോ ഭൃത്യൻ സമീപനഗരങ്ങളിൽ പോയി അപൂർവ്വം ചില തപാലുരുപ്പടികൾ കൊണ്ടുവരുന്ന പതിവുണ്ടു്.

യഥാർത്ഥത്തിൽ തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൻെറ, ആമസോൺ നദീതടത്തോളം വലിപ്പമുള്ള

നട്ടെല്ലിലൂടെയാണ് ഞങ്ങൾ സഞ്ചരിച്ചിരുന്നത്. കിഴക്ക്, ആമസോണിൻെറ ഉപനദിയായി ഒഴുകുന്ന അരാഗ്വെയുടെ തെക്കേത്തുമ്പും അഞ്ഞൂറു മൈൽ പടിഞ്ഞാറ് പരാഗ്വെയും, തെക്ക് പരാനായുമാണ്. അങ്ങനെ ത്രികോണാകൃതിയിൽ ജലവലയിതമായി, നാലായിരം നാഴിക അകലെ കിടക്കുന്ന അററ്ലാൻറിക്ക് മഹാസമുദ്രത്തിലേക്ക് വെള്ളമൊഴുകിക്കൊണ്ടിരിക്കുന്ന ഒരു കൃത്രിമദ്വീപിലാണ് ഞങ്ങൾ എന്നു പറയാം.

അപ്പാരിഷിയോവിന്റെ അനുഭവവിവരണങ്ങളിൽനിന്ന് കാന്താരലോകത്തെയും അവിടത്തെ പക്ഷിമൃഗാദി വന്യജീവിവർഗ്ഗങ്ങളുടെ ആകൃതിപ്രകൃതികളെയും കുറിച്ച് വളരെയേറെ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. അഞ്ചുകോടി വർഷത്തിനുമപ്പുറത്തോളം നീണ്ടുകിടക്കുന്ന അതിദീർഘമായ ഒരു പാരമ്പര്യം, വംശവളർച്ചയെ സംബന്ധിച്ചേടത്തോളമുള്ള താത്തുബോളിത്താ എന്ന പല്ലില്ലാ ജീവിയെ കാണാൻ കഴിഞ്ഞതു് ഒരു നേട്ടം തന്നെയാണ്. അതു് പന്തുപോലെ ഉരുണ്ടാൽ, ഒരു പുള്ളിപ്പുലിക്കു മാത്രമേ കടിച്ചു പൊട്ടിക്കാൻ കഴിയൂ. വെളുത്ത മുഖവും കൂർത്ത മൂക്കും വലിയ വാലുമുള്ള മറെറാരു വിചിത്രജീവിയാണ് കോത്തി. ആ വലിയ വാല്, രോമാലംകൃതമായ ഒരു വലിയ തൂണുപോലെ കുത്തനെ ഉയർന്നുനില്ക്കും. ഇതിന് രണ്ടുകോടി വർഷത്തെ വംശപാരമ്പര്യമുണ്ട്. കൈത്തലത്തിലൊതുങ്ങുന്ന ഒരുതരം കൊച്ചു കുരങ്ങുണ്ട്. കറുപ്പു നിറമുള്ള ആ വിചിത്രജന്തു ഒരു കോമാളിയെപ്പോലെ മരച്ചില്ലകളിൽ പിടിച്ചു കിടന്നു് ഗോഷ്ടികൾ കാണിക്കും. കുരയ്ക്കുന്ന ഒരുജാതി കുരങ്ങുകളുടെ ശബ്ദം കർണ്ണകഠോരവും അസഹ്യവുമാണ്. സദാ നാദമന്ഥിതമായ കാന്താരഗർഭത്തിൽ, അതുമാത്രമാണ് കൂടുതൽ ഉയർന്നു കേൾക്കുക.

മറേറാ ഗ്രോസോയിലെ വന്യജീവിതത്തിന് വൈവിദ്ധ്യമേകുന്നതു് പക്ഷികളാണ്. എണ്ണിയാലൊടുങ്ങാത്തവിധം, പക്ഷിവർഗ്ഗങ്ങൾ തെക്കേ അമേരിക്കൻ വനങ്ങളിൽ ജീവിക്കുന്നുണ്ട്.

അപ്പാരിഷിയോവിന് ഭൂമിയെക്കുറിച്ച് അമാനുഷികമായ ചില ധാരണകൾതന്നെയില്ലേയെന്നു തോന്നും. കാലെടുത്തുവച്ചാൽ, കഴുത്തററം ചളിയിൽ പുതഞ്ഞുപോരയക്കാവുന്നതും പുല്ലുകൾ മൂടിക്കിടക്കുന്നതുമായ ചതുപ്പു നിലങ്ങളിലൂടെയാണ് സാധാരണയായി യാത്ര. എവിടെയും ചീഞ്ഞഴുകിയ വസ്തുക്കളിൽനിന്ന് അസഹ്യമായ ദുർഗന്ധം പൊട്ടിയൊഴുകുന്നുണ്ട്. എങ്കിലും, അപ്പാരിഷിയോ സമർത്ഥമായിത്തന്നെ വഴി കാട്ടി. രാത്രിയിൽ കൊതുകുകൾ ലക്ഷക്കണക്കിന് ഇളകിപ്പുറപ്പെട്ടു. ആഴമുള്ള ചതുപ്പുനിലങ്ങൾക്കരികിലെ പുൽമേടുകളിൽ, ഇരുട്ടത്തു് തിന്നുകയും ഉറങ്ങുകയും ചെയ്യേണ്ടിവന്നപ്പോൾ ഒരു പുതിയ ലോകത്തു് വീണ്ടും ജനിച്ചതുപോലെയാണു തോന്നിയതു്. എല്ലാ കോണുകളിൽനിന്നും പ്രവഹിക്കുന്ന ഭീകരനിനദത്തിൽ ഞാനലിഞ്ഞുപോവുകയാണ്. ആയിരമായിരം മൈലുകൾ അകലെക്കിടക്കുന്ന വടക്കേ അമേരിക്കയിൽനിന്ന് മാറേറാ ഗ്രോസോയിൽ കുടിയേറിപ്പാർക്കുന്ന രാപ്പാടികളുടെ അപ്രതീക്ഷിതമായുള്ള ഷൂളം വിളിപോലെ നമ്മുടെ ശ്വാസഗതിയെ സ്തംഭിപ്പിക്കുന്ന മറെറാരു വികൃതശബ്ദവും വനങ്ങളിലില്ലതന്നെ. നല്ല സൗന്ദര്യമുള്ള ഈ കൊച്ചു കിളിയുടെ കഴുത്തിലെ അരുണാഭമായ തൂവലുകൾ പവിഴമാലപോലെ പ്രശോഭിക്കും. ഒരു നിമിഷത്തിനുള്ളിൽ അമ്പതറുപതു തവണ ചിറകുകൾ വിതിർത്തുലച്ച് മഞ്ഞയും നീലയും സ്വർണ്ണവും നിറങ്ങൾ കൂട്ടിക്കലർന്ന പ്രകാശരാജികൾ പോലെയാണതു് സഞ്ചരിക്കുക. എങ്കിലും ഈ അതിവേഗത്തിൽ നിന്ന്

അതിന് അപകടങ്ങളൊന്നും സംഭവിക്കാറില്ലതാനും. അതുപോലെതന്നെ വലിപ്പത്തെയപേക്ഷിച്ച് വളരെ കൂടുതൽ മെയ്ക്കരുത്തും സാമർത്ഥ്യവുമുള്ള ഈ അപൂർവ്വ ജീവികൾ, തങ്ങളെക്കാൾ വളരെ വലിയ പറവകളെ ആക്രമിച്ചോടിക്കാൻ വിദഗ്ദ്ധരത്രെ. കൊച്ചു കുരങ്ങുകളെപ്പോലും ഇവററ പരാജയപ്പെടുത്താറുണ്ട്.

ഒരു ദിവസം യാത്രയ്ക്കിടയിൽ, മുകളിലേക്ക് തോക്കുയർത്തി, ഞാൻ ഒരു കോത്തിയെ വെടിവെച്ചു ഇരുപതെണ്ണമാണ് ആ ഒരൊററ വെടിയേററ് നിലത്തു വീണത്. കണ്ടതു വിശ്വസിക്കാനാവാതെ വിസ്മയസ്തബ്ധനായി നിന്നുപോയ എന്നെനോക്കി അപ്പാരിഷിയോ പരിഹാസച്ചിരി മുഴക്കി. അപകടം പ്രത്യക്ഷപ്പെടുമ്പോൾ ചത്തുപോയെന്ന് അഭിനയിക്കാൻ അതിവിദഗ്ദ്ധരാണ് ഈ കോത്തികൾ. നഖങ്ങൾ മുകളിൽ കൊരുത്ത് അവ നിലത്തു കിടന്നുകളയും. ഞാൻ വെടിവെയ്ക്കുമ്പോൾ ഇവ ഒരു മരത്തിൽ ധാരമുണ്ടാക്കുകയായിരുന്നു. അത്ഭുതഭാവം അസ്തമിച്ചപ്പോൾ, ഈ വിധം സംഭവിച്ചത് എനിക്ക് അതിമാനുഷമായ കഴിവുകൾ ഉണ്ടായിട്ടല്ല, ആ വിചിത്ര ജീവികളുടെ സ്വഭാവത്തിലുള്ള പ്രത്യേകതകൊണ്ടാണെന്ന് അയ്യാൾ പറഞ്ഞു.

ആ ഭീകരാരണ്യത്തിന്റെ ഉൾഭാഗത്തേയ്ക്ക് കടന്നപ്പോൾ, പുള്ളിപ്പുലി സഞ്ചരിച്ചിരുന്നതിന്റെ അടയാളങ്ങൾ ധാരാളം കാണാൻ കഴിഞ്ഞു; അരുവിക്കരകളിലെ നനഞ്ഞ മണൽപ്പരപ്പിൽ നിറയെ പുലിനഖങ്ങളുടെ മുദ്രകൾതന്നെ. പക്ഷേ അവ കുറെ പഴയതാണെന്ന് അപ്പാരിഷിയോ പറഞ്ഞു. ഞങ്ങൾ യാത്ര തുടർന്നു.

48907

4325

# കാനനത്തിൻെറ ആത്മശക്തി

നാലു ദിവസത്തിനകം, ജൂവോ പറഞ്ഞിരുന്ന കൃഷികേന്ദ്രങ്ങളിൽ ഞങ്ങളെത്തി. ഏത്തവാഴയാണു് അവിടെ കൂടുതൽ. ഉടമസ്ഥനായ ഡോം ഫെലിസിയാനോ അൽവാരിസ് ഞങ്ങളെ ഹൃദ്യമായി സ്വീകരിച്ചു. അവിടെവച്ചു പരിചയപ്പെടാനിടയായ ചിക്കോ പിൻേറാവിൽനിന്നും ജോവാക്കിം ഗുവാട്ടോവിൻെറ താമസസ്ഥലത്തെപ്പററിയുള്ള വിവരങ്ങൾ കിട്ടിയപ്പോൾ ഞങ്ങൾ അതിവേഗം യാത്ര തുടർന്നു. ഏതാനും ദിവസങ്ങൾക്കു ശേഷം പിൻേറാവിൻെറ സൂചനയിൽ അടങ്ങിയിരുന്ന അടയാളങ്ങൾക്കനുസൃതമായി ഒരു കുടിൽ കണ്ടെത്തി. അതിൽ മനുഷ്യവാസമുള്ള ലക്ഷണമില്ല. മേൽക്കൂര തകർന്നുവീഴാതിരിക്കാൻ, നാലഞ്ചു മരക്കൊമ്പുകൾകൊണ്ടു് അതിനെ താങ്ങി നിറുത്തിയിരിക്കുകയാണു്. ഇലകളും ചുള്ളിക്കമ്പുകളും കൊണ്ടു നിർമ്മിച്ചു് ചെളി പൂശിയ ചുവരുകൾ തകർന്നുകിടക്കുന്നു. തോൽ വിജാഗിരിയിൽ തൂങ്ങിക്കിടക്കുന്ന വാതിലുകൾ പകുതി തുറന്നു നില്പാണു്.

ഭിത്തിയിലുള്ള ഒരു പഴുതിലൂടെ, കുതിരയുടെ കുളമ്പടിശബ്ദം കേട്ടു് ആകാംക്ഷപൂണ്ട രണ്ടു കണ്ണുകൾ തിളങ്ങുന്നതു കാണായി.

ഞാൻ വിളിച്ചു ചോദിച്ചു:

"ജോവോക്കിം ഗുവാട്ടോയുടെ വീടാണോ ഇതു്?"

ഗൃഹനാഥൻ പുറത്തു വന്നു. മെലിഞ്ഞ് തവിട്ടു നിറമുള്ള ഒരു മനുഷ്യൻ. വയസ്സ് നിശ്ചയിക്കാനാവില്ല—അറുപതു കണ്ടേക്കാം. ദേഹം ഇപ്പോഴും മൃദുലവും ആരോഗ്യസമ്പന്നവും തന്നെ. നീലക്കാലുറകളും കാക്കി ഷർട്ടുമാണദ്ദേഹം ധരിച്ചിട്ടുള്ളത്. പാദരക്ഷകളില്ല.

കുടിച്ച് ബോധം പകുതി മറഞ്ഞിരിക്കുന്ന ആ മനുഷ്യനെ കണ്ടപ്പോൾ എനിക്ക് നൈരാശ്യമനുഭവപ്പെട്ടു. തനിക്കുതന്നെ താങ്ങെന്നവണ്ണം വാതിലിൽ ചാരിനിന്നുകൊണ്ട് ഉള്ളിലേയ്ക്ക് ഞങ്ങളെ ക്ഷണിക്കുന്നതിന് ആംഗ്യം കാണിക്കാൻ ജോവാക്കിം കുറേ ബദ്ധപ്പെട്ടു. കുതിരപ്പുറത്തുനിന്നിറങ്ങി ഞങ്ങൾ വീട്ടിലേയ്ക്കു കയറി. തികച്ചും മലീമസമായ ഭവനാന്തർഭാഗം. ആ വൃദ്ധൻ ഒററയ്ക്കാണ് ജീവിക്കുന്നതെന്നുള്ളതിന് അതിന്റെ വലിപ്പം സാക്ഷിയാണ്. രണ്ടുപേർക്ക് അവിടെ കിടക്കുക സാദ്ധ്യമല്ല. ആ കൊച്ചു മുറിയുടെ ഒരു മൂലയിൽ കീറിയ ഉറക്കസ്സഞ്ചിയും ഒരു മദ്യഭരണിയുമുണ്ട്.

"ഞാൻ കേട്ടിട്ടുള്ള പ്രസിദ്ധനായ പുലിവേട്ടക്കാരൻ അങ്ങാണല്ലേ?" ബഹുമാനപുരസ്സരം ഞാൻ ചോദിച്ചു. ആ വൃദ്ധന്റെ കണ്ണുകൾ രത്നസമാനം തിളങ്ങി. ആ മുറിയൊന്നു നല്ലപോലെ പരിശോധിച്ചപ്പോൾ ഒരു ബലമുള്ള ഇരുമ്പു കുന്തം ഇരിക്കുന്നതു കണ്ടു.

അങ്ങു തെക്ക് റയോ ഗ്രാൻഡി ദോസളിലും മററും വിദഗ്ദ്ധനും ധീരനുമായ ഒരു പുലിവേട്ടക്കാരനെന്ന നിലയിൽ ജോവാക്കിം പ്രസിദ്ധനാണെന്നും അതുകൊണ്ടാണ് ഞാൻ ആയാളെ കാണുന്നതിനു വന്നതെന്നും പറഞ്ഞപ്പോൾ ആ വൃദ്ധന്റെ കണ്ണുകൾ നനഞ്ഞു.

"ഡ്രഗാവോ!" ജോവാക്കിം പുറത്തിറങ്ങി വിളിച്ചു. എങ്ങുനിന്നോ ഒരു വേട്ടനായ് പാഞ്ഞുവന്ന് ആയാളുടെ കാലുകളിൽ സ്നേഹപൂർവ്വം മുഖമുരുമ്മി.

“സാമേവാ ലാറെൻസോവിലെ ഏററവും വലിയ വേട്ടക്കാരനാണിവൻ.” ആഹ്ലാദം തുടിച്ചുനില്ക്കുന്ന ശബ്ദത്തിൽ പറഞ്ഞുകൊണ്ടയാൾ ആ നായയെ വാത്സല്യപൂർവ്വം ചുംബിച്ചു.

“അവർ എൻെറ പ്രിയപ്പെട്ട നായയെ വിലയ്ക്കു വാങ്ങാൻ ശ്രമിച്ചു.” വൃദ്ധൻ പറഞ്ഞു “ആറു സ്വർണ്ണത്തുട്ടു തരാമെന്നു സമ്മതിച്ചാലും ഞാൻ കൊടുക്കുകില്ല.” ആയാൾ എൻെറ മുഖത്ത് ഉററുനോക്കി. “ഞാനും ഡ്റഗോവായുമൊത്ത് വേട്ടയാടണമെന്ന് അങ്ങാഗ്രഹിക്കുന്നുണ്ടോ? എങ്കിൽ നാളെ രാവിലെ നമുക്കു പോകാം.”

അല്പസമയത്തിനുശേഷം വൃദ്ധൻ കുടിലിലേക്ക് കയറി. ഞാനും അപ്പാരിഷിയോവും സാസസ്ഥലത്തേയ്ക്കു തിരിച്ചു. അടുത്ത ദിവസം ഉദയത്തിന് ഒരു മണിക്കൂർ മുമ്പ് എൻെറ പാർപ്പിടത്തിൻെറ വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. കതകു തുറന്നു നോക്കുമ്പോൾ, അർദ്ധനഗ്നനായി നീലക്കാലുറകളും ക്രൂററൻ ബൂട്ട്സുമണിഞ്ഞ്, വെട്ടിത്തിളങ്ങുന്ന മിഴികളോടുകൂടി ശാന്തവദനനായ ജോവാക്കിം നില്ക്കുന്നതു കണ്ടു.

സാധാരണയായി വേട്ടക്കാർ കുതിരപ്പുറത്താണ് ഇറങ്ങിത്തിരിക്കുക. കുടിലിൽനിന്നു ഞാൻ പുറത്തിറങ്ങുമ്പോൾ ഇരുളിലൂടെ പ്രത്യക്ഷപ്പെട്ട ജോവാക്കിം പറഞ്ഞു: “നമുക്കു നടക്കാം” ഞങ്ങൾ നടന്നു. അപ്പാരിഷിയോവിനെ ഉണർത്തി ശല്യപ്പെടുത്തിയില്ല.

ചെമന്ന ആകാശത്തിനു കീഴിൽ നമ്മെ വിസ്മയസ്തബ്ധരാക്കുന്ന ഭീകരതയുടെയും സൗന്ദര്യത്തിൻെറയും സങ്കരഭാവങ്ങളണിഞ്ഞു നിൽക്കുന്ന വനമദ്ധ്യത്തിലൂടെ ഞങ്ങൾ യാത്ര തുടർന്നു. പച്ചച്ചുനില്ക്കുന്ന വല്ലികളെയും ചെറിയ മരങ്ങളെയും വകഞ്ഞുമാററി മുന്നോട്ടു കുതിക്കുന്ന ജോവാക്കിമിന്റെ പിൻപുറം മാത്രമേ തവിട്ടുനിറത്തിൽ

ഇടയ്ക്കിടെ കാണാനാവുന്നുള്ളു. പെട്ടെന്ന് ചെളിയടഞ്ഞു കിടക്കുന്ന ഒരു ഗുഹയ്ക്കരികിൽ വൃദ്ധൻ എന്തോ ചൂണ്ടിക്കാണിച്ചു:

"സൂക്ക വരാനാ!"

ഒരു വന്യമൃഗമാണത്. പുലിയുടെ പാദമുദ്രയെക്കാൾ ചെറുതാണ് അതു നടന്നുപോകുന്നിടത്ത് വീഴുന്ന അടയാളങ്ങൾ. ഞങ്ങൾ മുന്നോട്ടു കുതിച്ചു. ഡ്റഗാവോ അവിടൊക്കെ മണത്തു നോക്കിയതിൽപ്പിന്നെ, കുററിച്ചെടികൾക്കിടയിലേയ്ക്കു ചാടി. ജോവാക്കിം നായയെ അനുഗമിച്ചു. തിങ്ങിഞെരുങ്ങി നിൽക്കുന്ന ഹരിതപത്രങ്ങളുടെ ഇരുണ്ട ഛായകളിലൂടെ, പ്രഭാതസൂര്യന്റെ സുവർണ്ണാസ്ത്രങ്ങളേററ് വരിവരിയായി നിൽക്കുന്ന മരങ്ങൾ കടന്ന്, അരൂപിയെപ്പോലെ ആ വൃദ്ധൻ സഞ്ചരിക്കുന്നതു കണ്ടപ്പോൾ ആ ദൃഢശരീരത്തിൽ ഉരുക്കു സ്പ്രിങ്ങുകളുണ്ടെന്നു തോന്നി.

ഒരു തവണ ജോവാക്കിം എന്നെ കാത്തു നിന്നു. ഡ്റഗാവോവിന്റെ ചെമപ്പുനിറം ഒരിടത്തുനിന്നു മറെറാരിടത്തേക്ക് മിന്നിപ്പായുന്നത് അദ്ദേഹം എനിയ്ക്കു കാണിച്ചുതന്നു. ഞാൻ ക്യാമറാ ശരിപ്പെടുത്തി; ശ്വാസകോശത്തിലേക്ക് ശ്രമപ്പെട്ടു വായു വലിച്ചെടുക്കുമ്പോൾ തീജ്വാലകൾ കടന്നുപോകുന്നുവെന്നു തോന്നി. ഉജ്ജ്വലമായ വീര്യത്തോടെ, ഒരു കൂററൻ ലപ്പാചോ വൃക്ഷത്തിന്റെ ചുവട്ടിൽ നിലയുറപ്പിച്ചിരിക്കുന്ന ഡ്റഗാവോയെ ഞങ്ങൾ സമീപിച്ചപ്പോൾ ആ വന്യമൃഗം മരക്കൊമ്പിൽ നിൽക്കുന്നതു കാണായി. പുലിപോലുള്ള ഒരു ജന്തു.

ഞാൻ ക്യാമറാ ഉയർത്തി. എന്താണു താമസമെന്നന്വേഷിക്കുംമട്ടിൽ, വേട്ടനായ് കൂടെക്കൂടെ തലതിരിച്ചു നോക്കുന്നു. കുന്തം നിവർത്തിപ്പിടിച്ച് ജോവാക്കിം ഒരു വശത്തേക്ക് മാറിനില്ക്കുന്നു. "ആയാൾ വേട്ട നടത്തു

മ്പോൾ ഭയമെന്തെന്നറിയാറേയില്ല.” ജോവാക്കിമിനെ കുറിച്ച് ചിക്കോ പിന്റേറാ പറഞ്ഞ വാക്കുകൾ ഞാൻ അനുസ്മരിച്ചു. ആയാളുടെ മുഖത്ത് ഒരു വേട്ടക്കാരന്റെ മഹത്വം വിളിച്ചറിയിക്കുന്ന ധീരതയുടേയും മനഃസാന്നിദ്ധ്യത്തിന്റേയും ദൃഢവിശ്വാസത്തിന്റേയും ഔജ്ജ്വല്യം വ്യക്തമായിക്കാണാം.

ഞാൻ ചിത്രമെടുത്തു. ജോവാക്കിം അതു മനസ്സിലാക്കിയിട്ട് എന്റെ കൈയിലിരുന്ന തോക്കിൽ ചൂണ്ടിക്കാണിച്ചു. ഞാൻതന്നെ വെടി വെയ്ക്കണമെന്നാണു പറയുന്നത്. ഞാൻ മുകളിലേയ്ക്കു തോക്കുയർത്തിയതും, നിലത്തുനിന്ന് ഏതാനുമടി ഉയരത്തിൽ നില്ക്കുന്ന ഒരു മരക്കൊമ്പിലേയ്ക്ക് മൃഗം വില്ലുപോലെ വളഞ്ഞു് ചാടിയിറങ്ങിയതും നിമിഷത്തിനുള്ളിൽ ആയിരുന്നു. ഞാൻ വീണ്ടും തോക്കുയർത്തി. അതു് എന്റെ നേരേ ചാടാനായുകയാണ്. ഒരു നിമിഷം.... വെടി പൊട്ടി. ചങ്കിൽത്തന്നെ ഉണ്ട തറച്ചു.

നിലത്തുവീണു പ്രാണൻ പൊയ്ക്കൊണ്ടിരിക്കുമ്പോഴും, അതു് എന്റെ നേരേ കുതിച്ചുചാടി. ജോവാക്കിമിന്റെ കുന്തം വായുവിലൂടെ തുളച്ചുവന്നു്, ചാടിവരുന്ന മൃഗത്തിന്റെ കണ്ഠസ്ഥലത്തേയ്ക്കു പാഞ്ഞു. അതേ നിമിഷത്തിൽത്തന്നെ ഡ്റഗാവോ അതിന്റെ കഴുത്തിൽ പിടിക്കാൻ കുതിച്ചു.

കുന്തവും നായും മൃഗവും അന്തരീക്ഷത്തിൽവച്ച് സന്ധിച്ചു. ഡ്റഗാവോവിന്റെ കഴുത്തിലൂടെ തുരന്നു കയറി മൃഗത്തിന്റെ തോൾപ്പുറത്ത് അതമർന്നുറച്ചു. നിലത്തു വീണയുടനെ ആ വന്യമൃഗത്തിന്റെ അവസാനശ്വാസവും തീർന്നു. ഡ്റഗാവോയും നിർവ്വാണമടയുകയാണ്. ജോവാക്കിം കുന്തം പതുക്കെ താഴ്ത്തി. അതു് ഇപ്പോഴും മൃഗത്തിന്റെ പുറത്തുതന്നെ തറച്ചിരിക്കുന്നു. ഒരു വാക്കുപോലുമുച്ചരിക്കാതെ, ഒരു നിമിഷംപോലും

കരയാതെ, സ്നേഹധനനായ വൃദ്ധൻ മുട്ടുകുത്തിനിന്ന്, മരിച്ചുകൊണ്ടിരിക്കുന്ന നായുടെ ശിരസ്സ് കൈകളിൽ താങ്ങി. അദ്ദേഹത്തിൻെറ മുഖത്തെ ഉജ്ജ്വലഭാവം കണ്ടപ്പോൾ എൻെറ മനസ്സ് നൊമ്പരംകൊണ്ടു പിടഞ്ഞു.

ഏതാനും മിനിട്ടുകൂടെ ജോവാക്കിം നായുടെ ശിരസ്സ് തലോടുകയും എന്തോ പിറുപിറുക്കുകയും ചെയ്തുകൊണ്ട് അവിടെത്തന്നെയിരുന്നു. അദ്ദേഹം എന്നെ നോക്കി. വേദന ആ കറുത്ത കണ്ണുകളിൽ നിഴൽ പടർത്തിയിരുന്നു. പ്രാണൻ പിരിഞ്ഞുകഴിഞ്ഞ ആ നായുടെ പുറത്തു വൃദ്ധൻ ശിരസ്സമർത്തി. നിർഭാഗ്യവാനായ ആ ദുഃഖിതനെ ഏകനായി അവിടെ വിട്ടിട്ട് ഞാൻ വാസസ്ഥലത്തേക്കു തിരിച്ചു.

പിറേറദിവസം രണ്ടു വേട്ടപ്പട്ടികളുമായി അദ്ദേഹം എൻെറ കുടിലിലെത്തി. ഒന്നു വലുതും ഒന്നു ചെറുതും. ചെറുത് മഹാ വീരൻ ആണെന്നു ജോവാക്കിം എന്നെ അറിയിച്ചു. അവനെ ഞാൻ പരിചയപ്പെടേണ്ടതു് അവനുമായി വേട്ടയാടാൻ ആവശ്യമാണെന്നാണ് ആ ഗുരുനാഥൻെറ അഭിപ്രായം.

ആ വൃദ്ധഹൃദയത്തിൻെറ സ്നേഹമാധുര്യം എന്നെ വികാരഭരിതനും മൂകനുമാക്കി. ചെറിയ പട്ടിയുടെ നെഞ്ച് ഞാൻ തടവിനോക്കി. എല്ലുകൾ ബലമേറിയതാണ്. മാംസപേശികൾ കട്ടിത്ത റബ്ബർ പോലിരിക്കുന്നു.

"ഞാൻ ഇവനെ എടുക്കാം." അത്രയും പറഞ്ഞുകൊണ്ട് വീട്ടിൽ കയറി ഒരു വിഞ്ചെസ്റ്റർ തോക്കെടുത്ത് ഞാൻ ജോവാക്കിമിന് വച്ചുനീട്ടി. "എൻെറ കൈയിലുള്ളതിൽ ഏററവും നല്ല തോക്കാണിതു്. അങ്ങയ്ക്കു് ഒരു തോക്കാവശ്യമില്ല; എങ്കിലും ഇതിരിക്കട്ടെ." ഞാൻ പറഞ്ഞു. ജോവക്കിം തല കുലുക്കി "കൊച്ചു പട്ടിയുടെ പേര് വലെൻറി എന്നാണ്" അദ്ദേഹം പറഞ്ഞു.

പിന്നീട് സിഞ്ഞോർ പിന്റേറാ എന്നെ അറിയിച്ചു: "സീമെൽ, ആയാളുടെ സ്നേഹം സമ്പാദിച്ചിരിക്കുന്നു. ഞാൻ വിലയ്ക്കു ചോദിച്ചിട്ടുപോലും ആയാൾ ആ പട്ടിയെ എനിക്കു തന്നില്ല."

ജോവാക്കിം പിന്നെ കുറേ നാളത്തേക്ക് വേട്ടയാടുകയില്ലെന്ന് എന്നോടു പറഞ്ഞു. ഞാൻ നിർബ്ബന്ധിച്ചതുമില്ല.

ഡോം കാർലോസിന്റെ വർണ്ണോജ്ജ്വലസ്വപ്നം നിറവേറിയതു് യഥാർത്ഥത്തിൽ ഞാൻ കണ്ടുകഴിഞ്ഞിരിക്കുന്നു. ജോവാക്കിം ഒരു പുള്ളിപ്പുലിയെ വധിക്കുന്നതു് ഞാൻ കണ്ടില്ല. എങ്കിലും സംക്കുവരാനയെ കൊന്നതു്, ഒരു കുന്തം മാത്രം കൊണ്ടു് ഏതു ഹിംസ്രജന്തുവിന്റെയും ജീവൻ അപഹരിക്കാൻ അദ്ദേഹത്തിനു ശക്തിയും വൈദഗ്ദ്ധ്യവുമുണ്ടെന്നു് എന്നെ ബോദ്ധ്യപ്പെടുത്തി. അതെ, കാനനലോകങ്ങളുടെ ആത്മശക്തിയാണാ മനുഷ്യൻ.

## രത്നങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം

ഏതാനും ആഴ്ചകൾക്കകം, പിൻേറായുടെ പഞ്ചസാരമില്ലിലെ ചില യന്ത്രങ്ങൾക്കുണ്ടായിരുന്ന കേടുപാടുകൾ തീർത്തുകൊടുക്കാൻ സാധിച്ചു. അതോടെ, ഏണസ്റ്റ് കുയബായിലുണ്ടെന്നുള്ള വിവരവും ലഭിച്ചു. വടക്കോട്ടു പോകുന്നതിനെക്കുറിച്ച് ഞാൻ അപ്പാരിഷിയോവോടു പറഞ്ഞപ്പോൾ ആ ഉന്നതകായൻ അലസമായി പുഞ്ചിരിതൂകി. ആയാളുടെ കറുത്ത കണ്ണുകളിൽ വിസമ്മതഭാവം തെളിഞ്ഞുകണ്ടു.

"നിങ്ങൾക്ക് മറവുദ്ദേശമൊന്നുമില്ലെങ്കിൽ മതി." ഞാൻ ആയാളോടു പറഞ്ഞു.

പിൻേറായുടെ, വിധവയായ വീട്ടുസൂക്ഷിപ്പുകാരിക്ക് ഒരു മകളുണ്ട്. മേരിയിഞ്ഞാ എന്നാണവളുടെ പേരു്. സ്ത്രൈണമായ മുഴുവൻ വശ്യതകളും കരിമിഴികളുമുള്ള ആ കൊച്ചുസുന്ദരി, യൗവനത്തിൻെറ മാധുര്യം മനസ്സിലാക്കാൻ സ്വയം കഴിവുണ്ടാകുന്ന പ്രായത്തിലേയ്ക്കു കടക്കുന്നതേയുള്ളു.

അപ്പാരിഷിയോയുടെ മുഖത്തു് ഇരുൾ പടൎന്നു. അതു കോപമാണോ നൈരാശ്യമാണോ എന്നു് ആദ്യനോട്ടത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ആയാൾ പറഞ്ഞു: "ബ്രസീലിൽ ഞങ്ങളുടെയിടയിൽ ഒരു പഴമൊഴിയുണ്ട്. വീഴാൻ സമയമാവാതെ കരിമ്പച്ചയായി നിൽക്കുന്ന കായ് പറിക്കരുത്; നിലത്തുവീണ തൊടുക്കരുത്; അടർന്നുപോവാൻ തയ്യാറായി നിൽക്കുന്നതാണ് ശരിക്കു പാകമായ കനി."

ഞാൻ സുഹൃത്തിന്റെ അഭിപ്രായത്തോടു യോജിച്ചു.

"പക്ഷേ അവൾ അടർന്നുപോവാൻ തയ്യാറായി നിൽക്കുകയാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ?" ഞാൻ ആരാഞ്ഞു.

"അവൾക്കു പതിനഞ്ചു വയസ്സേയുള്ളൂ." ആയാൾ പറയുകയാണ്. "ഒരു വർഷം കൂടി കഴിയട്ടെ, അവൾ പാകമാകും. അപ്പോൾ, ആർക്കറിയാം? ഒരുപക്ഷേ ഞാൻ വീണ്ടും ഇവിടെ വന്നുവെന്നു വരാം."

ചിക്കോ പിന്റോയോടും കുടുംബാംഗങ്ങളോടും നന്ദി പറഞ്ഞു് ഞാനും അപ്പാരിഷിയോവും വടക്കോട്ടു യാത്ര തിരിച്ചു. മഞ്ഞുകാലം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു; അർജൻറീനായിൽനിന്നു മുഴങ്ങിവീശുന്ന തെക്കുപടിഞ്ഞാറൻ കാററു് ബ്രസീലിയൻ വനങ്ങളെ വിറപ്പിച്ചുകൊണ്ടു് ആമസോൺനദിയുടെ ഉപരിമേഖലകളിലേക്കു് പ്രവഹിക്കുകയാണ്. മാറേറാ ഗ്രോസോവിൽ വലിയ തണുപ്പില്ലെങ്കിലും ചില ഭാഗങ്ങളിലുഗ്രമായ ശൈത്യമനുഭവപ്പെടാറുണ്ടു്. വെള്ളപ്പൊക്കത്തിൽ ചത്തുതുലഞ്ഞു് ചതുപ്പുനിലങ്ങളിൽ കിടന്നു് അഴുകി നശിക്കുന്ന മീനുകളുടെ ദുർഗ്ഗന്ധം അന്തരീക്ഷവായുവിനെ അസഹ്യമാം വിധം മലീമസമാക്കുന്നു. ഞാൻ ഇരുപതു കൊല്ലങ്ങളോളം ആവാസകേന്ദ്രമാക്കിയ ഈ ചതുപ്പുനിലം പരാഗ്വേയുടെ അഞ്ചു് ഉപശാഖകൾ സൃഷ്ടിച്ച ഒരു വിചിത്ര ലോകമാണ്. ഉഷ്ണകാലത്തു് മഴ പെയ്യുമ്പോൾ വെള്ളപ്പൊക്കമുണ്ടായി ആയിരക്കണക്കിനു മൃഗങ്ങളും കുറേ മനുഷ്യരും

പ്രതിവർഷം ചത്തു തുലയും. യുഗങ്ങളായി സംസ്കാരം എത്തിനോക്കാത്ത, ദുർഗ്ഗമവും സമ്പൽശൂന്യവുമായ ഈ പ്രദേശത്തും പ്രകൃതിയുടെ പരിവർത്തനപ്രക്രിയകൾ സ്വാഭാവികമായി നടക്കുന്നുണ്ടു്.

ഉഷ്ണകാലമടുത്തപ്പോൾ, മാറേറാ ഗ്രോസോ സംസ്ഥാനത്തിൻെറ തലസ്ഥാനമായ കുയബായിൽ ഞങ്ങളെത്തി. മാറേറാ ഗ്രോസോവിലെ മറേറതു് പട്ടണത്തിലെയും പോലെ അവിടെയും നദിക്കരയിലുടനീളം ചെളികൊണ്ടു നിർമ്മിച്ച കൊച്ചുവീടുകൾ ധാരാളമുണ്ടു്. രത്നമലകളിലേക്കു പോയി, മാസങ്ങളോളം താമസിച്ചു്, തിളങ്ങുന്ന കല്ലുകൾ ശേഖരിച്ചുകൊണ്ടു വരുന്ന സഞ്ചാരവ്യാപാരികളുടെ സംഗമസ്ഥാനംകൂടിയാണു് ഈ കൊച്ചുനഗരം.

വടക്കേ അമേരിക്കയിലെ സ്വർണ്ണഖനികൾ പോലെയാണു് ഇവിടത്തെ രത്നസാമ്രാജ്യങ്ങൾ. ഒരു നൂററാണ്ടുമുമ്പായിരുന്നു ബ്രസീലിയൻ രത്നങ്ങൾ കണ്ടുപിടിക്കപ്പെട്ടതു്. അതിനുശേഷം ആഫ്രിക്കൻ രത്നങ്ങൾ ലോകകമ്പോളങ്ങളിലേക്കു് പ്രവഹിക്കുന്നതുവരെ ഇവയ്ക്കു നല്ല വിലയായിരുന്നു. പക്ഷേ ആഫ്റിക്കയിലെയും ഇൻഡ്യയിലെയും രത്നങ്ങളോടു തുല്യമായ മഹത്വമുണ്ടെങ്കിലും അവയെക്കാൾ ചെറുതാണെന്നതുകൊണ്ടു് 'വിലകുറഞ്ഞ കല്ലു'കളായി ഇവ പുറന്തള്ളപ്പെട്ടു. ഒറിനോക്കോ മുതൽ പാററഗോണിയാവരെ ഈ രത്നവയലുകൾ അജ്ഞാതമായി കിടപ്പുണ്ടെങ്കിൽക്കൂടി മാറേറാ ഗ്രോസോയ്ക്കാണു് ഇക്കാര്യത്തിൽ പ്രശസ്തി കൂടുതൽ. പുൽമേടുകളിലും നദീതടങ്ങളിലും ദുർഗ്ഗമസങ്കേതങ്ങൾ കടന്നുചെന്നു രത്നം കുഴിച്ചെടുക്കുന്നതിനു ശ്രമിക്കുന്ന മനുഷ്യർ അനുഭവിക്കേണ്ട പ്രയാസം കുറച്ചൊന്നുമല്ല. ഇവരെ ഗരിംപീറോസ് എന്നു ബ്രസീലിയൻഭാഷയിൽ വിളിക്കുന്നു. അലാസ്കൻ ഭാഷയിൽ സൗർഡഫ് എന്നാണിവരറിയപ്പെടുന്നതു്.

കാലിഫോർണിയായിലും അലാസ്കായിലും സ്വർണ്ണം ശേഖരിക്കുന്നതുപോലെതന്നെയാണ് ബ്രസീലിൽ രത്നം കണ്ടെടുക്കുന്നത്. സരിൽപ്രവാഹങ്ങളുടെ വക്കിലുള്ള മണൽത്തട്ടിൽ നിന്നു കുഴിച്ചെടുക്കുന്ന ചരലും ചെളിയും ഒരു ഇരുമ്പരിപ്പയിലൂടെ കടത്തിവിടുമ്പോൾ അടിഞ്ഞു കിട്ടുന്ന അവശിഷ്ടങ്ങൾ ഭദ്രമായി ശേഖരിക്കപ്പെടുന്നു. പിന്നെ, മണ്ണും ചെളിയും വെള്ളവും കടഞ്ഞു വേർതിരിക്കുന്നതിനു സഹായിക്കുന്നതും ഗാമെലെയ്റാ തടികൊണ്ടുണ്ടാക്കിയതുമായ ഒരു പാത്രത്തിലേക്ക് ഈ അവശേഷിപ്പുകൾ അരിച്ചിടുകയായി. കൈവിരലുകൾകൊണ്ടു മണ്ണു ഞെരടിത്തിരിച്ച് ഒരുക്ക കടുപ്പമുള്ള ചെറിയ ചരലുകൾ പാത്രത്തിൽ തിങ്ങിയുറയുന്നതുവരെ സാവധാനം ചെളിവെള്ളം ഊററിക്കളയും. ഈ ചരലുകൾക്കിടയിലാണ് ചിലപ്പോൾ രത്നം ഉണ്ടാവുക. ഈ രീതി അതിമാത്രം പ്രയോജനകരമോ കാര്യക്ഷമമായ ഉല്പാദനത്തിനു സഹായിക്കുന്നതോ അല്ല. എന്നു മാത്രമല്ല, കഠിനമായ അദ്ധ്വാനവും ഇതിനാവശ്യമുണ്ട്. ഇങ്ങനെ പകൽ മുഴുവൻ കഷ്ടപ്പെട്ടതിനുശേഷം രാത്രിയിൽ ഈ രത്നംകുഴിപ്പുകാർ ചൂതുകളി നടത്തും. ചൂതുകളിക്കാരും വേശ്യകളും തെരഞ്ഞെടുക്കാത്ത കല്ലുകൾ അടുത്ത ദിവസം സ്റ്റോർകീപ്പർ ശേഖരിച്ചുകൊള്ളും. ഏതാനും രത്നംകുഴിപ്പുകാർ മാത്രമേ എന്തെങ്കിലും നേട്ടവുമായി ഇവിടം വിടാറുള്ളു. കമ്പാഞ്ചിറോസ് എന്നറിയപ്പെടുന്ന കുറെ ചൂതുകളിക്കാരും വേശ്യകളും അവരെ ചൂഷണം ചെയ്യുകയാണ്.

രത്നശേഖരണകേന്ദ്രങ്ങൾ തിരക്കേറിയ പട്ടണം പോലെയാണ്. ആളുകൾ വളരെക്കുറച്ചേ ഉണ്ടാവൂ. നദീതീരത്ത് മൺക്കൂനകൾപോലെ ചെറിയ കുടിലുകൾ നിരയായി നിൽക്കുന്നതു കാണാം. ഒരു അരുവിയുടെ തീരത്ത് കുറച്ചു കാലത്തേക്കേ രത്നം കണ്ടെടുക്കാൻ കഴിയൂ.

പിന്നെ മറെറാരിടം അന്വേഷിക്കും. പുതിയ ഒരു കേന്ദ്രം ദൃഷ്ടിയിൽ പെട്ടാൽ കണ്ണടച്ചുതുറക്കുംമുമ്പ് എല്ലാവരും അങ്ങോട്ടു പാഞ്ഞുകഴിയും. പഴയ നഗരം അതോടെ നാമാവശേഷമാകും.

അരാഗ്വെ നദിയിൽ ലയിക്കുന്ന റയോ ഡാസ് ഗാർക്കാസ് ഉപനദിയുടെ കരയിലുള്ള അറിയാ പട്ടണത്തിൽ 1922-ൽ ഏണസ്റ്റും അപ്പാരിഷിയോവും ഞാനും ചെന്നുചേർന്നു. അതു് വസന്തകാലമായിരുന്നു.

പകൽസമയത്തു് ഇടവിട്ടിടവിട്ട് വെടിയൊച്ച കേൾക്കാം—ഒരു രത്നം കണ്ടെത്തിയെന്നതിന്റെ സൂചനയാവാം. അവിടത്തെ നീതിന്യായം ജനങ്ങളുടെ ക്രൂട്ടായ ചുമതലയാണ്. അഭിമാനകരമായ ഒരു തക്കത്തിൽ ഒരു മനുഷ്യനെ കൊന്നാൽ, ആ കുററം പൊറുക്കപ്പെട്ടും—പ്രത്യേകിച്ച് ദ്വന്ദ്വയുദ്ധം കേമമാണെങ്കിൽ. ഒരാളെ അന്യായമായി ഉപദ്രവിക്കുകയോ, മോഷ്ടിക്കുകയോ ചെയ്താൽ മരണമാണു ശിക്ഷ. ഇതായിരുന്നു രത്നനഗരങ്ങളുടെ പ്രവർത്തനശീലം. ഈ പരുക്കൻ നിയമം വളരെ യേറെ പ്രയോജനകരമായാണ് അനുഭവപ്പെട്ടതു്. മോഷണത്തെ സംബന്ധിച്ച് അവിടെ കേട്ടുകേൾവിയില്ലായിരുന്നു. മാന്യമായ തക്കങ്ങളിൽ കൊല അപൂർവ്വമായി മാത്രം സംഭവിച്ചിരുന്നു.

അറിയായിലെ പ്രധാന പൗരനായിരുന്നു ജോവാക്കിം റെയ്സ്-റെഡ് ഇന്ത്യനും ബ്രസീലിയനും രക്തങ്ങളുടെ സങ്കരം; കൂടാതെ പൂർവ്വപിതാക്കളായ മററു വർഗ്ഗങ്ങളുടെയും മിശ്രിതം. അറിയായിലെ 'മേയർ' എന്നദ്ദേഹം അറിയപ്പെട്ടു. നീതിന്യായനടപടികളെല്ലാം അദ്ദേഹത്തിന്റെ ചുമതലയായിരുന്നു. ഒരു സ്ത്രീയുടെ മേൽ അദ്ദേഹം നടത്തിയ വിധിയാണ് എന്റെ ആദ്യത്തെ അനുഭവം. പണത്തെക്കും സംബന്ധിച്ച് അവർ

തൻെറ 'രക്ഷക'ന്റെ തല ഒരു കോടാലികൊണ്ടു് വെട്ടിപ്പൊളിച്ചുകളഞ്ഞു.

റെയ്സ് എന്നെക്കൂടി ജൂറിയിൽ ഉൾപ്പെടുത്തി. വിസ്താരം പരസ്യമായി നടന്നു. പ്രതി മദ്ധ്യവയസ്കയാണു്; മുമ്പു് അവൾ സുന്ദരിയായിരുന്നുവെന്നു് ഇപ്പോൾ കണ്ടാലറിയാം.

റെയ്സ് ചോദിച്ചു:

"ആ മനുഷ്യനെ നീ കൊന്നോ?"

അവൾ തല കുലുക്കി.

"എന്തിനാണയാളെ നീ കൊന്നതു്?"

അവൾ കറുത്തു് മെലിഞ്ഞ ഒരു കൈ ഉയർത്തി. പിന്നെ കീഴടങ്ങുന്നതുപോലെ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് അതു താഴ്ത്തിയിട്ടു. തന്റെ ശിക്ഷയെന്താണെന്നവൾക്കു മനസ്സിലായിരിക്കുന്നു.

"ആയാൾ മരിയായുടെ കൂടെ താമസിച്ചു." അവൾ ഒടുവിൽ പറഞ്ഞു. പൊട്ടിക്കരഞ്ഞുകൊണ്ടവൾ പ്രഖ്യാപിച്ചു: "ഇനിയും ആയാളെ കാണാൻ കഴിഞ്ഞാൽ ഞാൻ കൊല്ലും."

റെയ്സ് കൈയുയർത്തി. കേസ് തീർന്നുവെന്നാണതിൻെറ സൂചന. ബ്രസീലിൽ ഏതൊരു സന്ദർഭത്തിലും ഒരു ലഘുപ്രഭാഷണം ആവശ്യമാണു് – സുഹൃത്തുക്കളുടെ വേർപാടോ വിവാഹമോ കൊലപാതകമോ ആയാലും. കൊലപാതകം ഏതുവിധത്തിലും അന്യായമാണെന്നു് മേയർ വിശദീകരിച്ചു. ഒരു സ്ത്രീ തന്റെ രക്ഷകനെ വധിച്ചപ്പോൾ സാമാന്യരീതിയെ രണ്ടു തരത്തിൽ ലംഘിച്ചു. അതായതു്, ആയാളുടെ നേരേ കൃതഘ്നത കാട്ടി; മററു സ്ത്രീകൾ ഇങ്ങനെ ചെയ്യുംപോകത്തക്കവിധം അവരുടെ വിശ്വാസം നഷ്ടപ്പെടുത്തി.

"എന്താണു നിങ്ങളുടെ വിധി?" അദ്ദേഹം കൗൺസിലിനോടാരാഞ്ഞു.

ഓരോ അംഗവും പറഞ്ഞു: "വധശിക്ഷ." അതു നേരത്തേ തീരുമാനിക്കപ്പെട്ടതുപോലിരുന്നു. ഞാൻ വോട്ടു ചെയ്തില്ല.

അവൾ ജീവനു പകരം ജീവൻ നൽകണം. വിസ്താരത്തിൻെറ വേഗവും വിധിയുടെ ക്രൂരതയും എന്നെ ഞെട്ടിപ്പിച്ചു. മടങ്ങിപ്പോകുമ്പോൾ ഞാൻ ചോദിച്ചു: "എന്തൊരു പ്രഹസനമാണിതു്? ആ സ്ത്രീയ്ക്കു് പ്രതിരോധിക്കാനുള്ള അവസരം കിട്ടിയില്ലല്ലോ."

റെയ്സ് ചിന്താദ്യോതകമായി എന്നെ നോക്കി. അദ്ദേഹം പറഞ്ഞു:

സമുദായത്തിൻെറ നിലനില്പു നോക്കണ്ടേ? പിന്നെ ഒരു കാര്യം: ശിക്ഷ നടപ്പിലാക്കുന്നതു് സാന്താ റീത്തായിലെ ഷെരിഫാണു്. ഇവളെ അങ്ങോട്ടു കൊണ്ടുപോകും." കണ്ണൊന്നിറുക്കിയിട്ട് റെയ്സ് തുടർന്നു: "വഴിമദ്ധ്യേ അവൾ പിടിയിൽനിന്നു രക്ഷപ്പെട്ടാൽ, അവൾ മറേറതെങ്കിലും പട്ടണത്തിൽച്ചെന്നു് ജീവിക്കും."

ഒരാഴ്ച കഴിഞ്ഞു്, അവൾ സാന്താ റീത്തായിലേക്കുള്ള യാത്രയ്ക്കിടയിൽ, രക്ഷപ്പെട്ടതായി ഞാനറിഞ്ഞു.

ഏതാനുമാഴ്ച കഴിഞ്ഞു് റെയ്സ് അറിയിച്ചു: ഉടനേ പുറപ്പെടാൻ തയ്യാറാവണം. റേയോ മാൻസോവിൽനിന്നു് ഇരു കിലോമീററർ അകലെ രത്നങ്ങൾ കണ്ടെത്തിയിരിക്കുന്നു. നാളെ അറിയായിൽ ആരുമുണ്ടായിരിക്കുകയില്ല.

പിന്നീടു് തൻെറ വരവിൻെറ പ്രധാനോദ്ദേശ്യം ഓർത്തിട്ടു് അദ്ദേഹം പറഞ്ഞു:

"ഇപ്പോൾ എൻെറകൂടെ വരു സിഞ്ഞോർ. ഒരാൾ വന്നിട്ടുണ്ടു്. മരുന്നു കൊടുത്തു് ആയാളുടെ ജീവൻ

രക്ഷിക്കണം. ഇല്ലെങ്കിൽ രത്നം കണ്ടിടത്തേക്കു് വഴി കാട്ടാൻ വേറെ ആളുണ്ടാവില്ല.''

ഞാൻ കൂടെച്ചെന്നു.

നീഗ്രോ വർഗ്ഗക്കാരനായ കറുത്ത ഒരു ഗജശരീരൻ. ഘോരവനങ്ങളിലൂടെ സഞ്ചരിച്ചാണയാൾ എത്തിയിരിക്കുന്നതു്. തോളിൽ വെടിയേററ പാടുണ്ടു്. ആളുകൾ ചുററും കൂടിനിൽക്കുന്നു. ഓരോരുത്തരുടെയും മുഖത്തു് മാറിമാറി നോക്കിക്കൊണ്ടു് പോർട്ടുഗീസു് ഭാഷയിൽ ആയാൾ എന്തോ പറയുന്നു. ഞാൻ ഉടനേ മുറിവു പരിശോധിച്ചു. ചീഞ്ഞുതുടങ്ങിയ കുറച്ചു മാംസം മുറിച്ചു മാററിയേ പററൂ. അതിനുവേണ്ടി കച്ചാക്കാ എന്ന നാടൻ മദ്യം ഞാനയാളുടെ വായിൽ ഒഴിച്ചുകൊടുത്തു. കുറേക്കൂടി വേഗത്തിൽ ആയാൾ സംസാരിക്കാൻ തുടങ്ങി.

റയോ മാൻസോവിൽനിന്നു് റോക്കി പർവ്വതഘട്ടങ്ങളിലുള്ള ചതുപ്പുകളിലൂടെയും ഇരുണ്ട കാന്താരങ്ങളിലൂടെയും ആയാൾ സഞ്ചരിക്കുകയായിരുന്നു. പെട്ടെന്നു് ആയാൾ രത്നങ്ങളുള്ള ഒരു നദി കണ്ടെത്തി. കൈനിറയെ രത്നശകലങ്ങൾ വാരിയെടുത്തു എന്നാണയാൾ പറഞ്ഞതു്. പോക്കററിൽനിന്നു സഞ്ചിയെടുത്തു് തെളിവു ഹാജരാക്കുകയും ചെയ്തു. അതു നിറയെ രത്നങ്ങളായിരുന്നു. ചുററും നിന്നവർ ആശ്ചര്യസ്തബ്ധരായിപ്പോയി. കിരാതമായ ഒരനുഭവത്തിൻെറ കഥയാണു് ആ നീഗ്രോ പറഞ്ഞതു്: കന്നുകാലിക്കൃഷിക്കാരനായ ഒരാളും രണ്ടു മക്കളും ആ പ്രദേശത്തുണ്ടായിരുന്നു. കൊലപാതകികൾ എന്നറിയപ്പെടുന്ന അവർ, ഈ നീഗ്രോ രത്നം വാരുന്നതു കണ്ടു് തോക്കിൻെറ നിറയൊഴിച്ചു. അതിലൊരു തീയുണ്ട ആയാളുടെ തോളു് തകർത്തുകളഞ്ഞു. ആയാൾ നദിയിൽ വീണു. പിന്നീടു് എങ്ങനെയോ നീന്തി മറുകരപററി,

പാറകളുടെയും കുററിച്ചെടികളുടെയും ഇടയിലൂടെ വനത്തിൽ കയററി രക്ഷ പ്രാപിച്ചു.

മാറേറാ ഗ്രോസോയുടെ ചരിത്രത്തിൽ ഏററവും വലിയ രത്നവേട്ടയ്ക്ക് വഴിയൊരുക്കിയ കഥയാണിതു്. മുപ്പതുവർഷം വനജീവിതം നയിച്ചതിനിടയിൽ ഏററവും ആശ്ചര്യകരമായ കുറെ അനുഭവങ്ങൾ ഈ കാലത്താണുണ്ടായതു്. രണ്ടുപ്രാവശ്യം അവിടെവച്ചു് ഞാൻ മരണത്തെ നേരിടേണ്ടിവന്നു.

നീഗ്രോയുടെ മുറിവുകൾ വച്ചുകെട്ടിക്കഴിഞ്ഞപ്പോൾ റെയ്സ് എന്നെ വിളിച്ചു് രഹസ്യമായി പറഞ്ഞു:

"നാളെ എല്ലാരും ഇവിടെനിന്നു പോകും. നമുക്കും പോകണം. സിഞ്ഞോർ ഏണെസ്ററും അപ്പാരിഷിയോവും ഉണ്ടല്ലോ. നാം നാലുപേരായി. പുതിയ പട്ടണം ആകെ കുഴഞ്ഞുമറിഞ്ഞതായിരിക്കും. നിയന്ത്രണം അവർക്ക് ആവശ്യമായിവരും. നാമതു നല്കിയാൽ അവർക്ക് സന്തോഷമാവും. കറുത്ത മനുഷ്യനെ കുഴതപ്പുറത്തു കയററി നമുക്കു കൊണ്ടുപോകാം. ആയാൾ വഴികാണിച്ചു തരും."

ഏണെസ്റ്റിനോടും അപ്പാരിഷിയോവിനോടും ഞാനിക്കാര്യം പറഞ്ഞു.

"രത്നത്തിനുവേണ്ടി പാടുപെട്ടു് ഞാൻ മടുത്തു." അപ്പാരിഷിയോ വിസമ്മതം കാട്ടി "ഞാൻ വാലെൻറിയുമായി തെക്കോട്ടു പോകുന്നു. പിന്നീടു നമുക്ക് പിന്റോവിൻെറ പഞ്ചസാര ഫാക്ടറിയിൽ വച്ചു കാണാം."

റയോ ഗ്രാൻഡി ഡോസുളിലെ ആ മനുഷ്യനെ ഞാൻ നോക്കി. മരക്കൊമ്പിൽ ആപ്പിൾ പാകമാകുകയാണു്. അതു വീഴാറാകുമ്പോൾ അവിടെ എത്തിച്ചേരാൻ അപ്പാരിഷിയോ ആഗ്രഹിക്കുന്നു. ചിരിച്ചുകൊണ്ടു് ഞാൻ കൈപിടിച്ചു് അഭിനന്ദിച്ചു.

"എനിക്കു മനസ്സിലായി. മൂന്നു മാസത്തിനുള്ളിൽ നമുക്കു കൂയബായിൽവച്ചു കാണാം. വാലെന്റിയെ സൂക്ഷിക്കണം."

പിറേറദിവസം രാവിലെ രത്നവയലുകളിലേക്ക് പുറപ്പെടാനാരംഭിച്ചപ്പോൾ ഒരു കതിരപ്പുറത്ത് ഫ്രഡ് മില്ലറെന്നു പേരുള്ള ഒരു അപരിചിതൻ എത്തിച്ചേർന്നു. ആയാൾ വടക്കേ അമേരിക്കയിൽ ഇല്ലിനോയിസിലെ പൗരനാണ്. രത്നമന്വേഷിച്ചെത്തിയ ആ ജിജ്ഞാസുവിന്റെ പക്കൽ നദിയുടെ അഗാധതലങ്ങളിൽ മുങ്ങിത്തപ്പുന്നതിനുള്ള യന്ത്രോപകരണങ്ങളുണ്ട്. നദിയുടെ കരയിൽ കിട്ടുന്നതിലും വലിയ രത്നങ്ങൾ ജലഗർഭത്തിൽ കാണുകയുമെന്നാണയാളുടെ നിഗമനം.

നാലുദിവസം യാത്രചെയ്ത് ഞങ്ങൾ റയോ മാൻസോവിലെത്തി. നദീതീരം സമീപിക്കുന്തോറും, കന്നുകാലി വളർത്തുകാരായ ആ കൊലപാതകികളുടെ വെടിയുണ്ട ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു.

ഫ്രഡ് മില്ലർ തന്റെ മുങ്ങലുപകരണം ഉപയോഗിക്കുന്ന രീതി ഞങ്ങൾക്കു കാണിച്ചുതന്നു. ജോവാക്വിം റെയ്സ് അതിലൊന്നും ആദ്യം വിശ്വാസം പ്രകടിപ്പിച്ചില്ല. നദിയുടെ അടിയിൽ രത്നം കാണുകയില്ലെന്ന് ആയാൾ ആദ്യം പറഞ്ഞു. പിന്നീട്, ഈ യന്ത്രം മററു രത്നാന്വേഷകരിൽ സംശയവും വെറുപ്പും ജനിപ്പിക്കുമെന്ന് ഒരു നിഗമനം നടത്തി. അവർക്കുകൂടി കിട്ടേണ്ട രത്നങ്ങൾ അപ്പാടെ, മില്ലർ അപഹരിക്കുമെന്നവർ ഭയന്നേക്കാമത്രെ.

"ആ യന്ത്രം ഉപേക്ഷിക്കാൻ നിങ്ങൾ മില്ലറെ ഉപദേശിക്കണം." രഹസ്യമായി റെയ്സ് എന്നോടാവശ്യപ്പെട്ടു.

"അതു മില്ലറുടെ കാര്യമാണു്. എന്തുചെയ്യണമെന്നു് ആയാളോടു പറയാൻ എന്നെക്കൊണ്ടു സാദ്ധ്യമല്ല." ഞാൻ മറുപടി കൊടുത്തു.

രത്നങ്ങൾ കണ്ട സ്ഥലം നീഗ്രോ തിരിച്ചറിഞ്ഞു. ആയാൾ ആദ്യം ഏററവും പിന്നിലാണു നിന്നിരുന്നതു്– വെടിയുണ്ട പാഞ്ഞുവന്നേക്കമെന്ന പേടിമൂലം. പക്ഷേ, ആക്രമണകാരികളുടെ ലക്ഷണമൊന്നും കാണാതായപ്പോൾ ആയാൾ ഓടിച്ചെന്നു് വെള്ളത്തിൽ ചാടി. ആ ഭാഗത്തിൻെറ ഉടമസ്ഥത തനിക്കാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. ആരും എതിർത്തില്ല.

എല്ലാരുംകൂടി നദീതീരമാകെ പിടിച്ചടക്കി. ഓരോരുത്തരും ഓരോ സ്ഥലം വേർതിരിച്ചെടുത്തു. മൂന്നുനാലു മൈൽ നീളത്തിൽ കുടിലുകൾ ഉയന്നു. ഏതാനും മണിക്കൂറുകൾക്കകം ആദ്യത്തെ വെടിയൊച്ച മുഴങ്ങി – ഒരു രത്നം കണ്ടുകിട്ടിയിരിക്കുന്നു.

മില്ലറുടെ യത്നവും സഫലമായി. ആയാൾ മുങ്ങലുപകരണത്തിൻെറ സഹായത്തോടുകൂടി അഗാധഹ്രദങ്ങളിൽനിന്നു് ഏതാനും തൊട്ടി നിറയെ ചരലുകൾ വാരിക്കൊണ്ടുവന്നു. അടുത്തദിവസം രാവിലെ അതിൽനിന്നു് വലിയ ഒരു രത്നം കണ്ടെടുക്കുകയും ചെയ്തു.

ഏണെസ്റ്റ് സഹായം നല്കിയതുമൂലം മില്ലർ ഞങ്ങളുടെ പങ്കാളിയാണെന്നു് എല്ലാവർക്കും മനസ്സിലായി. പലരും ഞങ്ങളെ ശത്രുതയോടുകൂടി നോക്കി. മുങ്ങലുപകരണം ഉപയോഗിക്കുന്നതു് പലർക്കും വിരോധത്തിനു കാരണമായി.

ഒരു ദിവസം ഒരാൾ ഒരു തോക്കു നന്നാക്കുന്നതിനു് എന്നെ ഏല്പിച്ചു. ആയാൾ കുടിച്ചിട്ടുണ്ടായിരുന്നു. പരുഷസ്വരത്തിൽ, താൻ ഒരു മണിക്കൂറിനകം മടങ്ങിവരുമെന്നും തോക്കു് നന്നാക്കിക്കൊടുക്കണമെന്നും ആയാൾ

ആവശ്യപ്പെട്ടു. ഒരു മണിക്കൂറിനകം വീട്ടിനു മുമ്പിൽ ഒരു ബഹളം കേട്ട് ഞാൻ പുറത്തിറങ്ങി നോക്കി. ഒലിവിറാ എന്നു പേരുള്ള ആ കാടൻ മററൊരാളുമായി വാക്കുതർക്കം നടത്തുകയാണ്. എന്നെക്കണ്ടയുടൻ ആയാൾ തോക്കെടുത്ത് വെടി പൊട്ടിച്ചു. ഉണ്ട എൻെറ നേരെയാണ് പാഞ്ഞുവന്നത്. ഞാൻ തെന്നിമാറി. ഒററച്ചാട്ടത്തിന് ഞാൻ ആയാളുടെ കൈകൾ രണ്ടും കൂട്ടിച്ചേർത്ത് പിന്നിൽ അമുക്കിപ്പിടിക്കുകയും തോക്ക് തെറിപ്പിച്ചുകളയുകയും ചെയ്തു.

"എന്നെ വിടൂ. അല്ലെങ്കിൽ ഞാൻ നിങ്ങളെ കൊല്ലും." ആയാൾ വിളിച്ചുകൂവി.

ഞാൻ ആയാളെ അപ്പോൾ വെടിവെച്ചിരുന്നെങ്കിൽ ആരും എന്നോട് ചോദിക്കുമായിരുന്നില്ല. പല വർഷങ്ങളായി ഗുസ്തി പരിചയിച്ചിരുന്നതുകൊണ്ട് ആളുകളെ കീഴ്പ്പെടുത്തുന്നതിന് എനിക്ക് കഴിവുണ്ടായിരുന്നു. ഞാനയാളെ ബലമായി ഉന്തി വീട്ടിനുള്ളിൽക്കയററി, ഉറക്കമുറിക്കുള്ളിലാക്കി.

കുറച്ചുകഴിഞ്ഞ് റെയ്സും ഏണെസ്ററും വന്നു. റെയ്സ് പറഞ്ഞു: "അബദ്ധവശാൽ സംഭവിച്ചതല്ലതു്. കൂട്ടുകാർ ആയാളെ പറഞ്ഞയച്ചതാണ്."

ഏണെസ്റ്റ് അത്യന്തം ദുഃഖിച്ചു. മില്ലരെ മുങ്ങൽ സംരംഭത്തിൽനിന്ന് പിന്തിരിപ്പിക്കണമെന്നാണ് ഏണെസ്റ്റിൻെറ അഭിപ്രായം. ആയാളുടെ യന്ത്രം വിലയ്ക്കു വാങ്ങുകയല്ലാതെ മററു മാർഗ്ഗമൊന്നുമതിനില്ല.

പിറേറദിവസം ഞാൻ ഒലിവിറായുടെ വീട്ടിൽ ചെന്നു. ആയാളെ കണ്ടയുടനേ ഞാൻ പറഞ്ഞു: "ഇന്നലെ നിങ്ങൾ കുടിച്ചിരുന്നു. നിങ്ങളെ ഞാൻ രക്ഷിച്ചു. പക്ഷേ നിങ്ങൾ നന്ദി പറഞ്ഞതേയില്ല. കൂടാതെ, എന്നെ കുററപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്തു.

മദ്യമായിരുന്നിരിക്കും അങ്ങനെ സംസാരിച്ചതു്. ഇനി ഒരിക്കൽ ഇതാവത്തിച്ചാൽ, മദ്യമല്ല, നിങ്ങളാണു സംസാരിക്കുന്നതെന്നു് ഞാൻ മനസ്സിലാക്കും. അതനുസരിച്ചു് പ്രവത്തിക്കുകയും ചെയ്യും"

മറുപടി കാത്തുനിൽക്കാതെ ഞാൻ മടങ്ങിപ്പോന്നു.

റെയ്സ് എന്നെ വന്നുകണ്ടപ്പോൾ ഒരു കാര്യം അറിയിച്ചു. എന്നെ കൊല്ലാനാഗ്രഹിക്കുന്നവർ ആ സ്ഥലത്തുണ്ടു്.

ഞാൻ പറഞ്ഞു: "ഈ സ്ഥലത്തു് രോഗം നന്നാക്കിത്തരാൻ കഴിവുള്ളവർ ഞാനും ഏണെസ്ററും മാത്രമാണു്. രോഗികൾക്കു് ഞങ്ങൾ മരുന്നു കൊടുക്കുന്നു—പ്രതിഫലം വാങ്ങുന്നതേയില്ല. എല്ലാർക്കും അതറിയാമല്ലോ."

ജോവാക്കിം തല കുലുക്കി "അതെ എനിക്കറിയാം. പക്ഷേ റെഡ് ഇന്ത്യൻസിനു് അതു മനസ്സിലാവില്ല." ആയാൾ കാർക്കിച്ചു തുപ്പി.

"മില്ലറുടെ നേരേയുള്ള വൈരാഗ്യം തീക്കുന്നതിനു വേണ്ടി എന്നെ കൊല്ലുകയാണവക്കാവശ്യം. അല്ലേ?" ഞാൻ പുച്ഛരസത്തിൽ ചോദിച്ചു.

ഒരു ദിവസം വൈകിട്ടു് ഞാൻ നദീതീരത്തുനിന്നു് കുടിലിലേക്കു മടങ്ങുകയായിരുന്നു. ജോസ് ബൊാഹിയാനോ എന്നൊരു കത്തിയുദ്ധക്കാരൻ വഴിയിൽവച്ചു് എന്നോടു് ഏററുമുട്ടാൻ തയ്യാറായി. പൊടുന്നനേയാണയാൾ എൻെറ മുമ്പിൽ ചാടിവീണതു്. എതിർക്കാൻ പററിയതായിരുന്നില്ല എന്റെ നില. കൈയിലെ ഒരു പൊതിക്കെട്ടു് പെട്ടെന്നു ഞാൻ പരിചയായി ഉപയോഗിച്ചു. ആയാൾക്കു് എന്തു ചെയ്യണമെന്നറിയാൻവയ്യാതെയായി. ഞാൻ പൊട്ടിച്ചിരിച്ചു. ആയുധരഹിതനായ ഞാൻ പെട്ടെന്നു് ധീരമായി എൻെറ കുടിലിലേക്കു്

ധൃതിയിൽ നടന്നു. ആയാൾ മരവിച്ചു നിന്നതേയുള്ളൂ.

ഒരു ദിവസം ഞങ്ങൾ മില്ലറെക്കണ്ടു് കാര്യങ്ങൾ വിശദീകരിച്ചു. ഇതിനകം ഇരുപതു രത്നം ആയാൾക്കു കിട്ടിയിട്ടുണ്ടു്. ഞാൻ മുങ്ങലുപകരണങ്ങൾ വിലയ്ക്കു ചോദിച്ചു. എൻെറ കൈയിലുള്ള ഇരുപതോളം രത്നം വിലയായി കൊടുക്കാമെന്നു് ഞാൻ പറഞ്ഞു.

മില്ലർ സമ്മതിച്ചില്ല. പിറേറദിവസം മില്ലർ ഞങ്ങളുടെ വീട്ടിലെത്തി. മുങ്ങൽയന്ത്രം എൻെറ മുമ്പിലേക്കെറിഞ്ഞു. ആയാൾ പറഞ്ഞു:

"എന്നെയിവർ ജീവിക്കാൻ സമ്മതിക്കുന്നില്ല."

കുറെ ആളുകൾ അക്രമാസക്തഭാവത്തിൽ പിന്നാലെ വരുന്നുണ്ടു്. ഞാൻ ഒരു തോക്കെടുത്തു് മില്ലറെ ഏല്പിച്ചു.

ഏതാനും നിമിഷം കഴിഞ്ഞു് ആൾക്കൂട്ടത്തിൽ നിന്നു് കാരിയോസാ എന്നൊരാൾ തോക്കുയർത്തി

ഞാനും തോക്കെടുത്തു് ആയാളുടെ നേരേ ചൂണ്ടി.

പെട്ടെന്നൊരു വെടി മുഴങ്ങി. കാരിയോസാ നിലത്തുവീണു പിടഞ്ഞു. ഞാൻ ആശ്ചര്യത്തോടെ നോക്കി. ഡോം മാക്കോ ഒരു ഇരട്ടക്കുഴൽ തോക്കുമായി റോഡിനരുകിൽനിന്നു് ഇറങ്ങി വരുന്നു.

"കൊല ചെയ്യാനുള്ള ശ്രമത്തിൽവെച്ചു പിടികപ്പെട്ടു" കാരിയോസായുടെമേൽ കൊണ്ട തൻെറ വെടിയുണ്ട ജീവൻ അപഹരിച്ചോ എന്നറിയാനായി ആ ജഡത്തിൽ തട്ടിനോക്കിക്കൊണ്ടു് ആയാൾ പ്രഖ്യാപിച്ചു. പോലീസധികാരമുള്ള ഗവണ്മെൻറ് പ്രതിനിധിയാണു ഡോം.

ആളുകൾ ജഡത്തിനുചുററും ഓടിക്കൂടി. ഡോം വീണ്ടും വെടി പൊട്ടിച്ചു. എല്ലാവരും ഓടിമറഞ്ഞു

മില്ലർക്കു് പിന്നെയവിടെ ജീവിക്കണമെന്നു തോന്നിയില്ല. മുങ്ങലുപകരണങ്ങൾ ഞങ്ങൾക്കു് വിലയ്ക്കു

തന്നുകൊണ്ടു് ആയാൾ സ്ഥലം വിട്ടു. ഉൽക്കൃഷ്ടച്ചരിതനായ ആ മനുഷ്യൻ രത്നങ്ങളെക്കാൾ സാജീവനെ വിലമതിച്ചിരുന്നു.

കുറേനാൾ കഴിഞ്ഞു് നദീതീരത്തുനിന്നു് ആളുകൾ ഒഴിഞ്ഞുപോയിത്തുടങ്ങി. ഇപ്പോൾ രത്നങ്ങൾ കുറവാണു്.

ഞങ്ങളും ശ്രമം നിർത്തി യാത്രയാരംഭിച്ചു. വഴിമദ്ധ്യേ ഏണെസ്റ്റ് പറഞ്ഞു:

"ഞാനാകെ മുഷിഞ്ഞു ഇനി ഒററയ്ക്കു ജീവിക്കാൻ വയ്യ. ഒരു വിവാഹം നടത്തണം."

കുയബായിലെത്തി ഞങ്ങളൊരു ഷോപ്പ് തുറന്നു. രണ്ടാഴ്ചകഴിഞ്ഞു് അപ്പാരിഷിയോ എത്തി.

അപ്പാരിഷിയോ മേരിയിഞ്ഞായുടെ കഥ പറഞ്ഞു. അവൾ ഹെൻറിക്ക് പേസ് എന്ന ജന്മിയുടെ പുത്രിയാണ്. പേസിൻെറ ഭൂമി സാവോ ലാറെൻസോവിൻെറ കരയിൽ ട്രയംഫോ എന്ന കന്നുകാലിവളർത്തു കേന്ദ്രമത്രെ. മേരിയിഞ്ഞായും അമ്മയും അവിടെ പോയിരിക്കുകയാണ്. ഹെൻറിക്കിന്നു് അനേകശതം ചതുരശ്ര മൈൽ വിസ്തൃതിയിൽ, പല പെണ്ണുങ്ങളിലായി അൻപതോ അറുപതോ കുട്ടികളുണ്ടു്.

ഹെൻറിക്കിന്നു് തോക്കുകൾ നന്നാക്കണം. അതുകൊണ്ടു് അങ്ങോട്ടു പോകാമെന്നു് അപ്പാരിഷിയോ പറഞ്ഞു. ഏണെസ്റ്റ് ഉടനെ സമ്മതംമൂളി.

ഞങ്ങൾ പുറപ്പെട്ടു പക്ഷേ വഴിമദ്ധ്യേ അമ്പോബ്രൽ എന്ന കന്നുകാലികേന്ദ്രത്തിലെത്തി. ഫ്രാൻസിസ്കോ അൻഡ്രാഡിയുടെ വകയാണതു്. ഫ്രാൻസിസ്കോ തൻെറ ഭാര്യ ഡോണറീത്തായെയും മകൾ മരിയായെയും പരിചയപ്പെടുത്തിത്തന്നു. ഏണെസ്റ്റിനോടു മരിയായെ വിവാഹം കഴിക്കണമെന്നയാളപേക്ഷിച്ചു. ഏണെസ്ററു് സമ്മതം മൂളി.

ഒരു ദിവസം ഫാദർ മാക്രോ വന്ന് കത്തോലിക്കാ രീതിയനുസരിച്ച് വിവാഹകർമ്മങ്ങൾ നടത്തി. ഏണസ്റ്റിന് ആ മതവിഭാഗവുമായി ബന്ധമില്ലാതിരുന്നതുകൊണ്ട് ഫാദർ മാക്രോ ഖേദം പ്രകടിപ്പിക്കുകയുണ്ടായി.

രണ്ടു ദിവസം കഴിഞ്ഞു് ഞാനും അപ്പാരിഷിയോവും ട്രയംഫിലേയ്ക്കു പുറപ്പെട്ടു. ഞങ്ങൾ ട്രയംഫിൽ എത്തി, ഡോം ഹെൻറിക്കിനെ കണ്ടു. കുറെ തോക്കുകൾ നന്നാക്കാനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തു.

അവിടെത്തി പത്തു ദിവസം കഴിഞ്ഞപ്പോൾ ഒരു സംഭവമുണ്ടായി. ഞങ്ങൾ പന്നിവേട്ട നടത്തുകയായിരുന്നു. ഒരു കുടിൽ കണ്ടയുടനെ അപ്പാരിഷിയോ പറഞ്ഞു:

"ഏതാനും നിമിഷം നമുക്കിവിടെ ഇറങ്ങിനില്ക്കാം. കന്നുകാലിയെ മേയ്ക്കുന്ന ആ വൃദ്ധന്റെ കൈയിൽ കാഞ്ഞാ എന്ന മദ്യം കാണും."

യഥാർത്ഥത്തിൽ അതു മദ്യമല്ല, കരിമിഴികളുള്ള ആ കൊച്ചു സുന്ദരിയാണ് – അപ്പാരിഷിയോ പ്രേമസാമ്രാജ്യത്തിൽ പ്രതിഷ്ഠിച്ച ഗ്രാമീണകന്യക. കറുത്ത് തിളങ്ങുന്ന മനോഹരമായ തലമുടിയും വശ്യതയുററ രൂപസൗഭാഗ്യവുമായി അവൾ ആ വാതിലിന്റെ മറവിൽ നില്പുണ്ട്.

അവളുടെ രത്നനയനങ്ങൾ ഞങ്ങളുടെനേരേ മിന്നി. എന്നെയവൾ സൂക്ഷിച്ചു നോക്കി– അതെ, മേരിയിഞ്ഞായാണതു്. ഞാൻ അപ്പാരിഷിയോവിനെ, ആ കാമുകനെ, വീക്ഷിച്ചു. ആ അപൂർവ്വമുത്തിന്മേലാണ് ആയാളുടെ ശ്രദ്ധ. ഒതുങ്ങിയ ശരീരവും ഇളകിക്കിടക്കുന്ന ചെമന്ന വസ്ത്രവും യൗവനത്തിന്റേതായ മാദകത്വവും പാകമായ തേൻകനിയെക്കുറിച്ചുള്ള അപ്പാരിഷിയോവിന്റെ സൂചനയെ എന്റെ മനസ്സിലുണർത്തി.

തിരികെപ്പോരുമ്പോൾ ഞാൻ അപ്പാരിഷിയോവി നോടു പറഞ്ഞു:

"ഞാൻ പിന്റേറായുടെ മില്ലിലേയ്ക്കു പോകാം. ഇവിടത്തെ ജോലികൾ തീർന്നശേഷം അപ്പാരിഷിയോ അങ്ങോട്ടു വന്നാൽമതി."

ആയാൾ സമ്മതിച്ചു.

"ഞാൻ അകലെയായിരിക്കുമ്പോൾ ഈ ബന്ധം പൂർണ്ണമാകുമല്ലോ." ഞാൻ പറഞ്ഞു.

ആ വാക്കുകളുടെ ആന്തരാർത്ഥം മനസ്സിലാക്കി, ആ അനുരാഗബദ്ധൻ തലകുലുക്കി.

ആയാൾ പറഞ്ഞു: "ജോവാക്കിം വീണ്ടും വേട്ടയാരംഭിച്ചിട്ടുണ്ടു്. അങ്ങയെക്കുറിച്ചദ്ദേഹം അന്വേഷിച്ചു."

ഞാൻ പുറപ്പെട്ടപ്പോൾ മേരിയിഞ്ഞാ വാതില്ക്കൽ ഉണ്ടായിരുന്നു. ഇപ്രാവശ്യം അവൾ അല്പമായേ നോക്കിയുള്ളു. ആ നയനങ്ങൾ, കറുത്ത തീയാൽ ഉജ്ജ്വലമായി എന്റെ നേരേ ഉയർന്നു. എന്റെ മനസ്സ് തുടിച്ചു. എന്റെ മുഖത്തുനിന്നു് കണ്ണുകൾമാററി അപ്പാരിഷിയോവിനെ അവൾ നോക്കി. ഞാൻ വിചാരിച്ചു

ഏണസ്റ്റ് മേരിയായെ വിവാഹം ചെയ്തിരിക്കുന്നു. അപ്പാരിഷിയോ മേരിയിഞ്ഞായുമായി ചേരാൻ പോവുകയാണു്. ഞാൻ സാവോ ലാറെൻസോവിലെ മലീമസമായ ഒരു കൊച്ചു കുടിലിൽ, നാടൻമദ്യത്തിന്റെ മാദകലഹരിയിൽ മുങ്ങി, ഉറക്കസ്സൊഞ്ചിയിൽ കിടന്നു് ക്രൂർക്കാവലിക്കുന്ന വൃദ്ധനായ ജോവാക്കിമുമായി ബന്ധപ്പെടാനും.

## യുദ്ധത്തിലൂടെ നിർവ്വാണം

വാലെൻറിയുമൊത്തു് മൂന്നു ദിവസം യാത്ര ചെയ്തു് ഞാൻ പിന്റോയുടെ കൃഷിസ്ഥലത്തെത്തി. പിന്റോ അത്യധികം ആഹ്ലാദം പ്രകടിപ്പിച്ചു. രണ്ടു ദിവസത്തിനകം ജോവാക്കിമിനെ കണ്ടു. പിറേറന്നു രാവിലെ നാലു വേട്ടപ്പട്ടികളുമായി ഞങ്ങൾ വനത്തിലേക്കു കടന്നു. മൂന്നു മണിക്കൂർ നടന്നുകഴിഞ്ഞപ്പോൾ നനഞ്ഞ ഭൂമിയിൽ പുള്ളിപ്പുലിയുടെ പാദങ്ങൾ പതിഞ്ഞുകിടക്കുന്നതു കാണാനിടയായി. പട്ടികൾ മുന്നോട്ടു കുതിച്ചു. അര മണിക്കൂർ സമയം ആ വേട്ടനായ്ക്കളെ അനുഗമിച്ചു് കാന്താരഗർഭത്തിൽ സഞ്ചരിച്ചുകഴിഞ്ഞപ്പോൾ ഞങ്ങളുടെ അന്വേഷണം വിജയിച്ചതുപോലെ നായ്ക്കൾ കുറെ കുററിച്ചെടികൾക്കു സമീപം നിലയുറപ്പിച്ചിരിക്കുന്നതു കാണായി. പുലിയെ കാണാനില്ല. എങ്കിലും പട്ടികൾ കുരയ്ക്കുന്നതുകൊണ്ടു് വനരാജൻ അടുത്തുതന്നെ ഉണ്ടെന്നു വിശ്വസിക്കാം. പൊടുന്നനെ, മുന്നൂറു റാത്തൽ ഭാരം വരുന്ന ഒരു ക്രൂരമൃഗം ചാടുന്നതും ഉറസ്സായ സ്ഥലത്തു് പ്രത്യക്ഷപ്പെടുന്നതും കാണായി. അതു് ഉറക്കെ കുരയ്ക്കുകയും വട്ടം ചുററുകയും ചെയ്യുന്ന നായ്ക്കളെ നഖങ്ങൾകൊണ്ടാഞ്ഞു പിടിക്കാൻ ശ്രമിക്കുകയാണു്.

പുലിയുടെ ഇരുപതുവാര സമീപത്താണു് ജോവാക്കിം നില്ക്കുന്നതു്. ഇടയ്ക്കിടെ മുരണ്ടുകൊണ്ടു് അദ്ഭുതാ

കൃതിയിൽ കറങ്ങുന്ന ആ സത്വത്തെ ഒട്ടും കൂസൽ കൂടാതെ അദ്ദേഹം സമീപിച്ചു. അതാ ... ഇനി പത്തു വാര അകലമേയുള്ളു. നടുവു വളച്ച് നിലത്തുനിന്നു രണ്ടടി ഉയരത്തിൽ സമാന്തരമായി കുന്തം ഇരു കൈകൾകൊണ്ടും ബലമായി പിടിച്ചിട്ടുണ്ട്. പുലിയ്ക്കും ജോവാക്കിമിനുമിടയിൽ പ്രതിബന്ധങ്ങൾ ഒന്നുമില്ല.

ജോവാക്കിമിന്റെ പാദങ്ങൾ പെട്ടെന്നു് മുന്നോട്ടു നീണ്ടു. പൊടിപടലം ഉരുണ്ടുപൊങ്ങി. പുലി ഒരു ചീററലോടെ തല ഉയർത്തി കൈകൾ മുന്നോട്ടു നീട്ടുകയാണു്. തീജ്വാലപോലെയുള്ള അതിന്റെ തൊണ്ടയ്ക്കുള്ളിൽനിന്നു് ഒരു അലച്ച് മുഴങ്ങി. ജോവാക്കിം ഒരുപിടി മണൽവാരി പുലിയുടെ മുഖത്തു് ആഞ്ഞെറിഞ്ഞു. പട്ടികളെക്കാൾ ശക്തനായ ഒരു ശത്രുവാണു് തന്നെ എതിരിട്ടിരിക്കുന്നതെന്നു കണ്ടപ്പോൾ, മൃഗരാജൻ ജോവാക്കിമിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. ഇടയ്ക്കിടെ ധൃതിയിൽ ആയാസപ്പെട്ടു് ശ്വാസം വലിച്ചുവിട്ടുകൊണ്ടു് പുലി തലയുയർത്തി വീണ്ടും മുന്നോട്ടു കുതിക്കാൻ പോവുകയാണു്. പെട്ടെന്നു് കണ്ണിൽ കാണുന്നതുപോലും വിശ്വസിക്കാനസാദ്ധ്യമെന്നു തോന്നുംവിധം, ധീരനായ ആ വേട്ടക്കാരൻ അന്തരീക്ഷത്തിലേക്കുയരുന്നതും ശരീരം അല്പം മുന്നോട്ടു വളഞ്ഞു് കുന്തം ഊക്കോടെ കുത്തിപ്പായിക്കുന്നതും കണ്ടു. പുലി മുൻകാലുകൊണ്ടു് കുന്തത്തിൽ ആഞ്ഞടിച്ചു. ജോവാക്കിമിന്റെ കുന്തം അവനെ പിന്നിലേക്കു് കുത്തിത്തള്ളി. പുലി പിന്നെയും ചാടി അന്തരീക്ഷത്തിലൂടെ മിന്നൽപോലെ വരവേ, കുന്തം അതിന്റെ കഴുത്തിലേക്കു് ഊക്കോടെ ഇടിച്ചു താഴ്ത്തി. തിരമാലപോലെ പൊങ്ങിച്ചാടിയ ആ ക്രൂരൻ മൃഗത്തിന്റെ അടിയേററു് ജോവാക്കിം പൊടിഞ്ഞുതകരുമെന്നാണു് ഞാൻ കരുതിയതു്. അവിശ്വസനീയവും ഭാവനയെപ്പോലും അസ്ത

പ്രദമാക്കുന്നതുമായിരുന്നു ഉഗ്രമായ ആ പോരാട്ടം. കോപംകൊണ്ടു് പന്തുപോലെ ചുരുണ്ടു് പുലി, കൂർത്ത നഖങ്ങൾ മുന്നോട്ടു വളച്ചു്, തൊണ്ടയിലേക്കമർന്നിറങ്ങി പ്രാണൻ കവർന്നെടുക്കുന്ന ഉരുക്കുകുന്തത്തെ അടിച്ചു തകർക്കാൻ വൈദ്യുതവേഗത്തിൽ കൈത്തലം ആഞ്ഞുവീശുന്നുണ്ടായിരുന്നു. ധീരനായ ആ വേട്ടക്കാരൻെറ തവിട്ടു ശരീരം ഇടയ്ക്കിടെ കാണാൻ കഴിയുന്നുള്ളുവെന്നു് തോന്നി. സംഹാരതാണ്ഡവമാടുന്നതുപോലെ ജോവാക്കിമിൻെറ നഗ്നപാദങ്ങൾ ദ്രുതഗതിയിൽ അന്തരീക്ഷത്തിൽ ചലിക്കുകയും വല്ലപ്പോഴും ഭൂമിയിൽ കൊളുത്തിപ്പിടിക്കുകയും ചെയ്യുകയാണു്. ആർജ്ജിതശക്തനായി, പുലിയുടെ വായ്ക്കുള്ളിലേക്കു് കുന്തം എത്രയും വേഗത്തിൽ കുത്തിയിറക്കുന്നതിനുള്ള കഠിനശ്രമത്തിൻെറ ഫലമായിരുന്നു അതു്.

പുലി നിലത്തുവീണു് കുന്തത്തിൽനിന്നു് തല പിന്നോട്ടു വലിച്ചെടുക്കാൻ ശ്രമിക്കുകയായി. ഒരടി പുറകിലേയ്ക്കതു നീങ്ങിയപ്പോൾ ജോവാക്കിം കണ്ണുകൾകൊണ്ടു കാണാനാവാത്ത വേഗത്തിൽ മുന്നോട്ടു കുന്തം തള്ളിക്കയററി. ഇപ്രാവശ്യം പ്രാണൻ തകരുന്ന ആ ഹിംസ്രജന്തുവിൻെറ ചങ്കിലേക്കുതന്നെ അതു് അമർന്നിറങ്ങി. കുന്തം ആഞ്ഞുകയറുന്തോറും ആ വന്യജീവി അവസാനത്തെ ശ്വാസവും ആർത്തിയോടെ വലിച്ചെടുക്കാൻ ശ്രമിക്കുകയാണു്.

ഇത്രയും കാര്യങ്ങൾ ഒരു മിനിട്ടിലധികം നീണ്ടുനിന്നില്ല. ആ ഉജ്ജ്വലസമരം കണ്ടുകൊണ്ടു് ഞാൻ ശ്വാസം പിടിച്ചു നിൽക്കയായിരുന്നു. ജോവാക്കിം നിവർന്നപ്പോൾ എനിക്കു് ശ്വാസം നേരേ വീണു. എൻെറ ശരീരം കുടുകുടെ വിയർത്തൊഴുകുകയാണു്. കൈവെള്ളയിലെ നനവുകൊണ്ടു് തോക്കു് ഈറനായിരിക്കുന്നു. മരിച്ചുകൊണ്ടിരി

ക്കുന്ന മൃഗരാജനെ പട്ടികൾ മുന്നോട്ടു ചാടി സൂക്ഷിച്ചു നോക്കി. ഞാൻ പാദങ്ങൾ നീട്ടിവച്ചപ്പോൾ ജോവാക്കിം എന്നെനോക്കി പുഞ്ചിരി തൂകിക്കൊണ്ടു് ആ മൃതശരീരത്തിൽനിന്നും കുന്തം വലിച്ചൂരിയെടുത്തു.

ആ കണ്ട കാഴ്ചകളെക്കുറിച്ചു് വ്യക്തമായിപ്പറയാൻ എനിക്കു വാക്കുകൾ കിട്ടുന്നില്ല. മനുഷ്യദൃഷ്ടികളല്ല, ദേവന്മാരാണു് ആ സമരം ദർശിക്കേണ്ടതെന്നെനിക്കു തോന്നി. ആ അതുല്യപരാക്രമിയുടെ കരങ്ങൾ പിടിച്ചു് ഞാൻ സന്തോഷത്തോടെ കുലുക്കി. എനിക്കു് കാണാൻ കഴിയുമെന്നു് റയോ ഗ്രാൻഡി ഡോസുളിലെ റൂഹ്ഹത്തുകൾ പറഞ്ഞതു്, ഞാനിന്നു ഭംഗിയായിക്കണ്ടു.

"ഈ ദിവസത്തിന്റെ സ്മരണയ്ക്കുവേണ്ടി ഇതിന്റെ തോലു് അങ്ങു് എടുത്തോളൂ." ജോവാക്കിം എന്നോടു പറഞ്ഞു. അതിന്റെ തോലുരിച്ചു് സോപ്പുകൊണ്ടു് വൃത്തിയായി കഴുകി ഉണക്കാനിട്ടു. തിരിച്ചു വീട്ടിലേക്കു മടങ്ങുമ്പോൾ, ജോവാക്കിം എന്തു പ്രവർത്തിച്ചോ അതു ഹൃദിസ്ഥമാക്കണമെന്ന ആശയം എന്റെ മനസ്സിൽ ജ്വലിച്ചുകൊണ്ടിരുന്നു. പിന്നെ ആ തീ അണഞ്ഞുപോയിട്ടില്ല.

ജോവാക്കിമിനു് അതു മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹം ക്ഷമാസമ്പന്നനായ ഒരു ഗുരുനാഥനാണു്. അതിൽപ്പിന്നെ വേട്ടപ്പട്ടികളുമായും, ആവിധമുള്ള സഹായമൊന്നും കൂടാതെയും ഞങ്ങൾ പലതവണ വനാന്തർഭാഗത്തേക്കു പോയിട്ടുണ്ടു്. ഒരു കുന്തമുണ്ടാക്കുന്നതിനും, ശരീരത്തിന്റെ മുഴുവൻ ഭാരവും അതിൽ അമർന്നില്ലാത്തവിധം വന്യജന്തുക്കളുടെമേൽ ആ ചെറിയ ആയുധം പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിനും അദ്ദേഹമെനിക്കു് പരിശീലനം നല്കി. ചാടുന്ന പുലിനെ, മുട്ടുകൾ അല്പം വളച്ചുനിന്നു എങ്ങനെ എതിരിടണമെന്നും

 4321 

അദ്ദേഹം എന്നെ പഠിപ്പിച്ചു.

രജാവാക്കിം എന്നെ ഒററയ്ക്കു് ഒരിക്കലും വനത്തിൽ കടക്കാൻ അനുവദിച്ചിരുന്നില്ല. മൃഗങ്ങളുടെ സ്വഭാവം, പുലികൾ ചാടുന്ന വിധം എന്നിവയൊക്കെ നല്ലപോലെ അദ്ദേഹം എനിക്കു മനസ്സിലാക്കിത്തന്നതുകൊണ്ടു്, ഏകനായി വനഗർഭത്തിലേക്കു കടക്കാൻ എനിക്കു കുറെ ആത്മവിശ്വാസമുണ്ടായിരുന്നു. എങ്കിലും അനുഭവത്തിൽനിന്നു പഠിക്കേണ്ട ചില കാര്യങ്ങളുണ്ടു്. പുലിയുടെ സമരഭാവങ്ങൾ അങ്ങനെയാണു് മനസ്സിലാക്കേണ്ടതു്. നഖങ്ങൾ ചലിപ്പിക്കുകയും കൈത്തലമുയർത്തുകയും ചെയ്യുമ്പോൾ, അതു ചാടുമോ പിന്നോട്ടു പായുമോ എന്നു തീരുമാനിക്കാം. ഒരു നിമിഷത്തെ അതിന്റെ ശ്രദ്ധകൊണ്ടുതന്നെ, അതു താഴ്ന്നു കുതിക്കുമോ, ഉയരത്തിൽ ചാടുമോ എന്നറിയാം. അതിനനുസൃതമായി കുന്തപ്രയോഗവും വിവിധ രീതിയിലാക്കാം.

ഈ സമരത്തിനുശേഷം രണ്ടാഴ്ചകഴിഞ്ഞു് ഒരു പ്രഭാതത്തിൽ പുള്ളിപ്പുലിയുടെ പാദമുദ്രകൾ അടുത്തൊരിടത്തു് പതിഞ്ഞുകിടക്കുന്നതു കണ്ടു. പട്ടികളെ അഴിച്ചുവിട്ടു് ഞങ്ങൾ പിന്നാലെ പുറപ്പെട്ടു. എന്റെ കൈയിൽ ഒരു കുന്തവും കൈത്തോക്കുമുണ്ടു്. പെട്ടെന്നു ഒരു നായ് ഉറക്കെ നിലവിളിക്കുന്നതു കേട്ടു. ആ ഭാഗത്തേയ്ക്കു് കുതിച്ചുചെന്നപ്പോൾ അദ്ഭുതാകൃതിയിൽ ഒരു ഞരമ്പുരോഗിയെപ്പോലെ കറങ്ങിക്കൊണ്ടു് ഒരു പുലി നായ്ക്കളെ എതിരിട്ടുനില്ക്കുന്നതാണു കണ്ടതു്. ഒരു യുവാവാണവൻ. പട്ടികളുടെ കുരകേട്ടപ്പോൾ ഉണ്ടായ അരിശംകൊണ്ടാണു് ആക്രമണസന്നദ്ധനായി നില്ക്കുന്നതെങ്കിലും ഞങ്ങൾ ചെന്നെത്തുന്നതുവരെ കടുംകൈയൊന്നും പ്രവർത്തിച്ചില്ല. പൊടുന്നനെ സ്വാഭാവികമായ ഗൗരവത്തോടെ അതു് എന്റെ നേരേ പാഞ്ഞുവരാൻ തുടങ്ങി. അവന്റെ

ചാട്ടത്തെ എതിരിടാൻ മിന്നൽവേഗത്തിൽ ജോവാക്കിം കൈയുയർത്തി ആംഗ്യം കാട്ടി. ഒരു കൈ കുന്തത്തിന്റെ കീഴററത്തും മററെ കൈ മദ്ധ്യഭാഗത്തുനിന്നു് രണ്ടടി പിൻപിലും, ജോവാക്കിം പഠിപ്പിച്ചതുപോലെ, പുലി എന്റെ തലയ്ക്കുനേരേ കുതിക്കുമ്പോൾ കുത്തിയിറക്കാൻ വേണ്ടി മുന അല്പം താഴ്ത്തി ഞാൻ അമർത്തിപ്പിടിച്ചിരിക്കുകയാണു്.

ഞാൻ ഭയന്നില്ലെന്നു പറയുന്നതുകൊണ്ടു് പ്രയോജനമില്ല. ഞങ്ങൾ അവിടെയെത്തി, ഏതാനും നിമിഷങ്ങൾക്കുള്ളിലാണു് അതു കുതിച്ചു ചാടാനൊരുങ്ങിയതു്. ഒരു ജീവിതകാലം മുഴുവൻ പരിഭ്രമമനുഭവിക്കുന്നതുപോലെ അപ്പോൾ തോന്നി. മുപ്പതടി അകലെനിന്നു് ഒരു നിമിഷംകൊണ്ടു പാഞ്ഞു് അരികിൽ എത്തിയെങ്കിലും അതു് കുതിച്ചുചാടിയില്ല. എന്റെ വലതുവശത്തു് ശിരസ്സു തറയിലമർത്തി എന്നെ പിടിക്കാനൊരുങ്ങുന്ന ആ വനരാജന്റെ ശിരസ്സിൽ കുന്തം കുത്തിയിറക്കിയെങ്കിലും അവിടെക്കൊള്ളാതെ തോൾപ്പുറത്താണു് അതു് അമർന്നു കേറിയതു്.

കുത്തിന്റെ ശക്തികൊണ്ടു് പുലി എന്റെ ഇടതു വശത്തേയ്ക്കു് പതുക്കെ തിരിഞ്ഞുപോയി. തന്മൂലം അതിനു് വായ് തുറന്നു് എന്നെ കടിക്കാനായില്ലെങ്കിലും ഊക്കോടെ മുന്നോട്ടു വലിക്കുകകാരണം ഞാൻ തലകുത്തനെ നിലത്തു വീണു. അങ്ങനെ മൃഗത്തിന്റെ അപ്പുറത്തേയ്ക്കു മറിഞ്ഞപ്പോൾ, കുന്തം വളരെയേറെ ആഴത്തിലേയ്ക്കു റങ്ങിയിരിക്കുന്നുവെന്നു്, അതിന്റെ സ്പ്രിങ്ങിനു തുല്യമായ ശക്തിയിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഇടതു കൈ കുന്തത്തിൽത്തന്നെ ഉറപ്പിച്ചുപിടിച്ചുകൊണ്ടു് ഞാൻ ഒരുവശത്തേയ്ക്കുരുണ്ടു് നിലത്തു മുട്ടുകുത്തി കുറച്ചു് അകന്നു. ജോവാക്കിം പുലിയുടെ മറേറ വശത്തു് തവിട്ടു

നിറമുള്ള ഒരു ഭൂതത്തെപ്പോലെ കുതിച്ചുനില്ക്കുകയാണ്. പുലി നിലത്തുനിന്നുയരുന്നതും അദ്ദേഹത്തിന്റെ നേരെ ഉഗ്രമായ ശൗര്യത്തോടെ നിഷ്ഫലമായി കൈകൾ വലിച്ചടിക്കുന്നതും കണ്ടു.

ഏല്ലാം ഏതാനും നിമിഷത്തിനുള്ളിൽ കഴിഞ്ഞു. പുലിയുടെ തോൾപ്പുറത്തുനിന്ന് ഊരി താഴെ വീണുകിടക്കുന്ന കുന്തമെടുക്കുന്നതിനു ഞാൻ മുന്നോട്ടാഞ്ഞപ്പോൾ അതു ത്ധടുതിയിൽ ചാടി. മരണത്തിൻെറ എത്ര അടുത്താണു ഞാനെന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ ജോവാക്കിം, ആ ഹിംസ്രജന്തുവിൻെറ തൊണ്ടയിൽ കുന്തം ഇടിച്ചിറക്കിയപ്പോൾ എൻെറ ആമാശയത്തിൽ ഒരു തണുപ്പനുഭവപ്പെട്ടു. ഏതാനും നിമിഷങ്ങൾക്കുശേഷം പുലിയുടെ മൃതശരീരത്തിൽ നോക്കി അദ്ദേഹം എന്നോടു പറഞ്ഞു:

"കുറച്ചുകൂടി വേഗത്തിൽ കുന്തം ചാട്ടണം."

ആ ആദ്യത്തെ കുന്തസ്സമരത്തെക്കുറിച്ചു വിശദമായി ചിന്തിച്ചപ്പോൾ എനിക്കു വ്യക്തമാം വിധം മനസ്സിലാക്കാൻ കഴിഞ്ഞു, എന്തുകൊണ്ടാണ് ഒററയ്ക്കു പുലിവേട്ടയ്ക്കുപോകാൻ ജോവാക്കിം എന്നെ അനുവദിക്കാത്തതെന്ന്. പക്ഷേ, ആ അത്ഭുതമനുഷ്യൻ പ്രദശിപ്പിക്കുന്ന അതുല്യവൈദഗ്ദ്ധ്യം ഏതാനും ദിവസത്തെ നായാട്ടുകൊണ്ട് കൈവശമാക്കാവുന്നതല്ല. ജോവാക്കിം എന്നെക്കാൾ മെലിഞ്ഞു ദുർബലനാണെങ്കിലും അദ്ദേഹത്തിന്റെ തന്ത്രവും ആത്മനിയന്ത്രണശക്തിയും ചലനവൈദഗ്ദ്ധ്യവും അനായാസമുള്ള പ്രവൎത്തനങ്ങളും, എതിരെ നില്ക്കുന്ന വന്യജന്തുവിൻെറ മനഃസ്ഥിതി, ചിന്ത എന്നിവ മനസ്സിലാക്കാനുള്ള കഴിവും അനനുകരണീയമത്രേ. സാമർത്ഥ്യവും ധൈര്യവും മാത്രമല്ല, സമരമാരംഭിച്ചു കഴിഞ്ഞാൽ അന്ത്യത്തോളം ചൈതന്യത്തോടെ ജ്വലിച്ചു

കൊണ്ടു നില്ക്കുന്ന ഏകാഗ്രതയാണു് അദ്ദേഹത്തെ അതുല്യനായ ഒരു വേട്ടക്കാരനാക്കിയതു്. ശാരീരികശക്തി വിജയിക്കാത്തിടത്തു് തന്ത്രങ്ങൾ ഫലപ്രദമാകുമെന്നു ജോവാക്കിം എന്നെ പഠിപ്പിച്ചു.

പുലിയുടെ പാദമുദ്ര നോക്കി, അതു് എപ്പോഴാണു് അതിലെ കടന്നുപോയതെന്നു് മനസ്സിലാക്കാനാണു് വേട്ടയെക്കുറിച്ചു പഠിക്കുന്നവരാദ്യം ശ്രദ്ധിക്കേണ്ടതു്. ഓരോ അടയാളങ്ങളും ഓരോ കഥ പറയും. പിന്നെ, ഏതു രീതിയിലാണു് – നിലത്തുകൂടി ഓടിവന്നോ, കുതിച്ചു ചാടിയിട്ടോ, അല്ലെങ്കിൽ പട്ടികളെപ്പോലെയോ – പുലി ആക്രമിക്കുക എന്നു മുൻകൂട്ടി മനസ്സിലാക്കാനറിഞ്ഞിരിക്കണം.

"ധൈര്യമുള്ള ഒരു മനുഷ്യനു് ഒരു പുള്ളിപ്പുലിയെ എതിരിട്ടിട്ടു് ജീവനോടെ മടങ്ങിവരാൻ കഴിയും; അതില്ലെങ്കിൽ അങ്ങു് ഒററയ്ക്കു വേട്ടയ്ക്കു പോകരുതു്." ജോവാക്കിം എന്നോടു പറയും.

വളരെ ദൂരെയുള്ള ഒരു സ്ഥലത്തു് ഒരു പുള്ളിപ്പുലി കന്നുകാലികളെമാത്രമല്ല മനുഷ്യരെയും കൊന്നൊടുക്കുന്നുവെന്നറിഞ്ഞപ്പോൾ പിതാവിന്റെ നിർദ്ദേശപ്രകാരം ജോവാക്കിം അങ്ങോട്ടു തിരിച്ചു. അദ്ദേഹം സ്ഥലത്തുള്ളപ്പോൾ ആ ഗുരുഭൂതന്റെ മനോവികാരങ്ങളെ വ്രണപ്പെടുത്തരുതെന്നു കരുതി ഞാൻ ഒററയ്ക്കു വേട്ടയാടാൻ പോവാറില്ലായിരുന്നു. ഇതു് നല്ല ഒരവസരമായി തോന്നി.

"ചത്ത വേട്ടക്കാരൻ വിരുന്നിനു് ഒരു മുയലിനെ വീട്ടിലേയ്ക്കു കൊണ്ടുവരുന്നില്ല" എന്ന പഴമൊഴി പിന്റോ എന്നെ അനുസ്മരിപ്പിച്ചു. "ഇവിടെ ധീരനായ ഒരു പുലിവേട്ടക്കാരനുണ്ടെന്നറിയിക്കുന്നതിനു് എന്റെ ഗേററിനു മുകളിൽ വയ്ക്കാൻ ഒരു തല നിങ്ങൾ കൊണ്ടുവരണം." ഹൃദ്യമായി ചിരിച്ചുകൊണ്ടും, എന്നാൽ എന്റെ സുരക്ഷിതത്വത്തിൽ ആശങ്കാകുലനായും അദ്ദേഹം പറഞ്ഞു.

ഉഷസ്സിന്റെ അരുണരശ്മികൾ കിഴക്കൻവനങ്ങളെ ചക്രവാളമേഖലകളിൽ നിന്നു വകഞ്ഞുമാററുമ്പോൾ, ബൈട്ടയിനോ എന്ന എന്റെ കുതിരപ്പുറത്തുകയറി വേട്ടനായ്ക്കളുമായി ജീവിതത്തിലെ ഏററവും വലിയ സാഹസികകർമ്മത്തിന് ഞാൻ പുറപ്പെട്ടു.

പകൽ മുഴുവൻ സഞ്ചരിച്ചിട്ടും ഒരു പുലിയെയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. രാത്രി, തീക്കുണ്ഡമുണ്ടാക്കി അതിനരുകിൽ ഉറങ്ങിയും അല്ലാതെയും കഴിച്ചുകൂട്ടി. പിറേറദിവസവും യാത്രതുടർന്നു. നല്ലതുപോലെ മരങ്ങൾ ഇടതിങ്ങിവളരുന്ന ഒരു വനഭാഗത്തുവച്ച് നായ്ക്കൾ കുരയ്ക്കാൻതുടങ്ങി. അടുത്തുതന്നെ പുള്ളിപ്പുലിയുണ്ടാവുമെന്നു നിശ്ചയിച്ചുകൊണ്ട് അങ്ങോട്ടു ചെന്നപ്പോൾ അതിന്റെ മുരളലും ചീററലും കേൾക്കാനിടയായി. പട്ടികളുടെ ബഹളംകേട്ട് അതിന്റെ ക്ഷമ നശിച്ചുവരുന്നതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. പക്ഷെ എവിടെയാണെന്ന് ഒരു നിശ്ചയവുമില്ല. അടുത്ത ഏതാനും നിമിഷങ്ങൾ എന്റെ വിധിയെ നിർണ്ണയിച്ചേയ്ക്കും. രണ്ടു സ്ഥലത്തുനിന്നു ശബ്ദം കേട്ടപ്പോൾ സംശയം വർദ്ധിച്ചുവെങ്കിലും ഏകാഗ്രത കൈവിട്ടില്ല. പെട്ടെന്ന് ആ ഹിംസ്രജന്തുവിന്റെ പ്രതിഷേധശബ്ദം ഒരു അലർച്ചയായി മാറി. അതു നായ്ക്കളെയാണാക്രമിക്കുന്നതെങ്കിൽ ഫലപ്രദമായി കുന്തം ഉപയോഗിക്കുവാൻ സൗകര്യം കുറയും. അതുകൊണ്ട് ഞാൻ കൈത്തോക്കെടുത്തുകൊണ്ടു വരാമെന്നുകരുതി തിരിഞ്ഞപ്പോൾ കറുപ്പും മഞ്ഞയും നിറങ്ങൾ പുൽത്തകിടിയിൽ ഒരലർച്ചയോടെ മിന്നുന്നതു കാണാൻ കഴിഞ്ഞു.

പുലി എന്റെ നേരെ ചാടി. യാന്ത്രികമായി, ഭയവും അത്ഭുതവും എന്നെ കീഴടക്കുന്നതിനിടയിൽ, ഞാൻ പൂർണ്ണശക്തിയോടെ കുന്തം പായിച്ചു. അതിന്റെ ചങ്കു

പിളർന്നു് രക്തം കുടുകുടെ പ്രവഹിക്കുകയാണു്. എങ്കിലും ഞാൻ ഒട്ടും പ്രതീക്ഷിക്കാതിരുന്ന ഒരു കാര്യം ആ സൂത്രശാലി വിദഗ്ദ്ധമായി നിർവ്വഹിച്ചുകളഞ്ഞു. അതു് പിന്നോട്ടുവലിഞ്ഞു് കുന്തത്തിൽനിന്നു കുതറിമാറുകയും ഒരരുകിലൂടെ എന്റെ നേരെ വീണ്ടും കുതിക്കുകയും ചെയ്തു. കുന്തംകൊണ്ടു് ഇത്തരുണത്തിൽ അതിനെ തടുക്കാനാവില്ല, ഒരു വടിയോ ഗദയോ പോലെ, വേണമെങ്കിൽ ഉപയോഗിക്കാമെന്നേയുള്ളു.

ജോവാക്കിമിന്റെ ഒരു തന്ത്രം ഓർമ്മയിലെത്തി. കൂടുതൽ ശക്തി സംഭരിച്ചു് വളരെ ശ്രദ്ധയോടെ പുലിയുടെ മേൽ കുതിച്ചുകയറാൻ ഒരുങ്ങിക്കൊണ്ടു്, കുറെ മണ്ണും പൊടിയും വാരി അതിന്റെ നേരെ അതിവേഗത്തിൽ എറിഞ്ഞു. ആ പ്രവൃത്തി ഫലപ്രദമായി. ഒരലർച്ചയോടെ പുലി എന്റെനേരെ കുതിക്കുകയും, രക്തം പ്രവഹിക്കുന്ന ചങ്കിൽ,സ്പന്ദനം നിലച്ചുകൊണ്ടിരിക്കുന്ന ഹൃദയഭാഗത്തു് ഞാൻ ഊക്കോടെ ഒരു കുത്തുകുത്തി അതിനെ മലർത്തുകയും ചെയ്തു. ആ ക്രൂരൻ ശരീരം പുളയുകയും ഉഗ്രമായ പ്രതികാരവ്യഗ്രതയോടെ നഖങ്ങൾ എഴുന്നുനില്ക്കുന്ന കൈത്തലംകൊണ്ടു് അന്തരീക്ഷത്തിൽ അതു് ആഞ്ഞുതല്ലുകയുമാണു്. നെഞ്ചിൽ തറച്ചിരിക്കുന്ന കുന്തത്തിൽ ചാരി ഒരു നിമിഷം ഞാൻ നിന്നു. ഒരു മിനിട്ടുനേരത്തേക്കുകൂടി ആ സമരം നീണ്ടുനിന്നിരുന്നെങ്കിൽ പുലി എന്നെ കൊല്ലുമായിരുന്നു. ഞാൻ അത്ര തളർന്നുപോയിട്ടുണ്ടു്. കുന്തം വലിച്ചൂരാൻ പോലും എനിയ്ക്കു കഴിഞ്ഞില്ല. സമരം നടന്ന ആ അല്പസമയം ശരീരശക്തിമുഴുവൻ ഏകീഭവിച്ചുനിന്നതിന്റെ പ്രതിപ്രവർത്തനമാണിതെന്നു പിന്നീടെനിക്കു ബോദ്ധ്യമുണ്ടായി.

പുലിയുടെ മുഖത്തേക്കു് ഞാൻ ദൃഷ്ടികളയച്ചു. കണ്ണുകൾ അടഞ്ഞിരിക്കുന്നു. മരണത്തിന്റെ അവസാനനിമി

ഷത്തിൽ ആ ധവളദന്തങ്ങൾക്കു പിന്നിലേക്കു വലിഞ്ഞു കയറിയ ചുണ്ടുകൾ ഇപ്പോഴും അങ്ങനെതന്നെയിരിക്കുകയാണ്. ആ നിമിഷത്തിൽ, ആ വന്യമൃഗത്തിനും എനിക്കും തമ്മിൽ സ്നേഹനിർഭരമായ ഒരു ബന്ധമുണ്ടെന്നു തോന്നി.

കൊലപാതകിയ്ക്കും കൊല്ലപ്പെട്ട ജീവിക്കും തമ്മിൽ ഒരു വൈകാരികബന്ധമുണ്ടെന്നു ചില മനഃശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു—സ്നേഹൗജ്ജ്വല്യത്തിന്റെ പാരമ്യത്തിൽ ജന്മം കൊള്ളുന്ന ഒരു ഹൃദയവികാരം. ജീവന്മുക്തനായിക്കൊണ്ടിരിക്കുന്ന നിർഭാഗ്യജീവി, ജീവനോടിരിക്കുന്ന കൊലപാതകിയോടു വളരെയേറെ ബന്ധപ്പെടുന്നു; അയ്യാളുടെ അസ്തിത്വം മറേറയാളിനെ ആശ്രയിച്ചിരിക്കുകയാണല്ലോ—അവൻ ആരുതന്നെയായാലും. ഈ തത്ത്വം എത്ര വാസ്തവമാണെന്നോ, എത്ര ഭാവനാജനകമാണെന്നോ എനിക്കറിവില്ല. അറിഞ്ഞോ അറിയാതെയോ ഞാനാരെയും കൊന്നിട്ടില്ല; ഞാനൊരു മനഃശാസ്ത്രജ്ഞനുമല്ല. പക്ഷേ, മരിച്ചുകൊണ്ടിരുന്ന പുലിക്കും എനിക്കും തമ്മിൽ എന്തോ അടുപ്പമുണ്ടെന്നു മനസ്സിൽ തോന്നി.

ഞാൻ മരണം കാണുകയും അനേകം തവണ മരണത്തിന്റെ വക്കിലോളം ചെന്നെത്തുകയും ചെയ്തിട്ടുണ്ട്. കാന്താരഹൃദയത്തിൽ, ഏകാന്തമായ ഒരു സമരരംഗത്തുവച്ച് ഈ വേട്ടനായ്ക്കൾമാത്രം സാക്ഷികളായുള്ളപ്പോൾ ഈ ഹിംസ്രജന്തുവുമായി ഞാൻ പോരാടി. ഞാൻ ഉറക്കെ വിശ്വസിക്കുന്നു, യാതൊരു ഒളിമ്പിക് ചാമ്പ്യനോ, റോമൻ ഗ്ലാഡിയേററക്കോ ഇത്ര അഗാധവും പരമോന്നതവുമായ വിജയാഹ്ലാദം ഒരിക്കലും ഉണ്ടായിക്കാണുകയില്ല തന്നെ.

ഞാൻ പുലിയെ വീണ്ടും സൂക്ഷിച്ചുനോക്കി—വിജയ

സമ്മാനമെന്ന നിലയിലല്ല, ഈ നിമിഷങ്ങളെക്കുറിച്ച്, കുറെ കാര്യങ്ങൾ സ്മരണമണ്ഡലത്തിൽ സൂക്ഷിക്കാൻ.

ജോവാക്കിം എൻെറ ഏകാന്തവേട്ടയെക്കുറിച്ച് എന്തു കരുതുമെന്നു ഞാൻ ആലോചിച്ചുനോക്കി. എൻ്റെ ഗുരുഭൂതൻെറ നിർദ്ദേശങ്ങളെ ഞാൻ അനുസരിക്കാതെ പ്രവൎത്തിച്ചിരിക്കുന്നു–പക്ഷേ അക്കാര്യത്തിൽ അദ്ദേഹത്തോട് ബഹുമാനമില്ലാഞ്ഞിട്ടല്ല, ആ അതുല്യപരാക്രമിയുടെ അംഗീകാരം സമ്പാദിക്കുന്നതിനാണ് അങ്ങനെ ചെയ്തതു്.

ശാരീരികമായും മാനസികമായും എനിക്കു ദൗർബല്യമനുഭവപ്പെട്ടു. ആഫ്റിക്കയിലെ മാസ്സായിവേട്ടക്കാർ കുന്തങ്ങൾ കൊണ്ടു ഒരു സിംഹത്തെ കൂട്ടംകൂട്ടമായി ച്ചെന്ന് ആക്രമിച്ചു കൊന്നു കഴിയുമ്പോൾ പലദിവസം സുഖമില്ലാതെ കിടന്നുപോവുമെന്നു കേട്ടിട്ടുണ്ട്. അതു് സത്യമാണോയെന്നെനിക്കറിവില്ല.

എൻെറ ജീവിതത്തിൽ ഇതൊരു വഴിത്തിരിവായിരുന്നു. ഡോം കാർളോസിൻെറ വാക്കുകൾ ഞാനോർത്തു: 'ഇതൊരു വേട്ടയല്ല; ദേവന്മാരുടെ യുദ്ധമാണ്.' ഈ ജീവസാമ്രാജ്യത്തിൻെറ പ്രഭുവായിരുന്ന ഒരു കൊലപാതകിയെ ഏകനായി എതിരിട്ടാണ് ഞാൻ പരാജയപ്പെടുത്തിയതു്.

അതിൻെറ ത്തോലിയുരിച്ചു കുതിരപ്പുറത്തുവച്ച് ഞാൻ വീട്ടിലേക്കു മടങ്ങി. പിഡേൻറായോടും, ഏതാനും ദിവസം കഴിഞ്ഞു മടങ്ങിവന്ന ജോവാക്കിമിനോടും ഞാൻ സംഗതികളൊക്കെ വിവരിച്ചുപറഞ്ഞു.

ജോവാക്കിമും ഞാനും ഒരിയ്ക്കൽക്കൂടി ഒരുമിച്ചു വേട്ടയ്ക്കുപോയി. അതിൽപ്പിന്നെ പിഡേൻറായുടെ മില്ലിലെ ജോലികൾ തീൎന്നുകൊണ്ടു് പടിഞ്ഞാറോട്ടു യാത്ര ചെയ്യാൻ ഞാൻ നിശ്ചയിച്ചു. വികാരഭരിതമായിരുന്നു യാത്ര

യയപ്പു്. വൃദ്ധനായ ജോവാക്കിം, രണ്ടുകപ്പു നാടൻമദ്യം ഒഴിച്ചുകൊണ്ടു വന്നു. ഞങ്ങൾ ഇരുവരും അതു് അല്പം ഉയർത്തിയിട്ടു് കുടിച്ചു. കുടിലിലെ വാതിലിൽ ചാരിനിന്നു് കൈകൾ അന്തരീക്ഷത്തിലുയർത്തി സ്നേഹധന്യനായ ആ ഗുരുശ്രേഷ്ഠൻ യാത്രാനുമതി നൽകുമ്പോൾ അദ്ദേഹത്തിന്റെ മിഴികൾ നനഞ്ഞു തിളങ്ങുന്നുണ്ടായിരുന്നു. ജീവനോടുകൂടി അദ്ദേഹത്തെ അന്നാണു് ഞാൻ അവസാനമായിക്കണ്ടതു്.

## അനുരാഗം എന്ന വേട്ടയാടനു

അരിക്കായിൽവച്ച് ദോം ഫ്രാൻസിസ്കോവിൻെറ ആവി യന്ത്രം നന്നാക്കിക്കൊടുത്തതിനു പ്രതിഫലമായി, 'അവഞ്ചുറെയിറാ' എന്ന ചങ്ങാടവും വാങ്ങി, പരാഗ്വേ യിലേക്കു സഞ്ചരിക്കാൻ ഞാൻ ഒരുങ്ങി. പക്ഷേ മേരിയി ഞ്ഞായുടെ നാട്ടിലേക്കു പോകാമെന്നാണ് അപ്പാരിഷി യോ പറഞ്ഞത്.

തലകുലുക്കിക്കൊണ്ട്, ഞാൻ ചോദിച്ചു: "കനി പാകമായി, അല്ലേ?"

"ഏകാന്തമായ രാത്രികളിൽ ഈ ചങ്ങാടത്തിൽ അവൾ നല്ല ഒരു കൂട്ടുകാരിയായിരിക്കും." അപ്പാരിഷി യോ പറഞ്ഞു.

"അവളെ നമ്മുടെകൂടെ കൊണ്ടുവരാനാണോ ഉദ്ദേ ശിക്കുന്നത്?" ആശ്ചര്യപൂർവ്വം ഞാൻ ചോദിച്ചു. "അപ്പാ രിഷിയോ, അവളെ വിവാഹം കഴിക്കാൻ നിനക്കു പ്ലാ നുണ്ടോ?"

അയാൾ തലകുലുക്കി.

"ഒരു പുരോഹിതനെ അന്വേഷിച്ചു പോകാൻ എനിക്കു കഴിയുകില്ല. വളരെ ചെലവുള്ള കാര്യമാണത്. പക്ഷേ, നമ്മൾ പോകുന്നതിനുമുമ്പ്, നമ്മുടെകൂടെ വരാൻ ആഗ്രഹമുണ്ടെന്ന് അവൾ പറഞ്ഞു."

ഈ ചങ്ങാടഭവനം എൻെറ സ്വന്തമെന്നപോലെ തന്നെ, അപ്പാരിഷിയോവിൻേറതുകൂടിയാണല്ലോ. മേരിയിഞ്ഞായ്ക്കും അയാൾക്കും ഒരുമിച്ചു താമസിക്കാനാണിഷ്ടമെങ്കിൽ അങ്ങനെയാവട്ടെ.

സാധനസാമഗ്രികളൊക്കെ ചങ്ങാടത്തിലാക്കിത്തന്നിട്ട് അയാൾ കരമാർഗ്ഗം പോയി. ഒരു ദിവസത്തെ കുതിരസവാരികൊണ്ട് അവളുടെ നാട്ടിലെത്താം: നദീതീരത്തു ഞാൻ ചങ്ങാടമടുപ്പിക്കുമ്പോൾ ഇരുവരും അവിടെയുണ്ട്. മേരിയിഞ്ഞാ ആദ്യം ഒരു ചോദ്യഭാവത്തിൽ എന്നെ നോക്കി. അവളുടെ കണ്ണുകളിൽ, മിന്നൽ വേഗത്തിൽ ഒരു കറുത്ത അഗ്നിനാളം ജ്വലിച്ചുവെന്നുതോന്നി. മാട്ടോ ഗ്രോസോയിലെ പെൺമണികളുടെ നീൾമിഴികളിൽ കാണാവുന്ന വികാരോഷ്മളമായ ഒരു പ്രതിഭാസമാണതു്. ആത്മാവിൻെറ ഇരുണ്ട ദർപ്പണത്തിനു പിന്നിൽ അമർന്നുകിടക്കുന്ന ഒരു രഹസ്യത്തിൻെറ പ്രതീകമായ ആ ഭാവോജ്ജ്വലത, ഏതു കഠിനഹൃദയത്തേയും അലിയിക്കത്തക്കവിധം നിമിഷനേരത്തിനുള്ളിൽ കത്തിപ്പടർന്നുവെന്നു വരാം.

ചങ്ങാടത്തിനുള്ളിൽ താമസസൗകര്യങ്ങൾ ഭംഗിയായി ഉണ്ടാക്കി. വല്ലപ്പോഴും വളരെക്കുറച്ചുമാത്രമേ ഞാനും മേരിയിഞ്ഞായും തമ്മിൽ സംസാരിച്ചിരുന്നുള്ളു. ഭക്ഷണസമയങ്ങളിലല്ലാതെ ഞാൻ അവളെ കണ്ടിരുന്നതന്നെയില്ല. ആവിയുയരുന്ന ചൂട്ടുചോറു മേശമേൽ വയ്ക്കുമ്പോൾ, കണ്ണുകളിലെ ആ കറുത്തമിന്നൽ എൻെറ മിഴികൾക്കുനേരെ പാഞ്ഞുവരുന്നതു കണ്ടിട്ടുണ്ട്.

അവൾ ശാന്തമായും വൃത്തിയോടുകൂടിയും അടുക്കളജോലികൾ ചെയ്തു ഞങ്ങളുടെ വസ്ത്രങ്ങൾ അലക്കിത്തന്നു. ഇടയ്ക്കിടെ കളമാധുര്യം തുളുമ്പുന്ന സ്ത്രൈണസ്വരത്തിൽ അവൾ നാടൻഗാനങ്ങൾ ആലപിക്കുന്നതു ഞാൻ കേട്ടി

ട്ടുണ്ട്. ഒരിക്കൽ ഞാനവളോടു ചോദിച്ചു, റൊകാറംബാ യിലെത്തുമ്പോൾ, അപ്പാരിഷിയോവുമായി വിവാഹം നടത്താൻ എന്തെങ്കിലും പ്ലാനുണ്ടോയെന്ന്. അവൾ കണ്ണുകൾ വിരിയിച്ച് എന്നെ തുറിച്ചുനോക്കി.

"ഇല്ല, അങ്ങനെയൊന്നുമില്ല. ആ കാരണത്തിന്റെ പേരിലല്ല ഞാനിവിടെ വന്നതു്."

പിന്നെ 'കാരണ'മെന്താണെന്ന് ഞാൻ ചോദി ച്ചില്ല.

കുറേ ദിവസത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ എസ് പൊറാൻസായിലെത്തി. ഗോയ്ഥെ, ഷോപ്പനോവർ, ഹെൻറിക് ഹൈനെ, കോളറിഡ്ജ്, എഡ്ഗർ അല്ലൻ പോ എന്നിവരുടെ ഗ്രന്ഥങ്ങളുമായി ഞാൻ മൂകതയിൽ സമയം ചെലവഴിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം അപ്പാരിഷിയോ എന്നെ ഒരു ഗ്രാമീ ണോത്സവത്തിനു ക്ഷണിച്ചു.

"നീ പൊയ്ക്കോളൂ; മേരിയിഞ്ഞായെയും കൂട്ടി ക്കോ. രസമായിക്കഴിയാം. ഞാനിവിടെത്തന്നെയിരിക്കു യാണു്."

"അവൾക്കു സുഖമില്ല. അവളിവിടെത്തന്നെയിരി ക്കാനാണു വിചാരിക്കുന്നതു്."

അപ്പാരിഷിയോ പോയി. കുറേക്കഴിഞ്ഞു് അവൾ എന്റെ മുറിയിൽ വന്ന് ഏതാനും മിനിട്ട്, നാട്ടുകാര്യ ങ്ങളെപ്പററി താഴ്ന്ന സ്വരത്തിൽ സംസാരിച്ചു. പിന്നെ അടുക്കളയിലേക്കു പോയി.

കുറേ ദിവസങ്ങൾ കഴിഞ്ഞു്, ചങ്ങാടത്തിൽ മൃഗ ങ്ങളെ സൂക്ഷിക്കുന്നതിനുള്ള ഒരു കൂട്ടുണ്ടാക്കുന്നതിനായി മുള കൊണ്ടുവരാൻ അപ്പാരിഷിയോ വനത്തിൽ പോയി രിക്കുമ്പോൾ, ഒരുനാൾ അവൾ എന്റെയരികിൽ വന്നു.

"അദ്ദേഹം എന്നോട് ദ്വേഷിച്ചിരിക്കയാണ്." മൃദുസ്വരത്തിൽ അവൾ പറഞ്ഞു. കുനിച്ചു പിടിച്ചിരിക്കുന്ന ആ കണ്ണുകൾ ഇടയ്ക്കിടെ മിന്നിയുയരും. "ഞാൻ അദ്ദേഹത്തിന്റെ പെണ്ണായി കഴിഞ്ഞുകൂടിയേക്കുകയില്ലെന്നാണ് അദ്ദേഹത്തിന്റെ തോന്നൽ."

ഞാൻ എന്തു പങ്കാണ് ഇതിലൊക്കെ വഹിക്കാൻ പോകുന്നതെന്നുള്ള അത്ഭുതത്തോടെ അവളെ ശ്രദ്ധിച്ചു. ഈ പെൺകുട്ടിയോട് പരിപൂർണ്ണമായും പൈതൃകമായ ഒരു വികാരമല്ല എനിക്കുള്ളത്. അസാധാരണമായി അവളെന്നെ നോക്കി. കണ്ണുകളിൽ വിധിനിർണ്ണായകമായ ആ ഔജ്ജ്വല്യം ഞാൻ കണ്ടു – ഒരു കാട്ടുതീയായി ആളിപ്പടരാനുള്ള ആരംഭം. ഞാനതു ഭയപ്പെട്ടു.

"അദ്ദേഹം പറഞ്ഞതു ശരിയാണ്." എനിക്കെന്തെങ്കിലും മിണ്ടാൻ കഴിയുംമുമ്പ് ധൃതിയിൽ അവൾ പറഞ്ഞു. "ഞാൻ അദ്ദേഹത്തിന്റെ പെണ്ണല്ല. അങ്ങയ്ക്കുവേണ്ടിയാണ് ഞാൻ ഇവിടെ വന്നതു്!"

എനിക്കു മറുപടി പറയാൻ കഴിഞ്ഞില്ല. ചിന്തകൾ എന്റെ മനസ്സിലൂടെ ഇരച്ചുപാഞ്ഞു.

...ബ്യൂനോസ് അയേഴ്സിൽ കാരാസ് വൈകാരിത്താസ് എന്ന വാരികയുടെ പ്രസ്സിൽ കട്ടിങ്ങ് മെഷീനിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന കാലത്തു് ഞാൻ ഫാൻസിനെ പരിചയപ്പെട്ടു. ഒരു അത്‌ലററിക് ക്ലബ്ബിൽ പോയി ഞങ്ങൾ തമ്മിൽ ഗുസ്തി പിടിക്കുകയും ബോക്സിങ്ങ് നടത്തുകയും ചെയ്യാറുണ്ടായിരുന്നു. അങ്ങനെ വളരെ അടുത്തു; അയാളുടെ വീട്ടിൽ പോയി. ഭാര്യ എൽസായുമായി പരിചയപ്പെട്ടു – സുന്ദരിയായ ഒരു ജർമ്മൻ പെൺകിടാവു്. അതൊരു പ്രേമബന്ധമായി..... ഫാൻസ് അതറിഞ്ഞപ്പോൾ അവർക്കൊരു വിവാഹ

മോചനമനുവദിക്കാൻവരെ തയ്യാറായതാണു്. എന്തു കൊണ്ടോ, അതോടെ ഞാൻ ആ നാട്ടിനോടു യാത്ര പറ ഞ്ഞു.....

വേദനാജനകമായ ആ പ്രേമസ്മരണയെ തട്ടിത്തു നിറുത്താൻ ശ്രമിച്ചുകൊണ്ടു് ഞാൻ മേരിയിഞ്ഞായെ നോക്കി. അർത്ഥനാഭാവം സ്ഫുരിക്കുന്ന മിഴികളോടു കൂടി, ഗദ്ഗദംകൊണ്ടു ചിതറിയ വാക്കുകളിൽ, ഞങ്ങൾ ക്കു് വസ്ത്രങ്ങളലക്കിയും ആഹാരം പാകം ചെയ്തും അ വിടെത്തന്നെ കഴിയാൻ അവളെ അനുവദിക്കണമെന്നും, കോപാന്ധനായി നില്ക്കുന്ന അപ്പാരിഷിയോയെ അവളെ ആട്ടിയോടിക്കാൻ അനുവദിക്കരുതെന്നും ആ സ്നേഹ ധന്യ എന്നോടാവശ്യപ്പെട്ടു.

നാളുകൾ കടന്നുപോയി ...

ഒരു ദിവസം വൈകിട്ടു്, ലഹരിയുള്ള കുറെ നാടൻ മദ്യം അവൾ കൊണ്ടുത്തന്നു അപ്പാരിഷിയോ അവി ടില്ല. ഒരു ചടങ്ങിന്റെ രീതിയിലാണു് ആ പാനപാത്രം അവളെനിക്കു വച്ചുനീട്ടിയതു്. ആ പെൺകിടാവിന്റെ മുഖത്തു നോക്കിയിട്ടു് ഞാൻ കാനനഭാഗങ്ങളിലേക്കു് മിഴികൾ തിരിച്ചു. അനുഭൂതികളെത്തൊട്ടുണർത്തുന്ന തരള മായ ഒരു വികാരസാന്ദ്രത ആ മുഖത്തു തിളങ്ങുന്നുണ്ടു്. അവളുടെ രൂപത്തിലും ഭാവത്തിലും ഒരു മാധുര്യം തുടിത്തു നില്ക്കുന്നു. കനത്തു കറുത്ത പുരികങ്ങൾക്കു കീഴിൽ അർദ്ധ നിമീലിതാവസ്ഥയിൽ മയങ്ങിത്തുടിക്കുന്ന മിഴികളും ലോ ലമായ വിഷാദച്ഛായയെ ഉമ്മവച്ചുനില്ക്കുന്ന അധരങ്ങളും ഒരു വികാരസാമ്രാജ്യത്തിന്റെ പ്രതീകങ്ങളാണു്.

എഴുന്നേററു് പാനപാത്രം കൈയിൽ കൊടുക്കു മ്പോൾ എന്റെ മുഖത്തു് അവളുടെ കണ്ണുകൾ തറച്ചു പോയി. അവയിൽ ജ്വലിക്കുന്ന ആ കറുത്ത അഗ്നി ഞാൻ കണ്ടു. അപ്പാരിഷിയോ എന്റെ സുഹൃത്തല്ലായി

രുന്നെങ്കിൽ എന്ന് ആ നിമിഷം ഞാൻ വിചാരിച്ചു പോയി.

"മേരീ!" ഞാൻ പറഞ്ഞുതുടങ്ങി. ഇരുട്ടു പടർന്നു വീഴുകയാണ്. അവളുടെ രൂപം അവ്യക്തമായിക്കാണാനേ അടുത്തു നിന്നിട്ടും കഴിയുന്നുള്ളു. "ഇരുട്ടു വരികയാണ് – നീ നിന്നെത്തന്നെ മറന്നുപോകും. നിൻെറ മുറിയിലേയ്ക്കു പൊയ്ക്കൊള്ളൂ." അവൾ പോയി; ഞാൻ എൻെറ അറയിലേക്കും.

ആ ദിവസങ്ങളിൽ അപ്പാരിഷിയോ എന്നോട് കുറെ അസുഖമായാണു പെരുമാറിയത്. ആയാൾ ദൂരെ വേട്ടയ്ക്കുപോയ ഒരു ദിവസം ഞാനവളോടു ചോദിച്ചു:

"നിനക്കു വീട്ടിൽ പോകണമെന്ന് ആശയുണ്ടോ?"

"ഇല്ല." അവൾ പറഞ്ഞു. "ഞാൻ ജീവിക്കുന്നിടം തന്നെയാണെൻെറ വീട്."

എൻെറ കാൽമുട്ടുകളിൽനിന്ന് ഒരടി അകലെയാണവളുടെ ശിരസ്സ്. ആ കറുത്തു തഴച്ച മുടി എന്നെ സ്പർശിക്കുന്നുണ്ട്. സ്നേഹവും ലാളനയും കൊതിക്കുന്ന ശാലീനയായ കന്യകയെപ്പോലെയാണവൾ ഒതുങ്ങിയിരിക്കുന്നതു്. അടക്കിയ ശബ്ദത്തിൽ സംസാരിച്ചുകൊണ്ട് വളരെനേരം ഞങ്ങൾ അങ്ങനെയിരുന്നു ഉറങ്ങാൻ തുടങ്ങുന്നതിനു സമയമായെന്നു ഞാനവളോടു പറഞ്ഞു. പത്തുക്കെയെണീററു് വസ്ത്രങ്ങൾ നേരെയാക്കിയിട്ട് ലളിതമായി അവൾ പറഞ്ഞു: "ഇന്നു രാത്രി ഞാനങ്ങയുടെ കൂടെ വരാം; അങ്ങ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ."

അവളുടെ കരം ഗ്രഹിച്ച് ഞാൻ ഏതാനും ചുവടുകൾ വച്ചു. വന്മരങ്ങൾക്കു മുകളിൽ, ഉദിച്ചുതുടങ്ങുന്ന ചന്ദ്രൻെറ മങ്ങിയ പ്രകാശം കാണാം. സഹോദരതുല്യമായ സ്നേഹം ഒരിക്കലും ഇത്ര കുറച്ച് എനിക്കവളോടു തോന്നിയിട്ടില്ല. ചങ്ങാടത്തിൻെറ മറേറയററത്തു് ഞങ്ങ

ളെത്തി. മങ്ങിയ നിലാവിൽ, അഴകു വഴിയുന്ന ആ മുഖവും അല്പം പിന്നോട്ടു ചായിച്ചുപിടിച്ച ശിരസ്സിൽനിന്നു ഒഴുകിയുലഞ്ഞുകിടക്കുന്ന കബരീഭാരവും, രാത്രിയിൽ കറുത്ത തടാകങ്ങൾപോലെ തിളങ്ങുന്ന മിഴികളും അതിവേഗമുയൻതാഴുന്ന ആ മാറിടവും ഞാൻ മാറിമാറി നോക്കി. ഞങ്ങളുടെ കൈകൾ ഇപ്പോഴും പിണഞ്ഞിരിക്കയാണ്.

ഒടുവിൽ, ആകാവുന്നതിലധികം സംയമശക്തിയാർജ്ജിച്ചുകൊണ്ട്, എന്റെ ഹൃദയം വാക്കുകളിൽ ഇല്ലാതെതന്നെ, ഞാൻ പറഞ്ഞു:

“മേരീ! നിന്റെ മുറിയിലേക്കു പോകൂ. നമുക്കിതിനെക്കുറിച്ച് പിന്നീടു സംസാരിക്കാം”

ശിരസ്സു കുനിച്ച് ഒരൊററവാക്കുപോലും മിണ്ടാതെ അവൾ ഇരുളിൽ നടന്നുമറഞ്ഞു. ഈ രാത്രിയ്ക്കുശേഷം, അവൾക്ക് എന്നോടു ലേശമെങ്കിലും ബഹുമാനം ഉണ്ടാകുമോ എന്നു ഞാൻ സംശയിച്ചു.

ഒരു മാസം കഴിഞ്ഞു് ജന്മി റോസെൻസോ ഞങ്ങളുടെയടുത്തുവന്ന് ഒരു പുള്ളിപ്പുലിയുടെ അക്രമണങ്ങളെക്കുറിച്ചു പറഞ്ഞു. അതു് ഒരു ഇടയനെ കൊന്നിരിക്കുന്നു: ധാരാളം കന്നുകാലികളെയും.

നായ്ക്കളെയുംകൂട്ടി കുതിരപ്പുറത്ത് വേട്ടയ്ക്കായി ഞാൻ യാത്രതിരിച്ചു. അപ്പാരിഷിയോ എന്റെകൂടെ വരാൻ ഒരുങ്ങിയെങ്കിലും ചങ്ങാടം സൂക്ഷിക്കാനായി ഞാൻ നിർബ്ബന്ധിച്ചു നിറുത്തുകയാണുണ്ടായതു്.

കൊല്ലപ്പെട്ട ഇടയൻ ഒരു കുതിരപ്പുറത്തു് പുലിവേട്ടയ്ക്കിറങ്ങിയതാണു്; വനത്തിൽവച്ചു് നായ്ക്കളെ കാണാനില്ലാതായി. ആയാൾ വേഗം കുടിലിലേക്കു മടങ്ങി. പുലിയാകട്ടെ പിന്നാലെ പാഞ്ഞുവന്ന് കുടിലിലിട്ടു് ആയാളെ കൊന്നു.

എൻെറ കൈയിൽ തോക്കും അമ്പും വില്ലും ഉണ്ട്. റോസെൻസോ കുതിരയെ സൂക്ഷിച്ചുകൊണ്ടു് അകലെ നിന്നു. പുലി, മരത്തിലാണ്. ഞാൻ അമ്പെയ്തു് അതിൻെറ പിൻകാലുകളിൽ കൊള്ളിച്ചു. അതു് നിലത്തുവീണു. അതൊരു പുൽക്കാടാണ്. അകത്തു കടന്നുകൂടിയാൽ ഒളിച്ചിരിക്കുന്ന പുലിക്കു് ഇരയായെന്നുവരും. ഞങ്ങൾ മടങ്ങി. വഴിയിൽ ഞങ്ങളുടെ കുതിരകളുടെ പാദമുദ്രകൾക്കു മുകളിലൂടെ മറെറാരു പുലി നടന്നിരിക്കുന്നതു കണ്ടു. കൊലപാതകികൾ ഇവിടെ കൂട്ടതലാണെന്നു് അപ്പാരിഷിയോവിനെ അറിയിക്കാൻ ഞാൻ റോസെൻസോവിനെ അയച്ചു.

രണ്ടു ദിവസം കഴിഞ്ഞു് അതിനെ പിന്തുടർന്നു് ഞാൻ വെടിവെച്ചു. മടങ്ങി വാസസ്ഥാനത്തെത്തിയപ്പോൾ അവിടെ ആരുമില്ല. റോസെൻസോവിൻെറ പരിചാരിക വന്നു പറഞ്ഞു: "അവർ എസ്പെറാൻസോവിലേക്കു പോയി."

അന്നു ഞാൻ വേട്ടയ്ക്കിറങ്ങിത്തിരിച്ചതിൽപ്പിന്നെ, അപ്പാരിഷിയോവും മേരിയും തമ്മിലുള്ള സൈ്വരക്കേട് ഉഗ്രമായ ഒരു വഴക്കിലെത്തി. അയാൾ വിട്ടുപോയാൽ കൂടി, അവൾ എൻെറകൂടെ താമസിക്കുമെന്നു് മേരി പറഞ്ഞു.

എൻെറ നിർദ്ദേശമനുസരിച്ചു് റോസെൻസോ വന്നപ്പോൾ, അപ്പാരിഷിയോ നാടുവിടാനൊരുങ്ങി- ഛങ്ങാടം രക്ഷിക്കാനിപ്പോൾ ഒരു പുരുഷനുണ്ടല്ലോ. ഉടനേ മേരി അയാളോടൊത്തു പോകാമെന്നു് സമ്മതം മൂളി.

"കൊച്ചുമേരിയിഞ്ഞായ്ക്കു് നിങ്ങൾക്കുവേണ്ടി ഒരു വലിയ ഹൃദയമുണ്ടു്." പരിചാരിക പറഞ്ഞു: "അപ്പാരിഷിയോയ്ക്കും."

അപ്പാരിഷിയോവും മേരിയിഞ്ഞായും പൊയ്ക്കഴിഞ്ഞതിൽപ്പിന്നെ, ഏകാന്തജീവിതമാണ് ആ കാന്താരരംഗങ്ങളിൽ ഞാൻ നയിച്ചുകൊണ്ടിരുന്നതു്. എങ്കിലും ഒരു സംതൃപ്തി അതിനുണ്ടായിരുന്നു. കുറുക്കനും കഴുകനും നക്കിത്തുടച്ചു് വിളറി വെളുത്ത കുറെ അസ്ഥിക്കഷണങ്ങളായി, ഉഷ്ണമേഖലാസൂര്യന്റെ അത്യുഗ്രകിരണങ്ങളേററു് ഈ ചതുപ്പു നിലങ്ങളിൽ എന്റെ ജീവിതം ചിതറിക്കിടക്കുന്നതിനെക്കുറിച്ചു് ഇടയ്ക്കിടെ ഞാനോർത്തുപോകുമായിരുന്നു.

ഒരിക്കൽ ഉൾനാട്ടുകളിലേക്കു കടന്നു് റയോബ്രാൻസോവിലെ ആന്റോണിയോ കാർലോസ്സാവിന്റെ കൃഷിക്കേന്ദ്രത്തിലേക്കു് ഞാൻ ചെന്നു. അദ്ദേഹത്തിന്റെ കന്നുകാലികളെ രാത്രികാലങ്ങളിൽ പുള്ളിപ്പുലികൾ വന്നു് കൂട്ടംകൂട്ടമായി നശിപ്പിക്കുന്നുവെന്നു് ഒരു സംസാരം കേട്ടിരുന്നു.

“നിങ്ങൾ ഇവിടെ വരണേയെന്നു് അന്തോണിസു പുണ്യാളനോടു് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു.” ഞാൻ അങ്ങോട്ടു കുതിരയോടിച്ചു ചെല്ലുമ്പോൾ വൃദ്ധനായ ആ മനുഷ്യൻ ആഹ്ലാദപൂർവ്വം പറഞ്ഞു.

ഒരുകൂട്ടം വേട്ടക്കാർ അവിടെ എന്തിനും തയ്യാറായി നില്ക്കുന്നുണ്ടു്. മുമ്പു് എന്റെകൂടെ മൃഗയാവിനോദത്തിനു വന്നിട്ടുള്ള ജോസ് ആബായെ എനിക്കു തുണയായി വരാൻ ഞാൻ തെരഞ്ഞെടുത്തു.

ആ വനഭാഗം മുഴുവൻ ആഴമുള്ള കുളങ്ങളും കുഴികളും അപകടകരമായവിധം ചെളിയുറഞ്ഞു കിടക്കുന്ന പുൽത്തട്ടുകളുമാണു്. അവിശ്വസനീയമായ ഒരു ചതുപ്പുപ്രദേശം. കുറേദൂരം കുതിരപ്പുറത്തു സഞ്ചരിച്ചിട്ടു് ഞങ്ങൾ കാൽനടയാരംഭിച്ചു. അമ്പും വില്ലും മുതുകിൽ കെട്ടി, കൈയിൽ തോക്കുമായി വേട്ടനായ്ക്കളെ പിന്തുടർന്നുപോകാ

മ്പോൾ, അവ ഒരു പുള്ളിപ്പുലിയുടെ മണം പിടിച്ച് പുൽത്തട്ടുകളിലൂടെ പെട്ടെന്ന് കുതിക്കുകയായി. ഞങ്ങളും അവയുടെ പിന്നാലെ പാഞ്ഞു. പൊടുന്നനെ എൻെറ കാലുകൾ എവിടെയോ വഴുതി; ഉറച്ചു നില്ക്കാൻ കഠിനശ്രമം നടത്തിയെങ്കിലും, അരയററം ചെളിവെള്ളത്തിൽ ഞാൻ മുങ്ങിപ്പോവുകയാണുണ്ടായതു്. താഴ്ന്ന ഒരു വൻമരത്തിൻെറ കൊമ്പിൽ പിടിക്കാൻ തുടങ്ങിയപ്പോൾ, ഒരു ശവംതീനി മീനിൻെറ അസ്ഥികൂടം ഞാനു നില്ക്കുന്നതു കണ്ടു. ജലത്തിൽനിന്നു കുതിക്കവേ, ചാഞ്ഞുനിന്നിരുന്ന മരച്ചില്ലയിൽ അവൻ കുരുങ്ങിപ്പോയതാവാം. എൻെറ മനസ്സിനെ മാരകമായ ഭയം കീഴമർത്തി. അതേ നിമിഷത്തിൽത്തന്നെ പാദങ്ങളിൽ ഒരു സമ്മർദ്ദമനുഭവപ്പെട്ടു. ശവംതീനി മീനുകൾ ഈ വെള്ളത്തിലുമുണ്ടെങ്കിൽ ഞാൻ രക്ഷപ്പെടാൻ പോവുന്നില്ല. ഒരു മണൽത്തിട്ടയിൽ പിടിച്ച് മുകളിലേക്കു കയറാമെന്നു കരുതി. വിദൂരതയിൽ അലിഞ്ഞലിഞ്ഞവ്യക്തമാകുന്ന നായ്ക്കളുടെ കുര ശ്രദ്ധിച്ചുകൊണ്ടു്, ശാരീരികമായും മാനസികമായും അസ്തശക്തനായി ചെളിയിലൂടെ ഞാൻ വലിഞ്ഞിഴഞ്ഞു. ഒടുവിൽ മുകളിലെത്തി, പുൽപ്പുറത്തു് തോക്കു തുടച്ചു വൃത്തിയാക്കിക്കൊണ്ടു് നാലുപാടും കണ്ണോടിച്ചപ്പോൾ, പുഴകളാൽ ചുററപ്പെട്ട ഒരു ഉപദ്വീപിലാണു് ഞാൻ അകപ്പെട്ടുപോയതെന്നു മനസ്സിലായി. പിൻമടങ്ങാൻ ഒരു മാർഗ്ഗവുമില്ല. ശൈത്യകാലങ്ങളിൽ നദികളിൽനിന്നു് ഇത്തരം ചാലുകളിലേക്കും കുളങ്ങളിലേക്കും ശവംതീനി മീനുകൾ വൻപററങ്ങളായി വന്നു താവളമടിക്കാറുണ്ടു്. ഇവിടെയും അവററ ഉണ്ടായേക്കാം. എങ്കിൽ അത്യപകടകരമായ ഈ ജലനരകം നീന്തിക്കടക്കുമ്പോൾ പ്രാണൻ നഷ്ടപ്പെടാൻ വലിയ പ്രയാസമില്ല.

മണൽത്തട്ടിലേക്ക കയറിയപ്പോൾ ഞാൻ മറിഞ്ഞു വീണ്ട് ഉറങ്ങിപ്പോയിരിക്കും; എന്തെന്നാൽ ഓമ്മ വരുമ്പോൾ കവിളിൽ എന്തോ തണുപ്പനുഭവപ്പെട്ടകയായിരുന്നു. ഞാൻ ശിരസ്സുയർത്തി നോക്കി: വലെൻറി എന്നെ നക്കുന്നു. ഡ്രഗാവോ ചത്തുപോയപ്പോൾ, അവനെപ്പോലെതന്നെ മിടുക്കനൊണെന്നു പറഞ്ഞു ജോവാക്കിം എനിക്ക് സമ്മാനിച്ച ശൂരനായ വേട്ടനായാണ് വലെൻറി. നായ്ക്കൾ, പുലിയെ വനഭാഗമെമ്പാടും ചുററിച്ചു. ഞാൻ വീണുകിടന്നതിന് ഏതാനുംവാര അകലെവച്ച്, പകൽ മുഴുവൻ നടന്ന ആ സമരത്തിനുശേഷം, രക്ഷപ്പെട്ടുകളഞ്ഞ പുലിയെ കൂടുതൽ അന്വേഷിക്കാതെ വലെൻറി മടങ്ങിവന്നിരിക്കുകയാണ്. അവിടെനിന്നെഴുന്നേററ് നായ്ക്കളോടൊത്തു കുറേദൂരം നടന്നുചെന്നപ്പോൾ ജോസിനെ കണ്ടുമുട്ടി. കുറച്ചുദൂരം ചതുപ്പിലൂടെത്തന്നെ വലിഞ്ഞിഴഞ്ഞു സഞ്ചരിച്ചുകഴിഞ്ഞപ്പോൾ, ആ ഉപദ്വീപിൽ തൊട്ടുനില്ക്കുന്ന ഒരു നീണ്ട കര കണ്ടെത്തി. പടിഞ്ഞാറൻ ചക്രവാളമാകെ, അസ്തമനശോഭ സൃഷ്ടിച്ച ഒരു സ്വർണ്ണക്കടലായി മാറിയിരിക്കുകയാണ്. ഒരു കുട്ടിവനത്തിന്റെ അതിരിലെത്തി, ഉയർന്നുകിടക്കുന്ന ഭാഗത്തേക്ക്, ഇരുണ്ടുനില്ക്കുന്ന വൃക്ഷനിരകളുടെയിടയിലൂടെ കയറുമ്പോൾ, പട്ടികൾ പ്രത്യേകശബ്ദത്തിൽ കുരയ്ക്കുന്നതു കേട്ടു: ആ കോണിലെവിടെയോ പുള്ളിപ്പുലി ഉണ്ടെന്നാണ് അതിനത്ഥം. ഉടനെ ഞാൻ ഫ്ളാഷ് ലൈററ് പ്രവത്തിപ്പിച്ചു. അരപ്പട്ടയാൽ ബന്ധിച്ചിരുന്ന ആ സാധനം വെള്ളത്തിൽ മുങ്ങിക്കിടക്കാൻ ഇടയായെങ്കിലും നല്ലതുപോലെ പ്രകാശിക്കുന്നുണ്ട്. ഇരുട്ടിലൂടെ അതു സൃഷ്ടിച്ച പ്രകാശഗുഹയിൽ പുലിയുടെ രൂപം ഞാൻ വ്യക്തമായി കണ്ടു. തോക്കുപയോഗിക്കാമെന്നു കരുതി. ലൈററ്, ജോസിന്റെ കൈയിലേക്ക കൊടുത്തുകൊണ്ട് കാഞ്ചി

വലിച്ചപ്പോൾ, അപകടകരമായ നിർഭാഗ്യമെന്നു പറയട്ടെ, വെറുമൊരു ക്ലിക്ക് ശബ്ദമേ പുറപ്പെട്ടുള്ളൂ! പുലിയുടെ ചീററലിൽനിന്ന് അതു കുതിക്കാൻ പോവുകയാണെന്ന് മനസ്സിലായി. ധൃടുതിയിൽ ഒരു തിരയിട്ട് ഞാൻ വീണ്ടും വെടിവെച്ചു, ഇത്തവണ വനത്തിൽ ഭീകരമായ ഒരു മുഴക്കം സൃഷ്ടിച്ചുകൊണ്ട് അതു പൊട്ടിത്തെറിക്കുകയും പുലി വൃക്ഷശാഖയിൽനിന്ന് നിലംപൊത്തുകയും ചെയ്തു.

ഫ്ളാഷ് ലൈററിൻെറ പ്രകാശത്തിൽ അതിന്റെ തോലിയുരിച്ച് ഞങ്ങൾ ആവാസകേന്ദ്രത്തിലേക്കു മടങ്ങി. പിററദിവസം അതു് ആൻേറാണിയോവിനു കൊടുത്തു്, അദ്ദേഹം നേരത്തെ വാഗ്ദാനം ചെയ്തിരുന്നതുപോലെ പ്രതിഫലമായി ഞാൻ ഒരു കുതിരയെ വാങ്ങി.

ബ്രാൻസോവിലെത്തി രണ്ടുവർഷമായപ്പോഴാണ്, കോറുംബായിൽ നിന്നു് അസൻഷനിലേക്കു രണ്ടാഴ്ചയിലൊരിക്കൽ വരാറുള്ള മെയിൽ ലാഞ്ചിൻെറ ക്യാപ്ററൻ, ഏണെസ്റ്റ് കൊല്ലപ്പെട്ടുവെന്നതിനെക്കുറിച്ച് എന്നെ അറിയിച്ചതു്. സങ്കടവും വിഷമവും കൊണ്ടു് ഞാൻ രോഗശയ്യയിൽ വീണുപോയി; എൻെറ സഹോദരൻ എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു.

ഒരു സുഹൃത്തിനെ ചങ്ങാടമേല്പിച്ചിട്ട്, പട്ടികളെയും അവിടെത്തന്നെ നിറുത്തി, ഞാൻ കുയബായിലേക്കു പോയി. അതു് ഉഷ്ണകാലമായിരുന്നു. നാട്ടുകാരനായ ഒരു കാലിമേച്ചിൽക്കാരൻെറ സഹായം കൊണ്ടാണ് വഴി മനസ്സിലാക്കിയിരുന്നതു്. ഒരിക്കൽ ഭക്ഷ്യസാധനങ്ങൾ ഒന്നും കിട്ടാതെ വിശന്ന് തളർന്നുപോയപ്പോൾ കുറെ പഴയ തേൻ കുടിച്ചു. കൂടെയുണ്ടായിരുന്നയാൾ തടസ്സം പറഞ്ഞുവെങ്കിലും വിശപ്പുകൊണ്ടു ഞാനതു് ഉള്ളിലാക്കിപ്പോയതാണ്. പക്ഷേ അതിൻെറ ഫലമായി കുറെ

ദിവസങ്ങൾ ഞാൻ അന്ധനായി കഴിച്ചുകൂട്ടേണ്ടിവന്നു. എട്ടാഴ്ചകൊണ്ട് ഞാൻ സ്റ്റാറിത്തായിലെത്തി. ഡോണാ-മരിയാ കുഞ്ഞുമോനോടുകൂടി അവിടെത്തന്നെ താമസിക്കുന്നുണ്ട്. ദുഃഖവും വിരഹവേദനയും അവരുടെ ആരോഗ്യം നശിപ്പിച്ച് ചൈതന്യം കെടുത്തിയിരിക്കുന്നു.

"അവർ അദ്ദേഹത്തിന്റെ മൃതദേഹം ഒരു രാത്രിയിൽ വീട്ടിലേക്കു കൊണ്ടുവന്നു." മരിയ പറഞ്ഞു. അവരുടെ സ്വരം തളർന്നിരുന്നു. മിഴികൾ മങ്ങി, എല്ലാ പ്രതീക്ഷകളും അതിൽനിന്ന് ദ്രവീഭവിച്ചുപോയിരിക്കുന്നു.

"കൊല്ലാൻവേണ്ടി ശത്രുക്കൾ പലരും അനേകം തവണ അദ്ദേഹത്തെ വെടി വെച്ചിട്ടുണ്ട്." ജ്യേഷ്ഠത്തി പറഞ്ഞു. കണ്ണുനീർ അവരുടെ കവിളുകളിലൂടൊഴുകവേ, സ്വന്തം ആത്മാവുതന്നെ നൊമ്പരംകൊണ്ടു മുറിഞ്ഞു മുറിഞ്ഞു വരുംപോലുള്ള ശബ്ദത്തിൽ മുഴുവൻ കഥയും അവരെന്നോടു വിവരിച്ചു. ഇടയ്ക്കിടെ നിസ്സഹായത തുളുമ്പുന്ന ആ സ്നേഹമുള്ള കണ്ണുകൾ, സ്വർണ്ണത്തലമുടിയും ഏണെസ്റ്റിന്റേതുപോലെ നീലമിഴികളുമുള്ള കുഞ്ഞുമോനെ നോക്കുന്നുണ്ടായിരുന്നു.

എന്റെ കൈയിലുണ്ടായിരുന്ന പണം മുഴുവൻ ഡോണാ മരിയായ്ക്കു കൊടുത്തുകൊണ്ട്, അമ്പോബ്രലിലുള്ള അവരുടെ കുടുംബത്തിലേക്കു പോകുന്നില്ലേ എന്നു ഞാൻ ആരാഞ്ഞു. ആശ്വാസപൂർവ്വം അവർ പറഞ്ഞു

"ഇനി പോകാം; അനിയൻ വരുന്നതിനുമുമ്പ് എന്റെ കൈയിൽ പണമില്ലായിരുന്നു."

പ്രിയപ്പെട്ട ജ്യേഷ്ഠന്റെ ഘാതകന്മാരെ അന്വേഷിച്ചുകൊണ്ട് ഞാൻ കുറെ ദിവസങ്ങൾ കുയാബായിൽത്തന്നെ താമസിച്ചു. പക്ഷെ ഏണെസ്റ്റിനെ കൊന്നുകഴിഞ്ഞ് അവർ ഒളിച്ചു പൊയ്ക്കളഞ്ഞുവെന്ന് എനിക്കു വിവരം കിട്ടി. വർഷങ്ങൾക്കുശേഷം ആ ഘാതകസംഘത്തി

ൻെറ തലവനെ ഞാൻ കണ്ടെത്തി. അവനെ കൊല്ലണ മെന്നായിരുന്നു എൻെറ ഉദ്ദേശ്യം. എൻെറ ഏററവും വലിയ ശത്രുവായിരുന്ന ഫവെല്ലിയോടുപോലും ഇത്രയധികം തീക്ഷ്ണമായ പ്രതികാരവും വെറുപ്പും തോന്നിയിട്ടില്ല. തെക്കെ അമേരിക്കയിൽ വന്ന് ഏണെസ്റ്റിനെ ആദ്യമായി കണ്ടുമുട്ടിയ ദിവസമാണ് ഫവെല്ലിയുമായുള്ള ശത്രുത ആരംഭിച്ചത്. അവനെന്നോട് അലക്ഷ്യമായും ധിക്കാരത്തോടും പെരുമാറി. പിന്നെ ആ ശത്രുത വളന്നു വളർന്ന് രണ്ടിലൊരാൾ കൊല്ലപ്പെടണമെന്നുവരെയെത്തി. കോറംബായ്ക്കു സമീപമുള്ള ഒരു ഗ്രാമത്തിൽ, താമസിക്കുമ്പോൾ, ഒരു ദിവസം നദിക്കരയിൽവച്ച് അവനെ ഞാൻ കണ്ടു. അവൻ എന്നെ വെല്ലുവിളിച്ചു ഞാൻ മുന്നോട്ടു കുതിച്ചു. ഫവെല്ലി ഒരു വഞ്ചിയിൽ ചാടിക്കയറി ധിക്കാരത്തോടെ പിന്നെയും പോർവിളി മുഴക്കി. ഞാൻ വീണ്ടും മുന്നോട്ടാഞ്ഞു. പൊടുന്നനെ ആ നിർഭാഗ്യവാൻ വെള്ളത്തിൽ വീണു. കാപിടിക്കാൻ പിടഞ്ഞു നീന്തുന്നതിനിടയിൽ, പററം പററമായി ശവംതീനി മീനുകൾ പാഞ്ഞുവരികയും ഫവെല്ലിയുടെ മാംസം കാർന്നു തിന്നുകയും ചെയ്തു. പ്രാണവെപ്രാളത്തോടെ അയാൾ കരയ്ക്കെത്തിപ്പിടിച്ചുവെങ്കിലും നെഞ്ചും വയറും മീൻ തിന്നുപോയതുകൊണ്ടു പിടഞ്ഞു ചാവുകയാണുണ്ടായത്.

ഏണെസ്റ്റിനെക്കൊന്ന മഹാദുഷ്ടനെ എൻെറ കൈകൾകൊണ്ടു വകവരുത്തണമെന്നു തോന്നി; ലോകത്ത് അവനെ മാത്രമാണ് ഞാൻ ഏററവും കൂടുതൽ വെറുത്തിട്ടുള്ളത്. പക്ഷേ നേരിൽ കണ്ടപ്പോൾ, മുഖമാകെ ജരയും രോഗംകൊണ്ടു ദുർബ്ബലമായ ശരീരവുമുള്ള ആ മനുഷ്യനെ ഞാൻ ഒന്നും ചെയ്തില്ല. സ്വന്തം സുഖക്കേടു തന്നെ അയാളെ നശിപ്പിക്കട്ടെ. പിന്നെയും തെക്കോട്ട് ഞാൻ യാത്രയായി. അരിക്കായിലെത്തിയപ്പോൾ ഒരു

ജന്മി, ഒരു പുള്ളിപ്പുലിയെ കൊല്ലുന്നതിനു് എന്നെ ക്ഷണിച്ചു. സാത്താൻ എന്നാണു് ശല്യകാരിയായ ആ പുലിയെ വിളിച്ചുവന്നതു്. കുറേനാൾമുമ്പു് അതു കൊല്ലപ്പെട്ടുവെന്നോ മറെറവിടെങ്കിലും പോയെന്നോ ആളുകൾ ധരിച്ചിരുന്നു. എങ്കിലും ഏതു നിമിഷവും അവന്റെ കടന്നാക്രമണം ഭയപ്പെട്ടു കഴിയുകയായിരുന്നു. കുറച്ചുനാൾ കഴിഞ്ഞു്, ആ വർഷംതന്നെ അവിടെച്ചെല്ലാമെന്നു ഞാൻ മറുപടി പറഞ്ഞു.

സാവോ ലാറെൻസോവഴി സഞ്ചരിക്കുമ്പോൾ, നദിക്കരയിൽ തകർന്ന ഒരു ഓടം കിടക്കുന്നതു കണ്ടു് എന്താണു് കഥയെന്നറിയാൻ ഞാനങ്ങോട്ടു ചെന്നു. ഗ്വാട്ടോ വർഗ്ഗക്കാരിലൊരാളുടെ വഞ്ചിയാണതു്. ഏതാനും അടി ദൂരെ ഒരു ഉരുക്കു കുന്തമുനയും ഒടിഞ്ഞുപോയ കുന്തപ്പിടിയും കിടപ്പുണ്ടു്. നന്നേ സൂക്ഷിച്ചുനോക്കുന്നതിനു മുമ്പുതന്നെ ഞാൻ എന്താണു കണ്ടുമുട്ടിയതെന്നു് ശരിക്കും മനസ്സിലായി. ചുള്ളിക്കമ്പുകൾക്കിടയിൽക്കിടന്നു മാംസം നക്കിയെടുക്കപ്പെട്ട കുറെ നെഞ്ചെല്ലുകൾ വിളറിച്ചിരിക്കുന്നു; ഭൂരിഭാഗവും കടിച്ചുപൊട്ടിച്ചിരിക്കയാണു്; അല്പമകലെ തകർന്നുപോയ ഒരു മനുഷ്യാസ്ഥികൂടം. ഞാൻ ആ കുന്തം പരിശോധിച്ചു; കലിയിളകിയ ഏതോ ഹിംസ്രജന്തു അതു് ചവച്ചുനാശമാക്കിയിട്ടുണ്ടു്! എനിക്കെല്ലാം മനസ്സിലായി. ധീരനായ ജോവാക്കിം ഗ്വാട്ടോയുടെ അവസാനത്തെ കാന്താരസമരരംഗത്തേക്കു ഞാനിതാ വന്നുനില്ക്കുന്നു!

എന്താണു സംഭവിച്ചതെന്നു കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല. ഒരു പുള്ളിപ്പുലിയെ പിന്തുടരാൻ വേണ്ടി അദ്ദേഹം മരവഞ്ചി കരയ്ക്കണച്ചു. പുലി മരച്ചില്ലകൾക്കിടയിൽ പതുങ്ങിയിരിക്കുന്നതു് അദ്ദേഹമറിഞ്ഞിരുന്നില്ല. ഉണങ്ങിയ ഭൂമിയിൽ കണ്ട ഗുഹാമുഖത്തെത്തി

ആയുധപ്രയോഗത്തിനൊരുങ്ങുമ്പോൾ ആ കാട്ടുപിശാച്, ആ പരാക്രമശാലിയുടെമേൽ കോപാവേശത്തോടെ ചാടിവീഴുകയാണുണ്ടായത്. പിന്നീടു നടന്നതൊക്കെ തന്നെ, ഘോരവനങ്ങളിൽ ഏകനായി വേട്ടയ്ക്കിറങ്ങി ത്തിരിക്കുന്ന ഏതൊരു മനുഷ്യനും അനുഭവപ്പെടാവുന്ന ദയനീയവും നിർഭാഗ്യകരവുമായ ജീവിതാന്ത്യത്തിന്റെ, കിടിലം കൊള്ളിക്കുന്ന ദാരുണമായ ഒരു യഥാർത്ഥ ദുരന്ത നാടകത്തിന്റെ, രക്തരൂക്ഷിതമായ സംഭവങ്ങളത്രേ.

ഒരു കുഴിയുണ്ടാക്കി, ആ അനശ്വരയോദ്ധാവിന്റെ അസ്ഥിക്കഷണങ്ങൾ ഞാൻ സംസ്കരിച്ചു. മരിക്കുന്നതിന് ഒരു മാർഗ്ഗം തെരഞ്ഞെടുക്കാൻ അദ്ദേഹത്തിനു് ഒരു സൗകര്യം നൽകപ്പെട്ടിരുന്നെങ്കിൽ, ഭയമെന്തെന്നു് അനുഭവിച്ചിട്ടില്ലാത്ത ആ അത്ഭുതമനുഷ്യൻ ഇതുതന്നെ തെരഞ്ഞെടുക്കുമായിരുന്നു.

റയോ ബ്രാൻസോവിൽ മൂന്നുവർഷമേ താമസിച്ചുള്ളു. വെങ്കിലും ജീവിതത്തിന്റെ പകുതി അവിടെ ചെലവഴിച്ചുവെന്നു് എനിക്കു തോന്നി. അ സമയത്തു്, ജീവനുള്ളവയെ സൃഷ്ടിക്കാനും നശിപ്പിക്കാനുമുള്ള കാനനലോകത്തിന്റെ കഴിവെന്തെന്നു ഞാൻ മനസ്സിലാക്കി. മററു യാതൊരു ശക്തിയും ജീവിതത്തിൽ ഇത്ര സാന്ദ്രമായ സ്വാധീനവും ഉജ്ജ്വലചൈതന്യവും ചെലുത്തിയിട്ടില്ല.

ആയിടെ പാൽമാസു് ചിക്കാസ് എന്ന സ്ഥലത്തുനിന്നു്, പുള്ളിപ്പുലികളുടെ ആക്രമണങ്ങളെക്കുറിച്ചു് അനേകം വർത്തമാനം അറിയാൻ കഴിഞ്ഞു. ഞാൻ അങ്ങോട്ടു യാത്ര തിരിച്ചു. വളരെ ഹൃദ്യമായ സ്വാഗതമാണു് അവിടെനിന്നു് എനിക്കു കിട്ടിയതു്. പക്ഷേ തുടക്കത്തിൽ തന്നെ വേട്ടയിൽ കുഴപ്പങ്ങൾ ഉണ്ടായി. ക്യാമ്പിൽ നിന്നിറങ്ങി ഒരു മണിക്കൂറാകും മുമ്പേ, നായ്ക്കൾ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ സഞ്ചരിയ്ക്കാൻ തുടങ്ങി. ഏതോ മണം

പിടിച്ച് വിൻറി നദീതീരത്തേക്കും, വലെൻറിയും പാദ്രോവും ഒരു മലയുടെ ഉച്ചിയിലേക്കും പാഞ്ഞു. വിൻറിയുടെ കുരകേട്ടാൽ എന്തോ കണ്ടു പിടിച്ച മട്ടുണ്ട്. ഞാൻ ആ വഴിക്കു തിരിഞ്ഞു. അരമണിക്കൂർ നേരത്തേക്ക് മുകളിൽനിന്നു കുര കേൾക്കാനുണ്ടായിരുന്നു. അതു നിലച്ചു കഴിഞ്ഞപ്പോൾ നായ്ക്കൾക്കു മാർഗ്ഗഭ്രംശം പിണഞ്ഞതായിരിക്കുമെന്നു ഞാൻ കരുതി. പിന്നെ വിൻറി നിശ്ശബ്ദനായി മടങ്ങിവന്ന് കൂട്ടുകാരുടെയടുത്തേക്കു കുതിച്ചു. കുറേനേരം നായ്ക്കളെ മടക്കി വിളിക്കാൻ ഞാൻ ശ്രമിച്ചുവെങ്കിലും അവ അതു കേട്ട ലക്ഷണമില്ല. രണ്ടുമണിക്കൂർനേരം വനമദ്ധ്യത്തിലൂടെ, മുൾച്ചെടികളും കൊച്ചുമരങ്ങളും വള്ളിപ്പടർപ്പുകളും വലിച്ചിളക്കിക്കൊണ്ടു, ഞാൻ ഒരന്വേഷണം നടത്തി. ഭയം, മനസ്സിനെ അസ്തശക്തമാക്കുകയാണ്. ഇരിക്കെത്തന്നെയുള്ള ആ ക്രൂരൻമലയിൽ ഉച്ചസൂര്യൻെറ ഉഗ്രകിരണങ്ങൾ പൂർണ്ണപ്രാഭവത്തോടെ പ്രസരിക്കുകയാണ്. കുറേ വള്ളിപ്പടർപ്പുകൾ വലിച്ചുനീക്കിയപ്പോൾ നല്ല പ്രകാശമുള്ള ഒരു സ്ഥലത്ത് ഒരു ചോരക്കട്ട കിടക്കുന്നതു കാണായി.

അതു് വലെൻറി ആയിരുന്നു. അവൻെറ ഒരു വശം വലിച്ചുചീന്തിയെടുത്തിരിക്കുകയാണ്; കുറേ തിന്നിട്ടുമുണ്ട്. പുലികളുമായി നടത്തിയ നൂറോളം യുദ്ധങ്ങളിൽ എന്നെ സഹായിക്കുകയും അഞ്ചുവർഷം എൻെറകൂടെ ജീവിക്കുകയുംചെയ്ത സ്നേഹസമ്പന്നനായ ആ മൃഗത്തിൻെറ മുഖത്തേക്കു നോക്കാൻ ഞാൻ നിലത്തു മുട്ടുകുത്തി. ചോദ്യം ചെയ്യുകയോ എതിർപ്പു പ്രകടിപ്പിക്കുകയോ ചെയ്യാതെ എനിക്കുവേണ്ടി ഈ ഭൂമിയിൽ ജീവിതം ബലിയർപ്പിച്ച ഒരേയൊരു സുഹൃത്താണതു്.

ജീവിതത്തിലാദ്യമായി, അറിഞ്ഞുകൊണ്ടു് ഞാൻ പൊട്ടിക്കരഞ്ഞു. ഏണസ്റ്റ് മരിച്ചപ്പോഴോ, ജോവാക്കി

മിന്റെ അസ്ഥിക്കഷണങ്ങൾ കണ്ടപ്പോഴോ എന്റെ കണ്ണുകൾ നിറയുകയുണ്ടായില്ല. എന്റെ ശരീരവും ആത്മശക്തിയും മനസ്സും പ്രേമത്തിനുവേണ്ടി സമർപ്പിച്ചിരുന്ന എൽസായെ വേർപിരിഞ്ഞപ്പോഴും ഞാൻ കരഞ്ഞില്ല. ഏററവും അടുത്ത ഈ സുഹൃത്തു് മരിച്ചുപോയി എന്നുള്ള ബോധം, എന്റെ ഹൃദയവികാരങ്ങളെയും സന്താപത്തെയും അണമുറിച്ചു വിട്ടു. രക്തംകൊണ്ടു കുതിർന്നു കിടക്കുന്ന ആ മണ്ണിൽനിന്നെഴുന്നേററു് കുന്തംകൊണ്ടു് ഒരു കുഴിയുണ്ടാക്കി ഞാൻ വലെൻറിയെ സംസ്കരിച്ചു.

## സാത്താൻ പുലിയും
## ഈഡിത്ത് എന്ന സുന്ദരിയും

ജീവിതത്തിൽ പകുതിയോളം (ഇപ്പോഠം എനിക്ക് നാല്പതു വയസ്സാവുകയാണ്) ഈ വനങ്ങളിൽ ഞാൻ ഏകാന്തജീവിതം നയിച്ചു. പൊന്തകളുടെയും പുൽക്കാടുകളുടെയും മുകളിൽ ശവംതീനിക്കഴുകൻ ചുററിപ്പറക്കുമ്പോഠം, പഴയ സംഭവങ്ങളെക്കുറിച്ചുള്ള ഭീതിദമായ സ്മരണകഠം എന്നെ തളർത്തിക്കളയാറുണ്ട്. വൈകാരികമായ തിരിച്ചടികളെ മനുഷ്യമനസ്സിന് കുറെയൊക്കെത്താങ്ങാൻ കഴിയും; പ്രേമഭാജനം നഷ്ടപ്പെടുന്നതോ, മരണത്തെത്തന്നെയോ അതിനു സഹിക്കാം. പക്ഷേ ഭയത്തിൻെറ പൈശാചികശക്തിയെ അതിജീവിക്കാൻ സാധാരണമനുഷ്യന് സാദ്ധ്യമാണെന്ന് എനിക്കു വിശ്വസിക്കാനാവുന്നില്ല.

ഈ ചിന്തകഠം എന്നിൽ രൂപം കൊണ്ടപ്പോഠം, ഉറച്ച ഒരു തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. മാറേറാ ഗ്രോസോവിലെ വനങ്ങളിലേക്ക് ഞാൻ തീർച്ചയായും മടങ്ങിപ്പോകണം; ഞാൻ ചെയ്തതൊക്കെത്തന്നെ രേഖപ്പെടുത്തിവയ്ക്കുന്നതു നല്ലതാണല്ലോ.

'എന്നെന്നേക്കു'മായി മാറേറാ ഗ്രോസോയെ വിട്ടുപോരുവാനുള്ള പഴയ തീരുമാനത്തിനുശേഷം നാലു മാസം കഴിഞ്ഞു് ഞാൻ ആ വനങ്ങളിലേക്കു മടങ്ങി.

പഴയ സ്മരണകൾ, അധൃഷ്യമായ ശക്തിയോടുകൂടി തെക്കോട്ടു സഞ്ചരിക്കാൻ എന്നെ പ്രേരിപ്പിച്ചു. അങ്ങനെ പാസ്സോ ഫുൻഡോവിലെത്തി, എഴുപതു കഴിഞ്ഞ വൃദ്ധനായ ഡോം കാർളോസിനെ സന്ദർശിച്ചു. എൻെറ ആകൃതിതന്നെ വ്യത്യസ്തമായിപ്പോയിരുന്നെങ്കിലും അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. സംസാരിച്ചു തുടങ്ങിയ ഉടനെ ജോവാക്കിമിനെക്കുറിച്ച് അദ്ദേഹം അന്വേഷിക്കുകയും ചെയ്തു. ജോവാക്കിം ഗ്വവാട്ടോയോടൊത്തു നടത്തിയ വേട്ടകളെക്കുറിച്ച് ഞാൻ ഡോമിനു് വിശദീകരിച്ചുകൊടുത്തു; പിന്നെ സംഭവിച്ചതൊക്കെയും. ഫവെല്ലിയുടെ മരണത്തെപ്പററി കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു:

"അങ്ങനെ അവൻ മരിച്ചു. അല്ലേ? നിങ്ങൾ ജീവിച്ചിരിക്കുന്നേടത്തോളം അവനു ജീവിച്ചിരിക്കുക പ്രയാസമാണ്. കുറേക്കൂടി സന്തോഷകരമായ നിലയിൽ അവനു മരിക്കാൻ സാദ്ധ്യമാവാതെ വന്നതിൽ എനിക്കു ദുഃഖമുണ്ടു്."

സാവോ പൗളോവിലെ പ്രദർശനത്തെയും ജർമ്മനിയിലേക്കു് ഫോട്ടോഗ്രാഫിക് സാമഗ്രികൾക്കുവേണ്ടി നടത്താനുദ്ദേശിക്കുന്ന യാത്രയേയും കുറിച്ചു പറഞ്ഞപ്പോൾ കൗതുകപൂർവ്വം അദ്ദേഹം ആശംസ നല്കി: "മകനേ, വനത്തിലേയ്ക്കു പോയി നിൻെറ സുഹൃത്തുക്കളായ മൃഗങ്ങളുമൊത്തു് മരിക്കുക. മറെറാന്നിനുംവേണ്ടി നീ ജീവിക്കേണ്ടതില്ല."

"ദൈവേഷ്ടംപോലെ പ്രവർത്തിക്കൂ, മകനേ. ചിലപ്പോൾ അദ്ദേഹം, നിനക്കെതിരിടാൻവേണ്ടി ഒരു പുതിയതരം ഹിംസ്രജന്തുവിനെ തെരഞ്ഞെടുത്തു തരും. ചിലപ്പോൾ ഒരു പെണ്ണു്! ങേ! നിങ്ങൾ നിങ്ങളുടെ കാമുകിമാരെക്കുറിച്ച് ഒന്നും പറഞ്ഞില്ലല്ലോ!"

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. അപ്പാരിഷി

യോവിനെയും, വലിയ ഹൃദയമുള്ള കൊച്ചു മേരിയിഞ്ഞായെയും കുറിച്ചോർത്തപ്പോൾ വേദന തോന്നി. എനിക്ക് സ്ത്രീകളുമായുള്ള സംസർഗ്ഗം, ജീവിതത്തിലെ അതിപ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നതല്ല. ഈ വിഷയത്തെക്കുറിച്ചുള്ള ഡോം കാർളോസിൻെറ സംസാരം കേൾക്കാനും വലിയ താല്പര്യം തോന്നിയില്ല.

മനുഷ്യാത്മാവിന്റെ അഗാധതലങ്ങളോളം അന്വേഷണാസക്തിയോടെ തുളഞ്ഞുകയറുന്ന ആ ഒററക്കണ്ണുകൊണ്ട് അദ്ദേഹം എന്നെ നോക്കി. എൻെറ ഉൾക്കാമ്പിലെ ചിന്തകൾപോലും അദ്ദേഹം മനസ്സിലാക്കുന്നുവെന്ന് എനിക്കു തോന്നി. പെട്ടെന്ന് ഒരുത്തരം കണ്ടുപിടിച്ചപോലെ ഡോം ധൃതിയിൽ പറഞ്ഞു: "ഒരുപക്ഷെ, നിങ്ങളെപ്പോലെ സാമർത്ഥ്യമുള്ള ഒരു വേട്ടക്കാരിയെ നിങ്ങൾ കണ്ടെത്തിയെന്നുവരും. വിവിധായുധങ്ങൾ പ്രയോഗിക്കാൻ അവൾക്കു മാത്രമേ കഴിയൂ."

അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം അദ്ദേഹം സംസാരം അവസാനിപ്പിക്കുന്നതുപോലെ പറഞ്ഞു: "അല്ലെങ്കിൽ, എൻെറ മകനേ, വനത്തിലേയ്ക്കു മടങ്ങിപ്പോവുക; അവിടെത്തന്നെ മരിക്കുക."

ആ വൃദ്ധൻെറ ഗാംഭീര്യമിയന്ന വാക്കുകളാകെത്തന്നെ ചെവിക്കുള്ളിൽ മുഴങ്ങിത്തുടിക്കുകയായിരുന്നു, ഞാൻ യാത്ര പറഞ്ഞിറങ്ങുമ്പോൾ. വടക്കോട്ടു സഞ്ചരിച്ച് അമോളറിനടുത്ത് കാരക്കാരയിൽ ഞാൻ താമസിച്ചു. അവിടെവച്ചാണ് ജോസ് റാമോസിൽനിന്നു സാത്താൻ പുലിയെക്കുറിച്ച് വീണ്ടും കേൾക്കാനിടയായത്. എന്റെ ക്യാമ്പിൽനിന്ന് പത്തു മൈലകലെ റാമോസ് ഭാര്യയുമൊത്ത് താമസിക്കുകയാണ്. ആയാൾക്കു സ്വന്തമായി കുറച്ചു കന്നുകാലികളുണ്ട്; അവയേയും ഒരു ജന്മിയുടെ കന്നുകാലികളെയും മേയിക്കുകയാണു ജോലി. സാത്താൻ,

റാമോസിന്റെ പന്ത്രണ്ടു പശുക്കളെ തിന്നുകളഞ്ഞിരിക്കുന്നു.

ഞാൻ കൂടെപ്പോകാമെന്നു സമ്മതിച്ചു. പക്ഷേ, വഴികാട്ടുന്നതിന് മുൻപിൽ നില്ക്കുവാൻ പരിചയമുള്ള നായ്ക്കൾ ഒന്നും തന്നെ എന്റെ കൂടെയില്ല. ഉള്ളവയെ കൊണ്ടു വേട്ടയ്ക്കു പുറപ്പെടുന്നതു പ്രയോജനമുള്ള കാര്യവുമല്ല.

സാത്താൻ പുലിയുടെ അക്രമപ്രവൃത്തികൾ ആ നാട്ടിലൊക്കെ പ്രസിദ്ധമായിരുന്നു. അവിടെ പ്രസിദ്ധനായ ഒരു നായാട്ടുകാരൻ, ഒരിയ്ക്കൽ ആ ഹിംസ്രജന്തു ഒരു മരക്കൊമ്പിൽ നില്ക്കുമ്പോൾ വെടിവച്ചുവത്രെ. ഉഗ്രമായ രോഷത്തോടെ പുലി നിലത്തു ചാടി. കൂടെയുണ്ടായിരുന്ന നായ്ക്കളെ ആ കൊലപാതകിയുടെ കാരുണ്യത്തിനു വിട്ടിട്ട് വേട്ടക്കാരൻ പ്രാണനും കൊണ്ടു പാഞ്ഞു. നിമിഷത്തിനുള്ളിൽ നായ്ക്കളൊക്കെത്തന്നെ പുലിയുടെ അടിയേററു ചത്തു വീണു.

നായ്ക്കളെ കൊല്ലുന്നതിന് പുലിക്ക് ഒരു തന്ത്രമുണ്ടു്. പുൽക്കൂട്ടത്തിനുള്ളിൽ ഇറങ്ങി നിന്ന് വട്ടം കറങ്ങി, ആദ്യം ഒരു പട്ടിയെ അടിക്കും. പിന്നെ അതിന്റെ കാര്യം അന്വേഷിക്കുവാൻ സമയം മെനക്കെടുത്താതെ ഝടിതിയിൽ അടുത്ത നായയെ തല്ലി വീഴ്ത്തും: അങ്ങനെ ഏതാനും നിമിഷത്തിനുള്ളിൽ വേട്ടക്കാരനോടൊത്തു വരുന്ന നായ്ക്കളൊക്കെത്തന്നെ സാത്താൻ പുലിയുമായുള്ള സമരത്തിൽ ജീവത്യാഗം ചെയ്യേണ്ടിവരാറുണ്ടു്.

മരത്തിൽ വച്ചു വെടിയേററതിൽ പിന്നെ സാത്താൻ, പുൽക്കാട്ടിൽ മാത്രമാണു കഴിഞ്ഞുകൂടിയതു്. തോക്കുമായിവരുന്ന വേട്ടക്കാർക്ക് തന്നെ അവിടെ വച്ചു് അപായപ്പെടുത്താനാവില്ലെന്ന് പുലിക്കു നല്ല നിശ്ചയമുണ്ടായിരുന്നു. പിന്നെ കുന്തം കൊണ്ടു് എതിരിട്ടാലേ

എന്തെങ്കിലും പ്രയോജനമുള്ളൂ. പക്ഷേ, മികച്ച നായ്ക്കളില്ലാതെ ഒന്നും സാദ്ധ്യമല്ല. റാമോസിനും കാര്യം ബോധ്യമുണ്ട്. എങ്കിലും നൈരാശ്യത്തോടെ ആയാൾ പറഞ്ഞു:

"അങ്ങ് അവനെ അന്വേഷിച്ചു പിടിച്ചില്ലെങ്കിൽ, എന്റെ കന്നുകാലികളൊക്കെ കൊല്ലപ്പെടും. എനിക്കുള്ളതൊക്കെ നഷ്ടപ്പെടട്ടെ. സാരമില്ല. പക്ഷേ, ഇനിയൊരിക്കലും ജന്മി ശമ്പളം തരികയില്ല."

ഇതിനു മുമ്പ് രണ്ടുതവണ ആ നാട്ടുകാർ സാത്താൻ പുലിയെ വേട്ടയാടുന്നതിന് എന്നോടപേക്ഷിച്ചിട്ടുണ്ട്. ജോസ് എന്നെത്തന്നെ നോക്കി നില്ക്കുകയാണ്. ആയാൾക്കു പുലിയെ പിൻതുടരാൻ പരിചയമുള്ള നായ്ക്കളൊന്നുംതന്നെയില്ല. ഒടുവിൽ ഞാൻ പറഞ്ഞു:

"തീർച്ചയായും ഞാനിക്കാര്യം നിർവ്വഹിക്കാം. പക്ഷേ, അവനെ കാണുകയോ, അല്ലെങ്കിൽ അടുത്തുണ്ടെന്നു മനസ്സിലാക്കുകയോ ചെയ്യണം. എന്നാൽ ഞാനവനെ പിന്തുടരാം."

വെയിലേററു തിളങ്ങുന്ന ചതുപ്പുനിലത്തിലൂടെ വിദൂരതയിലേക്കു കണ്ണുകളയച്ചിട്ട് ആയാൾ എന്റെ നേരേ തിരിഞ്ഞു.

"എന്തായാലും ഞാൻ പുലിയെ അന്വേഷിച്ചു പോകും. ഞാനൊററയ്ക്ക്; പട്ടികളൊന്നുമില്ലാതെ." ശാന്തനായി ആയാൾ പറഞ്ഞു. "ഒന്നുകിൽ ഞാൻ ആ പിശാചിനെ കൊല്ലും; അല്ലെങ്കിൽ അവൻ എന്നെ നശിപ്പിക്കും."

നദിക്കരയിലൂടെ കുതിരയോടിച്ച് റാമോസ് കൃഷികേന്ദ്രത്തിലേക്കുപോയി. ആയാൾ പുലിയെഅന്വേഷിച്ചു തിരിക്കുമെന്ന് എനിക്കുറപ്പുണ്ടായിരുന്നു. ഞാൻ വിസമ്മതം കാട്ടിയതിൽ എനിക്കുതന്നെ അതിശയം തോന്നി. അതേ സമയം, അതിനെ എതിരിടണമെന്നും

കൊല്ലണമെന്നും ഒരു വാഞ്ഛ മനസ്സിലുറയ്ക്കുകയും ചെയ്തു.

ജോസ് റാമോസിൻെറ സന്ദർശനം കഴിഞ്ഞു് ഏതാനും ദിവസമായപ്പോൾ, വനഭാഗത്തു് കഴുകന്മാർ കറങ്ങിച്ചുറവുന്നതു കണ്ടു്, ഞാൻ നായ്ക്കളെ അഴിച്ചു വിട്ടു. കുറച്ചു സമയത്തിനുള്ളിൽ അവ കൊല കണ്ടു പിടിച്ചു—ഒരു മാനാണു്. നഖങ്ങൾകൊണ്ടു് അതിനു വലിയ പാരുക്കുകൾ ഏറ്റിരിക്കുന്നു, കഴുത്തിൽ നിന്നും വയററിൽ നിന്നും മാംസം പറിച്ചെടുത്തിട്ടുണ്ടു്. പക്ഷേ ഒട്ടും തിന്നിട്ടില്ല. അതു സാത്താൻ പുലിയുടെ പ്രവൃത്തിയാണെന്നു് എനിക്കു മനസ്സിലായി. ആഹാരത്തിനല്ലാതെ ആനന്ദത്തിനു വേണ്ടിയും അലഞ്ഞു നടന്നു കൊല നടത്തുക അവൻെറ സ്വഭാവമാണു്.

നായ്ക്കൾ പിന്നെയും മുമ്പോട്ടു കുതിച്ചു; ഞാൻ പിന്തുടന്നു. ഒരു മൈലകലെ മററൊരു മാൻ ഇതുപോലെ കൊല്ലപ്പെട്ടു കിടപ്പുണ്ടു്; അതിനെയും തിന്നിട്ടില്ല. കുറച്ചു കൂടി സഞ്ചരിച്ചപ്പോൾ വീണ്ടും രണ്ടെണ്ണത്തിനെക്കണ്ടു; അതിനെയും തിന്നിട്ടില്ല. നായ്ക്കൾ പിന്നെയും ഓടി. ഒരെണ്ണം ദയനീയമായി നിലവിളിക്കുന്നതു കേട്ടപ്പോൾ, സാത്താൻെറ അഞ്ചാമത്തെ കൊലസ്ഥലത്തെത്തിയ ആ ഹതഭാഗ്യനേയും അതു് വകവരുത്തിയിരിക്കുന്നുവെന്നു് മനസ്സിലായി. പുൽമേടുകളിലൂടെ വൈദഗ്ദ്ധ്യമില്ലാത്ത ഈ നായ്ക്കൾ ഇനിയും പിന്തുടന്നാൽ അവയ്ക്കു മരണം സംഭവിക്കുവാൻ എളുപ്പമാണെന്നു് തോന്നിയതുകൊണ്ടു് മടങ്ങാൻതന്നെ ഞാൻ നിശ്ചയിച്ചു.

രാത്രി മുഴുവൻ ചിന്തിച്ചതിനുശേഷം ഒററയ്ക്കു പുറപ്പെടാൻതന്നെ ഞാൻ തയ്യാറായി. പക്ഷേ, പിറേറ ദിവസം എല്ലാം തെററി. രാവിലെ തോക്കു വൃത്തിയാക്കിക്കൊണ്ടിരിക്കുമ്പോൾ ജോസിൻെറ ഭാര്യയായ മേരിയാ റാമോസ് കുതിരയോടിച്ചു വരുന്നതു കണ്ടു. ആ കണ്ണു

കളിൽ ഭയവും വേദനയും നിഴൽ പടത്തിയിരിക്കുന്നു.

അടുത്തേയ്ക്കോടിച്ചെന്ന് ഗദ്ഗദം കൊണ്ടു വാക്കുകൾ ഉച്ചരിക്കാനാവാതെ വിഷമിക്കുന്ന അവരെ കുതിരപ്പുറത്തുനിന്നിറങ്ങാൻ ഞാൻ സഹായിച്ചു. "ജോസ്—" അവർ വിമ്മുകയാണ്. സമാധാനിപ്പിക്കാൻ ശ്രമിച്ചുകൊണ്ടു ഞാൻ ചോദിച്ചു: "ജോസിനെന്തു സംഭവിച്ചു?"

"പുലിയെ അന്വേഷിച്ച് അദ്ദേഹം പോയി— ഇന്നു രാവിലെ കുതിരമാത്രം മടങ്ങിവന്നു."

കുതിരയ്ക്കും മുറിവു പററിയിട്ടുണ്ട്. ജീനിയിലേയ്ക്കു ചോര ഒഴുകിവീണുകൊണ്ടിരിക്കുന്നു. മേരിയാ കഥയൊക്കെപ്പറഞ്ഞു. എന്നെ കണ്ടശേഷം വീട്ടിൽ മടങ്ങിയെത്തിയ ജോസ് പുലിയെ അന്വേഷിച്ചിറങ്ങി. ഒരു വേട്ടക്കാരനെന്ന നിലയിൽ പരിചയമോ ഒരു നല്ല തോക്കോ ആ മനുഷ്യനില്ല. അന്തോണീസു പുണ്യാളന് മെഴുകുതിരിയും കത്തിച്ചുവച്ച്, ഭർത്താവു തിരിച്ചുവരുന്നതിനു സഹായിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് അവൾ ഉറക്കമിളച്ചു കഴിച്ചുകൂട്ടി. പക്ഷേ, രക്തമൊലിപ്പിച്ചുകൊണ്ട് കുതിരമാത്രമേ മടങ്ങിയെത്തിയുള്ളു. ഉടനെ, കുതിരപ്പുറത്തു കയറി അവൾ എൻെറ ക്യാമ്പിലേക്കു വരികയാണുണ്ടായതു്. മേരിയാ കരിമിഴികളുള്ള ഒരു അതിസുന്ദരിയും സുശീലയുമാണ്. അവൾക്ക് ഇരുപത്തഞ്ചു വയസ്സു പ്രായം വരും. ഭർത്താവുമൊത്തു് കഠിനാദ്ധ്വാനം ചെയ്താണ് അവൾ ജീവിച്ചിരുന്നതു്.

കുതിരയേയും നായ്ക്കളേയും തയ്യാറാക്കി, ഉടനേ തന്നെ പുറപ്പെടാൻ ഞാൻ നിശ്ചയിച്ചു. ത്രൂപി എന്ന കൊച്ചുനായ് പിന്നാലേ പാഞ്ഞു വന്നു. ഞാനതിനെ വീട്ടിനു മുമ്പിൽ കെട്ടിയിട്ടു. വീട്ടിലേക്കു പൊയ്ക്കൊള്ളാൻ പറഞ്ഞപ്പോൾ മേരിയാ വിസമ്മതം പ്രകടിപ്പിച്ചു.

"ഞാനും അന്വേഷിച്ചു വരുന്നു." അവളറിയിച്ചു.

 4325 

കുറേ ദൂരമെത്തിയപ്പോൾ വനത്തിൽ കഴുകന്മാർ വട്ടം ചുററുന്നതു കാണായി. പൊന്തകൾക്കിടയിലൂടെ ഉള്ളിലേക്കു കടന്നു. നിലത്തു മുഖമമർത്തി ഒരു മനുഷ്യൻ കിടക്കുന്നു. ഷർട്ടു് നാരുനാരായി കീറിയിട്ടുണ്ടു്; ദേഹമാകെ മുറിവേററിരിക്കുന്നു. തല തിരിച്ചു നോക്കിയപ്പോൾ, അതു ജോസാണെന്നു മനസ്സിലായി.

പിന്നിൽ ഒരു നിലവിളികേട്ടു തിരിഞ്ഞു നോക്കി. മേരിയാ കുതിരപ്പുറത്തുനിന്നു വീഴുകയാണ്. ചാടിച്ചെന്നു ഞാനവളെ പിടിച്ചു. ബോധം തെളിഞ്ഞപ്പോൾ വീട്ടിലേയ്ക്കു പോകാൻ അവൾ അധികം വിസമ്മതം കാണിച്ചില്ല. അങ്ങനെ മേരിയായുടെ വീട്ടിലേയ്ക്കു പോകവേ, ഞാൻ ആലോചിച്ചു നോക്കി; സാത്താൻ ആ സ്ഥലം വിട്ടുകാണുകയില്ല. ജോസിന്റെ മുറിവുകളിൽനിന്നു മനസ്സിലാവുന്നതു്, കുതിരയുടെ പിന്നിലൂടെ പുലി ചാടിയെന്നാണ്; അങ്ങനെ അതു് ജോസിനെ അടിച്ചു നിലത്തിട്ടു. ഏതാനുമടി അകലെ, നിറയ്ക്കാത്ത തോക്കു കിടപ്പുണ്ടു്. വിഴ്ചയ്ക്കിടയിൽ അതു് തെറിച്ചു പോവുകയും ഭയന്നു വിരണ്ട കുതിര മണ്ടിപ്പായുകയും ചെയ്തിരിക്കണം.

കുന്തവും അമ്പും വില്ലും തോക്കുമെടുത്തു് ഞാൻ പുലിയെത്തേടി പുറപ്പെട്ടു. പത്തു മിനിട്ടായി. കുറച്ചുദൂരെ ഒരു നായയുടെ ദയനീയമായ നിലവിളി കേട്ടു് അങ്ങോട്ടു ചെന്നു. പുലിയുടെ അടിയേററു് ആ ശ്വാനന്റെ വയറു പിളർന്നുപോയിരിക്കുന്നു. മററു നായ്ക്കളെ തിരിച്ചു വിളിക്കാൻ വേണ്ടി ഞാൻ മുന്നോട്ടു കുതിച്ചു. വീണ്ടും ദയനീയമായ, സങ്കടജനകമായ, ഒരു നിലവിളി. ഒരെണ്ണം കൂടി കൊല്ലപ്പെട്ടിരിക്കുന്നു. ആ സാത്താൻ സ്വതസിദ്ധമായ തന്ത്രം കൊണ്ടു് നായ്ക്കളെ നശിപ്പിക്കുകയാണ്.

1321

നാലു നായ്ക്കളും ചത്തു; എല്ലാം ഏതാനും മിനിട്ടിനുള്ളിലാണ് നടന്നതു്. മനസ്സിൽ എരിഞ്ഞുയരുന്ന കോപത്തോടെ എന്തുചെയ്യണമെന്നറിയാതെ നില്ക്കുമ്പോൾ, പിന്നിൽ പുല്ലുകൾക്കിടയിൽ ഒരനക്കം. തിരിഞ്ഞു നോക്കി: തുപ്പിയാണു്. കയറു കടിച്ചു പൊട്ടിച്ചിട്ടു അവൻ എന്റെ പിന്നാലെ ഓടിയെത്തിയിരിക്കുന്നു. മുന്നോട്ടു കുതിക്കാനൊരുങ്ങിയ അതിന്റെ കയറിൽ കാൽകൊണ്ടു ഞാൻ ചവിട്ടിപ്പിടിച്ചു. എങ്കിലും അതു ശക്തിയോടെ മുന്നോട്ടു വലിച്ചുകൊണ്ടു് ഉറക്കെ കുരയ്ക്കുകയാണു്. ഒരസ്ത്രമെടുത്തു ഞാൻ വില്ലിൽ തൊടുത്തു. പെട്ടെന്നു പുല്ക്കാട്ടിലൊരനക്കം. ഞൊടിയിടയിൽ അമ്പു തൊടുത്തു വിട്ടു. എന്തിലോ അതു കൊണ്ടുവെന്നെനിക്കറിയാം. പുല്ലുകൾക്കിടയിൽ ചലനമുണ്ടു്. എങ്കിലും തിങ്ങിഞെരുങ്ങി വളരുന്ന ആ ഹരിതനരകത്തിനിടയിലൂടെ ഒന്നും കാണാനാവുന്നില്ല. രണ്ടാമത്തെ അമ്പുമെടുത്തു് അനങ്ങുന്ന സ്ഥലത്തിന്റെ മദ്ധ്യത്തുതന്നെ ഊക്കോടെ പായിച്ചു.

പെട്ടെന്നു് മഞ്ഞനിറമുള്ള ഒരു ക്രൂരൻ പുലി പുല്ലിനിടയിൽ നിന്നു്, പൊക്കം കുറഞ്ഞ ഒരു മരത്തിന്നടുത്തേയ്ക്കു് പാഞ്ഞു പോകുന്നതു കണ്ടു. വൃക്ഷത്തെ സമീപിച്ചപ്പോൾ അതു് എന്നെക്കണ്ടു തിരിഞ്ഞു നിലയായി. തുപ്പിയെ വിട്ടുകൊണ്ടു് ഞാൻ കുന്തമെടുത്തു് സമരത്തിനു തയ്യാറായി. അമ്പു് അവന്റെ തോളിൽ തുളച്ചു കടന്നിരിക്കയാണു്.

ഒന്നു രണ്ടു തവണ മുന്നോട്ടു വരികയും പിന്നെ പുറകിലേക്കു നീങ്ങുകയും ചെയ്തുകൊണ്ടു് അതു് ഉഗ്രമായി അലറി. ഞാൻ മുന്നോട്ടു നടന്നു; എങ്കിലേ സൗകര്യമായി അവനെ കുത്തിമലർത്താൻ പററിയെന്നു വരികയുള്ളു. പെട്ടെന്നു് അതു് പുല്ലുകൾക്കിടയിലേക്കു ചാടിയിറങ്ങി.

ഞാൻ ഇനി നിസ്സഹായനാണു്. അതിനെ കൃത്യമായി പിന്തുടരുക, സാധ്യമല്ല.

മുന്നോട്ടു നടന്നുചെല്ലവേ, അടുത്തുള്ള മരത്തിൽ നിന്നിരുന്ന ഒരു കഴുകന്റെ ഭീതിദമായ ശബ്ദം എന്നെ ഞടുക്കി. അതു് എന്റെ ശ്രദ്ധയ്ക്കു് ശൈഥില്യമുണ്ടാക്കിയാൽ, പുലി തന്ത്രപൂർവ്വം ചാടി, എന്നെ അടിച്ചു തരിപ്പണമാക്കും. ഒരു നിമിഷത്തെ നിശ്ശബ്ദത കണ്ടു് തക്കമിതാണെന്നു മനസ്സിലാക്കി, പുലി എന്റെ നേരേ കുതിച്ചു. ചാടി വരുന്ന ആ കൊലപാതകിയുടെ കഴുത്തിൽത്തന്നെ കുന്തം കൊണ്ടു് ഞാൻ ഊക്കോടെ ആഞ്ഞുകുത്തി. നല്ല ആഴത്തിൽ മുറിവേററില്ലെങ്കിലും അവന്റെ സമനില തെററി; പക്ഷേ, ശക്തിയോടെ ആഞ്ഞു വീശിയ അതിന്റെ കൈത്തലം തോളിലടിച്ചു് ഞാൻ ഒരു വശത്തേയ്ക്കു് ചരിഞ്ഞുവീണു. ഒരു തളർച്ചയും കൂടാതെ വീണ്ടും വീണ്ടും കുതിച്ച ആ പുലിയുടെ ആക്രമണത്തെ തടുത്തു നില്ക്കാൻ തന്നെ കഴിയുമോ എന്നു ഞാൻ സംശയിച്ചു. എങ്കിലും തോളിലെ വേദനകൊണ്ടു് അതു് അല്പം പിന്നോട്ടുമാറി. ഒന്നുരുണ്ടു മുട്ടുകുത്തി എഴുന്നേല്ക്കാൻ ഞാൻ ആ സൗകര്യവും ഉപയോഗിച്ചു. കൈകൊണ്ടു കുന്തം ബലമായി പിടിച്ചു് അടുത്ത ചാട്ടത്തെ എതിരിടാൻ ഞാൻ തയ്യാറായി.

ഞാൻ ദുർബലനാകുകയാണോ? കുന്തമുപയോഗിച്ചുള്ള ഒരു യുദ്ധത്തിനിടയിൽ, വൈദ്യുതവേഗത്തിലാണു് മനുഷ്യനിൽ ശക്തി നഷ്ടപ്പെടുന്നതു്. ഏതാനും മിനിട്ടു നേരത്തേയ്ക്കുപോലും ഒരു പുലിയോടെതിർത്തു് ഒരു മനുഷ്യനു് ശാരീരികബലം കൊണ്ടു് സുരക്ഷിതമായി നില്ക്കുക പ്രയാസമത്രേ.

സാത്താനും ശക്തി ക്ഷയിച്ചു. അവൻ പിന്നിലേയ്ക്കു നീങ്ങിയപ്പോൾ, കഴുത്തിലേററിരിക്കുന്ന പിളപ്പു് ഞാൻ കണ്ടു. അതിലൂടെ രക്തം പുറത്തേക്കു കുത്തിപ്പായുകയാ

യാണു്. ഇനിയും അവൻ്റെ ഒരു ചാട്ടത്തെ എതിരിടാൻ എനിക്കു കഴിയുമെങ്കിൽ, ഒരൊററക്കുത്തിനു ഞാനവനെ നിലം പററിക്കും. ഒരൊററച്ചാട്ടം കൂടി — അതിനെ അതിജീവിക്കാൻ ആൎക്കു സാദ്ധ്യമാകുന്നോ, അവൻ വിജയിയാവും.

തല തിരിച്ചു് പല്ലുകൾ ഇളിച്ചു കാട്ടിക്കൊണ്ടു് അതു് എൻ്റെയടുത്തു നില്പുണ്ടു്; എങ്കിലും ചാടുന്നില്ല. ഞാൻ കിതയ്ക്കുകയാണു്. മുഖത്തുകൂടെ തുളുമ്പിച്ചാടുന്ന വിയൎപ്പിൽ കണ്ണുകൾക്കു കാഴ്ച മങ്ങിത്തുടങ്ങുന്നു. പക്ഷേ, എനിക്കു കൈയനക്കാൻപോലും പററുകയില്ല. ഏതെങ്കിലും വിധത്തിൽ അവനെയൊന്നു ഉപദ്രവിക്കണമെന്നാലോചിക്കാൻ തുടങ്ങും മുമ്പേ കാന്താരലോകത്തെ വിറപ്പിക്കുന്ന ഒരു ഉഗ്രഗൎജ്ജനത്തോടെ പൈശാചികമായ വേഗത്തിൽ അതു് എൻ്റെ നേരേ ചാടി.

കുന്തമുനയൊന്നു ശരിക്കുയൎത്താൻപോലും സൗകൎയ്യം കിട്ടിയില്ല. ദുൎഗ്ഗന്ധം വമിക്കുന്ന ഊഷ്മളമായ ശ്വാസം അതിൻ്റെ തുറന്ന വായിൽനിന്നു് എൻ്റെ മുഖത്തും കൈകളിലും തട്ടി. അവൻ്റെ തോൾപ്പുറത്തിനു മുകളിലൂടെ കഴുത്തിലേക്കു് കുന്തം ഇടിച്ചിറക്കാൻ ഇതിനിടയിൽ എനിക്കു സാധിക്കുകതന്നെ ചെയ്തു. ഭീകരമായി വീശിയടിക്കുന്ന ആ കൈപ്പത്തിയിലെ നഖങ്ങൾ എൻ്റെ ശരീരത്തിനു് എത്ര സമീപത്താണെന്ന കാൎയ്യംതന്നെ ഞാൻ മറന്നുപോയി. അവസാനത്തെ ശക്തിയും സംഭരിച്ചു് ആ ഉരുക്കായുധം അവൻ്റെ ചങ്കിലേക്കു് തുളച്ചു കടത്താൻ ശ്രമിച്ചുവെങ്കിലും ആ ക്രൂററൻ സത്വരം തറ പററുന്ന ലക്ഷണമല്ല കാട്ടുന്നതു്. കുന്തപ്പിടിയുടെ അററത്തു് ഭ്രാന്തമായ ഊക്കോടെ, ഇടിച്ചു്, പുലിയുടെ മാംസത്തിലൂടെ അതിൻ്റെ മുന മണ്ണിൽ കുത്തിത്തറപ്പിക്കാൻ എനിക്കു കഴിഞ്ഞു.

സമരാന്ത്യത്തിലെ ഈ ഉഗ്രമായ ശക്തിപ്രയോഗം എത്രനേരം നീണ്ടുനിന്നുവെന്ന് എനിക്കറിയുകില്ല-ചില പ്പോൾ ഏതാനും നിമിഷങ്ങൾ മാത്രമാകാം. മുന്നൂറോ നാനൂറോ കന്നുകാലികളെ അടിച്ചുകൊന്ന ആ കൈകൾ കൊണ്ടു്, പ്രാണൻ പിരിയുന്ന വേദനയ്ക്കിടയിൽ ദയനീയമായി നിലത്തു തല്ലി ആ വനരാജൻ എന്റെ മുമ്പിൽ നിശ്ചലനായി വീണു. രക്തരൂക്ഷിതമായ അതിന്റെ ചങ്കിൽനിന്ന് കുന്തം വലിച്ചെടുക്കാനുള്ള കരുത്തില്ലാതെ, ഞാൻ അല്പനേരം ആ ആയുധത്താൽത്തന്നെ ശരീരം താങ്ങി നിന്നുപോയി തുപി, സന്തോഷംകൊണ്ടു ഭ്രാന്തു പിടിച്ചപോലെ തുള്ളിച്ചാടുകയാണു്.

ജോസ് റാഫമാസിന്റെ മൃതദേഹം വീട്ടിലെത്തിച്ചിട്ടു മടങ്ങിവന്നപ്പോൾ, സാത്താന്റെ സുന്ദരജഡം പകുതിമുക്കാലും വനജീവികൾ തിന്നൊടുക്കിയിരിക്കുന്നതാണു കണ്ടതു്. എങ്കിലും തല ഞാൻ മുറിച്ചെടുത്തു. വലിച്ചുചീന്തപ്പെട്ടു കിടക്കുന്ന ആ ശവശരീരം അളന്നു നോക്കി. മൂക്കു മുതൽ വാലററം വരെ 112 ഇഞ്ചോളം നീളമുണ്ടു് – ഏകദേശം പത്തടി! അതിന്ന് എന്തു ഭാരം വരുമെന്നു് ഞാൻ സങ്കല്പിച്ചു നോക്കി; 400 റാത്തൽ ഉണ്ടാകുമെന്നു തീർച്ച്.

സാത്താൻ പുലിയുമായുള്ള സമരം എന്റെ വനജീവിതത്തിലെ ഒരു കാലഘട്ടത്തിന്റെ അന്ത്യം കുറിക്കുകയായിരുന്നു. അപ്പാരിഷിയോ വിട്ടുപിരിഞ്ഞതിൽപ്പിന്നെയുള്ള മൂന്നു വഷത്തിൽ, ജമ്മനിയിലും സാഫവാ പോഫലോവിലും കഴിച്ചുക്രട്ടിയ ഏതാനും മാസങ്ങളൊഴിച്ചു് ഞാൻ തികച്ചും ഏകാന്തമായ ജീവതമാണു നയിച്ചിരുന്നതു്. തുപിയായിരുന്നു എന്നെ ആ അപകടസന്ദർഭത്തിൽ രക്ഷിച്ചതെന്നു തീർച്ച. സാത്താൻപുലി ഏതു മാർഗ്ഗത്തിലൂടെ വന്നാണു് എന്നെ ആക്രമിക്കുക എന്നു് നിശ്ചയ

മില്ലാതെ നില്ക്കുമ്പോൾ, ആ കൊച്ചു നായ് എന്നെ രക്ഷിക്കാനായി അവിടെ ഓടിയെത്തി ചെല്ലപ്പോൾ അതു് എന്നെ കൊല്ലുമായിരുന്നിരിക്കാം. ഏതായാലും ഏററവും അപകടകരവും ഉഗ്രവുമായ സമരം ഇതു തന്നെയായിരുന്നു.

ഇതിനുശേഷമാണു്, ബ്രസീലിയൻ അതിർത്തിയിൽനിന്നും ഗ്രാൻ ചാക്കോ വഴി ആൻഡിസ് പർവ്വതനിരവരെ ഏകദേശം 500 മൈൽ വരുന്ന ഒരു ദീർഘയാത്ര, ലോകത്തിലെ ഏററവും അപകടപൂർണ്ണമായ വനഭാഗങ്ങളിലൊന്നിലൂടെ ഉറിയോ ലഗോഷ്യ, ദുഗ്രയ്ഡ്, ബീ മേസൻ എന്നീ പ്രശസ്ത സാഹസിക സഞ്ചാരികളുമായിച്ചേർന്നു് ഞാൻ നടത്തിയതു്. ഗ്രാൻ ചാക്കോയിൽ യനായ്ഗ്രുവാ എന്ന നരഭോജികളായ മനുഷ്യർ ധാരാളമുണ്ടെന്നു് കേട്ടിരുന്നു. കൂടുതൽ വിവരങ്ങളറിയാൻ ഒരു തപ്പാൽക്കാരൻ ഞങ്ങളെ സഹായിച്ചു. ആയാൾ ഒരു ദിവസം തപ്പാലുരുപ്പടികളുമായി സാന്താക്രൂസിലേക്കു് പോകുമ്പോൾ ഒരു പച്ചക്കൂടാരം കണ്ടു് അതെന്താണെന്നു് പരിശോധിക്കാൻ അടുത്തു ചെന്നു. പെട്ടന്നനേ, നഗ്നരായ ഒരുക്കൂട്ടം പ്രാകൃതമനുഷ്യർ ഗദകൾ ചുഴററി നൃത്തം വച്ചുകൊണ്ടു് ആയാളെ സമീപിച്ചു. തപ്പാൽക്കാരൻ ഭയന്നു വിറച്ചു. ആയാൾ വിയപ്പിൽ മുങ്ങി. പക്ഷേ, ആ നരഭോജികൾ വെറും ഫലിതം കാട്ടുകയായിരുന്നു. സ്ത്രീകളാണു് കൂടുതൽ ഹാലിളക്കം കാണിച്ചതത്രെ. ഒടുവിൽ അവർ ആയാളുടെ ഷർട്ടു് വലിച്ചുകീറുകയും കത്തുകൾ വാരിയെറിയുകയും ചെയ്തു. തന്നെ കശാപ്പു ചെയ്യാൻ പോവുകയാണെന്നു കരുതി തപ്പാൽക്കാരൻ അർദ്ധപ്രാണനായി നില്ക്കവേ, കുരങ്ങുകളെപ്പോലെ ആ പ്രാകൃതർ ഓടിപ്പോയി.

സാധാരണഗതിയിൽ ഈ രക്തദാഹികൾ മരങ്ങൾ

ക്കിടയിൽ മറഞ്ഞിരുന്നാണ് യാത്രക്കാരെ ആക്രമിക്കയും കൊലപ്പെടുത്തി ഭക്ഷിക്കുകയും ചെയ്യുന്നതു്. തപ്പാൽക്കാരനെ ആക്രമിച്ച സ്ഥലം സമീപിച്ചപ്പോരം, ഒരു സ്ത്രീയുടെ നേതൃത്വത്തിൽ കമ്പിളിയും മററു ചരക്കുകളും കയററിയ രണ്ടു വണ്ടികരം കാണായി. എട്ടു കാളകളാണ് വണ്ടി വലിക്കുന്നതു്. ഒമ്പതും പതിനേഴും വീതം വയസ്സു പ്രായമുള്ള, പിതാവില്ലാത്ത, രണ്ടു പുത്രന്മാർ അവളുടെ കൂടെയുണ്ടു്. ധീരയായ ആ സ്ത്രീ ഒരു യുദ്ധവീരൻെറ ചൊടിയോടുകൂടി, വളരെ ഉച്ചത്തിൽ ചാട്ട വീശിയടിച്ചുകൊണ്ടിരുന്നു. അന്നു രാത്രി അവരുടെ കൂടെ കഴിഞ്ഞുകൂടി. പിറേറ ദിവസം തപ്പാൽക്കാരൻ ദർശിച്ച പച്ചക്കൂടാരം കണ്ടു. ഒരാരം അതിനെ സമീപിച്ചു. പെട്ടെന്നു് ഒരു കറുത്ത രൂപം മരത്തിൽനിന്നും ചാടിവീഴുന്നതും ഇരുളിൽ മറയുന്നതും കാണായി. ഡ്രൂവിഡ് വിളിച്ചു പറഞ്ഞു:

"ദൈവമേ! അതൊരു പെണ്ണാണു് !"

പിന്നെയും ഒരാരംകൂടി മരത്തിൽനിന്നു ചാടി. ഒരു ഡസനിലധികം പേർ അങ്ങനെ ഞങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്നു് ഞങ്ങരംക്കു മനസ്സിലായി. അര മണിക്കൂർകൂടി ഞങ്ങരം സഞ്ചരിച്ചു. പെട്ടെന്നു് ആകാശത്തിൽ കഴുകൻ ചുററിയടിക്കുന്നതു കണ്ടു. വനത്തിൽ ആ സ്ഥാനത്തേയ്ക്കു ഞങ്ങരം കടന്നു. രണ്ടു കാളകരം അവിടെ ചത്തു കിടക്കുന്നു. കല്ലും വടികളുമുപയോഗിച്ചു് ആക്രമിക്കപ്പെട്ട ആ നിർഭാഗ്യജീവികരം, തങ്ങളുടെതന്നെ ദേഹത്തുനിന്നു് ഒഴുകിയ ചോരയിൽ മുങ്ങി ചതഞ്ഞരഞ്ഞു കിടക്കുന്ന കാഴ്ച ഭയാനകമായിരുന്നു. യനായ്ഗ്രവാകരം ആക്രമിച്ചപ്പോരം യാത്രാസംഘത്തിൻെറ വണ്ടിയിൽനിന്നു് രണ്ടു കാളകരം ഇളകിപ്പോയിരിക്കും; അതിവേഗത്തിൽ ചാട്ട ചുഴററിയടിച്ചു് സംഘം പറക്കുന്ന വേഗത്തിൽ കടന്നുപോവുകയും ചെയ്തുകാണും. അങ്ങനെ പിടികിട്ടാത്തതിലുള്ള

അരിശം, കാളകളോടു് ആ നരഭോജികൾ പൈശാചികമാംവിധം തന്നെ വീട്ടുകയും ചെയ്തിരിക്കും.

ഞങ്ങൾ പിന്നെയും കുതിരയോടിച്ചു. പെട്ടെന്നു് വനത്തിൽനിന്നു് ഭീതിദമായ ഒരു ശബ്ദം കേൾക്കായി. അതു് ഉയർന്നുയർന്നു വരികയാണു്. ഏതാനുമടി അകലെ വനത്തിനുള്ളിൽ ഇരുനൂറു മുന്നൂറു വരുന്ന നഗ്നരായ പ്രാകൃതജീവികൾ അരിച്ചരിച്ചു നടക്കുന്നുണ്ടാവും. കുതിരകളുടെ കടിഞ്ഞാൺ വലിച്ചു നിർത്തിയ ഉടനെ അത്ഭുതകരമായ വിധം വനത്തിലെങ്ങും നിശ്ശബ്ദത വ്യാപിച്ചു.

"ശ്രദ്ധിച്ചോളൂ!" ഞാൻ ആവുന്നത്ര പതുക്കെപ്പറഞ്ഞു: "അവർ ആക്രമിക്കുമെങ്കിൽ അതു് ഇപ്പോൾ ആയിരിക്കും. ഞാൻ വെടിവെയ്ക്കുന്നതിനുമുമ്പു് നിങ്ങൾ ഒന്നും ചെയ്യരുതു്. ഞാൻ വെടി പൊട്ടിച്ചുകഴിഞ്ഞാൽ അവററയുടെ പള്ളയ്ക്കുതന്നെ ഉണ്ട തെറിപ്പിച്ചേക്കണം."

ഒരു ഇടുങ്ങിയ ഭാഗത്തേയ്ക്കു് മരത്തിൽ നിന്നു് ആക്രമികൾ ഇറങ്ങിവന്നു. 12 പേരുണ്ടു്. പിന്നെയും ഭീകരമായ ശബ്ദം കേട്ടുതുടങ്ങി. അതു് കാതടപ്പിക്കത്തക്ക വിധം ഉച്ചത്തിലായി. പെട്ടെന്നു് എനിക്കൊരു തന്ത്രം തോന്നി. ഈ പ്രാകൃതരെ അത്ഭുതസ്തബ്ധരാക്കണം. വനത്തിൽ വച്ചു് മുമ്പു പരിചയമുണ്ടായിരുന്ന തരത്തിൽ ഞാൻ ഉറക്കെ ശബ്ദമുണ്ടാക്കി. എന്നിട്ടു കൂട്ടുകാരോടു തിരിഞ്ഞു പറഞ്ഞു: "ആവുന്നത്ര ഉറക്കെ പാടുക! എന്തെങ്കിലും! ആവുന്നത്ര ഉച്ചത്തിൽ"

എല്ലാവരും പാടാൻ തുടങ്ങി. ഉഗ്രമായ ഒരലച്ചയുടെ മട്ടിൽ അതു് ആ ഘോരകാന്താരത്തെ പ്രകമ്പനം കൊള്ളിച്ചു. ഇതെന്താണെന്നു മനസ്സിലാവാതെ ആ നരഭോജികൾ മിഴിച്ചു നില്ക്കുകയാണു്. ഞാൻ കൈ

ത്തോക്കുകൊണ്ടു് ആ കൂട്ടത്തിലൊന്നിനെ വെടി വെച്ചു. അവൻ മുട്ടിടിച്ചു നിലത്തു വീണു. അരയ്ക്കാണു് വെടി യേററതു്.

പൊടുന്നനെ, കൂട്ടുകാർ അവനെ പൊക്കിയെടുത്തു് വനത്തിൻെറ ഉഠംഭാഗത്തേയ്ക്കു കൊണ്ടുപോയി. ഞങ്ങഠം സാവധാനം യാത്ര തുടന്നു.

ഒരിക്കൽ ബ്യൂനസ് അയേഴ്സിലേയ്ക്കു പോയി കാരാസ് വൈകാരിററാസ് – പഴയ ജോലിസ്ഥലം – സന്ദശിക്കണമെന്നു വിചാരിച്ചു. എത്സായെ കാണാനും വലിയ കൊതിയായിരുന്നു. പഴയ ജീവിതത്തിൽ അവ ശേഷിക്കുന്ന ഒരേയൊരു സ്നേഹമുദ്ര അവഠം മാത്രമാണു്; സംതൃപ്തമാക്കപ്പെടാതെ കിടക്കുന്ന ഭൂതകാലത്തിന്റെ ഏക സ്മരണ. അവഠംക്കു് എന്തു സംഭവിച്ചുവെന്നു്, അവളെ ഇപ്പോഠം കാണാൻ എങ്ങനെ ഇരിക്കുമെന്നു്, എല്ലാററിനുമുപരി ഇപ്പോഴുമവഠം എന്നെക്കുറിച്ചു ചിന്തിക്കുന്നുണ്ടോ എന്നു് ഏകനായി, നക്ഷത്രങ്ങഠം നിറഞ്ഞ രാത്രികളിൽ ക്യാമ്പിലെ തീയ്ക്കരികെ നായ്ക്കളുമായിരുന്നു ഞാൻ ഓത്തുനോക്കിയിട്ടുണ്ടു്. മനുഷ്യൻ സ്മരണകളെ, അവയുടെ അത്ഥം മരിച്ചുകഴിഞ്ഞാലും സ്നേഹസമ്മാനങ്ങളെപ്പോലെ സൂക്ഷിക്കുന്നുവല്ലോ.

ഹാൻസിന്റെ മേൽവിലാസം അന്വേഷിച്ചുപിടിച്ചു് ഞാൻ വാതില്ക്കൽ മുട്ടി. ലജ്ജാവതിയായ ഒരു സ്ത്രീ കതകു തുറന്നു. അവഠം കുറെ തടിച്ചിട്ടുണ്ടു്. ആ അഴകും മങ്ങിയിട്ടില്ല. ആദ്യമെനിക്കവളെ തിരിച്ചറിയാൻതന്നെ പ്രയാസമായിരുന്നു. പക്ഷേ ഒരു കാര്യം മാത്രം മാറിയിട്ടില്ല – അവളുടെ കണ്ണുകഠം. അഗാധനീലിമയോടുകൂടി വിഭാത സന്ധ്യാംബരത്തിലെ താരകങ്ങളെപ്പോലെയവ മിന്നിത്തിളങ്ങുകയാണു്.

"എന്തേ?" അവൾ ചോദിച്ചു. പിന്നെ ഒരു നിമിഷം എന്നെ സൂക്ഷിച്ചു നോക്കിയിട്ട് അത്ഭുതത്തോടെ അവൾ വിളിച്ചു: "സാഷാ!"

ഞാൻ പുഞ്ചിരി തൂകി. ഞങ്ങൾ കൈ പിടിച്ചു കുലുക്കി. പതിനേഴു വർഷങ്ങൾക്കുശേഷം നടക്കുന്ന വിചിത്രവും അപൂർവ്വവുമായ കണ്ടുമുട്ടലായിരുന്നു അതു്. കുറച്ചു കഴിഞ്ഞു് ഹാൻസ് വന്നു് പതിവുള്ള ഹൃദയാഹ്ളാദത്തോടെ എന്നെ അഭിവാദ്യം ചെയ്തു.

ഏഴു വർഷങ്ങൾക്കുശേഷം 1938 ഫെബ്രുവരിയിൽ ഫിലാഡെൽഫിയായിൽ ഞാനൊരു പ്രസംഗം ചെയ്തു. പുലിവേട്ടയായിരുന്നു വിഷയം. പരിപാടി കഴിഞ്ഞപ്പോൾ ഫിലാഡെൽഫിയാ യൂണിവേഴ്സിററി ക്ലബ്ബിന്റെ മാനേജരായ പ്ലിനി ഫാട്ടേൻസ്റ്റീൻ സുന്ദരിയായ അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് എന്നെ പരിചയപ്പെടുത്തി; പിന്നെ അവരുടെ കൂടെയുണ്ടായിരുന്ന ഒരു യുവതിക്കും. അവൾക്കു് 20 വയസ്സുണ്ടു്. ഈഡിത്ത് ബ്രേ എന്നാണു പേരു്. മിസ്സിസ് ഫാട്ടേൻസ്റ്റീന്റെ സഹോദരിയായിരുന്നു അവൾ. പിന്നീടു് അത്ഭുതഭാവത്തോടെ വേട്ടയെക്കുറിച്ചു് അവൾ വളരെ ചോദ്യങ്ങൾ ചോദിച്ചിരുന്നു. ഒരു ദിവസം ഞാൻ അന്വേഷിച്ചു:

"മാറേറാ ഗ്രോസോവിൽ പോയി നായാട്ടു നടത്തണമെന്നു തോന്നുന്നുണ്ടോ?"

അവൾ സമ്മതം പ്രകടിപ്പിച്ചു. ഒരാഴ്ച കഴിഞ്ഞു് വീണ്ടും ഓർമ്മപ്പെടുത്തി. മേയ് മാസത്തിൽ ബ്രസീലിലേക്കു് ഞാൻ മടങ്ങി. ജൂലായിൽ ഹെലൻ പോസ്റ്റ് എന്ന കൂട്ടുകാരിയുമൊത്തു് ഈഡിത്ത് എന്റെ താമസസ്ഥലത്തു് എത്തിച്ചേർന്നു. അവർ വന്നതിന്റെ രണ്ടാം ദിവസം വെളുപ്പിനു് 3 മണിക്കു് മൂന്നു നായ്ക്കളുമൊത്തു്

നായാട്ടിന്ന ഞങ്ങൾ വനത്തിലേയ്ക്ക തിരിച്ചു. കാന്താര ഗർഭത്തിലേക്ക കടന്ന ഉടനെ ഒരു നായ് ഉച്ചത്തിൽ കുര യ്ക്കുന്നതു കേൾക്കായി. ഒരു ഫ്ളാഷ് ലൈററ് പിടിച്ചു കൊടുത്തു് എന്നോടു ഞെരുങ്ങി നില്ക്കാൻ പെൺകിടാ ങ്ങളോടു് ഞാൻ പറഞ്ഞു; ഉഷസ്സാകുന്നതിനുമുമ്പുള്ള മങ്ങിയ അന്ധകാരത്തിൽ കണ്ണുതപ്പി അപകടം പററി പ്പോകരുതല്ലോ.

വടക്കേ അമേരിക്കയിൽ പർവ്വതസിംഹമെന്നറിയ പ്പെടുന്ന പ്യൂമാ ഒരു മരത്തിൽ നിൽക്കുകയാണു്. നായ് ക്കൾ ആ വൃക്ഷത്തെ വലംവയ്ക്കുന്നു. അമ്പതടി അകലെ ഞാൻ നിന്നു. ഈഡിത്തിൻെറ കൈയിൽ ക്യാമറായു ണ്ടു്. ഒരു ചിത്രമെടുക്കാൻ ആശയുണ്ടെന്നു് അവൾ എന്നോടു പറഞ്ഞു. അതിന്നു തൃപ്തികരമായ വെളിച്ചം കിട്ടാൻ അര മണിക്കൂർ കഴിയണം. ഞങ്ങൾ കാത്തി രുന്നു.

ഹരിതപത്രാലംകൃതമായ വൃക്ഷശിഖരങ്ങൾക്കിടയി ലൂടെ ഊന്നിറങ്ങിയ അരുണകിരണങ്ങൾ ആ ഹിംസ്ര ജന്തുവിനു് ഒരു സ്വർണ്ണശോഭ നൽകി അനുഗ്രഹിച്ച പ്പോൾ, ചിത്രമെടുക്കാൻ ഈഡിത്തിനോടു ഞാൻ പറ ഞ്ഞു. അവൾ ക്യാമറാ ക്ലിക്കു ചെയ്തു. പിന്നെ ഞാൻ അവളുടെ നേർക്കു് കൈത്തോക്കു വച്ചുനീട്ടി. അവൾ വിസമ്മതം പ്രകടിപ്പിച്ചു.

"അതിനെ വെടി വെയ്ക്കണ്ട— കാണാൻ നല്ല അഴകു്"

പ്യൂമാ ഒരു രക്തദാഹിയാണെന്നും കൊല്ലാൻവേ ണ്ടിമാത്രം കൊല്ലുന്ന അപൂർവ്വം ഹിംസ്രമൃഗങ്ങളിലൊന്നാ ണെന്നും പാത്തഗോണിയായിൽവച്ചു് ഒരു രാത്രികൊണ്ടു് ഇവനൊരുത്തൻ എൺപതു കന്നുകാലികളെ നശിപ്പി ച്ചെന്നും ഞാൻ ആ പെണ്ണിനോടു പറഞ്ഞു.

"എങ്കിൽ അവനെ ശരിപ്പെടുത്താം." അവൾ സംമ്മതിച്ചു.

തോക്കുയർത്തി, ഞാൻ നിർദ്ദേശം നൽകാൻ തയ്യാറെടുക്കുന്നതിനു മുമ്പുതന്നെ അവൾ വെടി പൊട്ടിച്ചു. ആ വനജീവി പിടിവിട്ട്, പാറക്കുന്നുപോലെ നിലത്തു വീണു് ജീവൻ വെടിഞ്ഞു.

ആ വിജയകരമായ വേട്ടയ്ക്കുശേഷം വീണ്ടുമൊരിക്കൽ ഞങ്ങൾ വനത്തിലേയ്ക്കു പുറപ്പെട്ടു. ഇത്തവണ പുള്ളിപ്പുലിയെ നായാടണമെന്നുതന്നെയായിരുന്നു നിശ്ചയം. കുറേ അന്വേഷണത്തിനുശേഷം ഒരു കുററിക്കാട്ടിൽവച്ചു് ഞങ്ങൾ ഒന്നിനെ കണ്ടെത്തി. ഈഡിത്തിൻെറ കൈയിൽ ക്യാമറായുണ്ടു്. ഫോട്ടോ എടുക്കാനാണവൾക്കു ധൃതി.

"ചിത്രമെടുക്കാൻ ഇപ്പോൾ പററുകയില്ല; തോക്കു് ശരിപ്പെടുത്തു. അതു ചാടാനൊരുങ്ങുകയാണു്" ഞാൻ പറഞ്ഞു. അവൾ ക്യാമറാ മാററി തോക്കെടുത്തു. ചുണ്ടുകൾ ഇറുക്കിയടച്ചു് ലേശംപോലും ഭയമില്ലാതെ ഭ്രാന്തമായ ആവേശത്തോടെയാണവൾ നില്ക്കുന്നതു്. പുലി, കമാനാകൃതിയിൽ വളഞ്ഞു് ഇരുനൂറടിയകലെ മറെറാരു കൊമ്പിൽ ചാടിവീണു. പിന്തുടരാൻ ഈഡിത്തിനോടു നിർദ്ദേശിച്ചുകൊണ്ടു് ഞാൻ മുന്നോട്ടു കുതിച്ചു. അവൻ എങ്ങോട്ടെങ്കിലും ഒളിച്ചുകളഞ്ഞാൽ പിടികിട്ടുക പ്രയാസമാണല്ലോ. എൻെറ ഒരു കൈയിൽ കൈത്തോക്കും മററതിൽ കുന്തവുമുണ്ടു്. അമ്പതടി അകലെയാണിപ്പോൾ ഞങ്ങൾ. ഞാൻ കൈവീശി സമ്മതമറിയിച്ചു; ഈഡിത്ത് നിറയൊഴിച്ചു. പുലി മരത്തിൽനിന്നു് നിലത്തു കാലുറപ്പിച്ചാണു വീണതു്. മരണകരമായ മുറിവേററിട്ടില്ലെന്നു തോന്നി. ഝടിതിയിൽ കൈത്തോക്കു്

കീശയിലാക്കി, ഇരുകരങ്ങൾകൊണ്ടും കുന്തം ബലമായി പ്പിടിച്ച്, ഞാൻ മുന്നോട്ടു കുതിച്ചു. എൻെറ ദേഹത്ത് എന്തോ ഒന്നു തട്ടി– ഒരു മരക്കൊമ്പാവണം. കൂടെ മുട്ടിനു കീഴിൽ ഗദകൊണ്ട് അടിയേററതുപോലെയും തോന്നി. അതിൻെറ ശക്തിയാൽ ഞാൻ മുന്നോട്ടാഞ്ഞുവീണു. എങ്കിലും മുട്ടുകുത്തി എഴുന്നേററ് ഞാൻ പുലിയുടെ നേർക്കു നീങ്ങി. അപ്പോഴാണ് ഒരു കാര്യം മനസ്സിലായതു്; എൻെറ കാലിൽ വെടിയേററിരിക്കുന്നു– എൻ്റെ തോക്കു കൊണ്ടുതന്നെ.

ഞാനോർത്തു: എനിക്കിപ്പോഴും ഓടാൻ കഴിയും; അതുകൊണ്ട് കാലൊടിഞ്ഞിട്ടില്ലെന്നു തീർച്ച.

കൈത്തലംകൊണ്ടു് ഒരു പട്ടിയെ ആഞ്ഞടിക്കാൻ ശ്രമിച്ചശേഷം പുലി എൻെറ നേരേ പാഞ്ഞുവന്നു. അവൻെറ തൊണ്ടയിൽ ഞാൻ കുന്തം കുത്തിക്കയററി. ഭാഗ്യവശാൽ കുറച്ചുനേരത്തെ സമരമേ വേണ്ടിവന്നുള്ളു. അവൻെറ മരണം ഏതാനും നിമിഷത്തിനുള്ളിൽ സംഭവിച്ചു. അതിൻെറ പ്രാണൻ പിരിയുംമുമ്പുതന്നെ ഇൗഡിത്ത് അവളുടെ കുപ്പായക്കൈ വലിച്ചുകീറി എൻെറ മുറിവു വച്ചുകെട്ടി. കുറേനാൾ ഞാൻ സുഖമില്ലാതെ കിടക്കേണ്ടിവന്നു. രോഗശയ്യയെ അവലംബിച്ചു കഴിഞ്ഞുകൂടിയ ആ ദിവസങ്ങളിലാണ് എനിക്കു് അപകടം സംഭവിച്ചതറിഞ്ഞു് അപ്പാരിഷിയോ വന്നതു്. മേരിയിഞ്ഞായെ താൻ വിവാഹം കഴിച്ചുവെന്നും മൂന്ന് കുട്ടികൾ ഇപ്പോഴുണ്ടെന്നും അപ്പാരിഷിയോ പറഞ്ഞു.

നാലു വർഷത്തിനുശേഷം, 1942 സെപ്തംബറിലാണ് മാറേറാ ഗ്രോസോവിൽ ഞാൻ എൻെറ അവസാന ക്യാമ്പ് നിർമ്മിച്ചതു്. പിന്നീട് റയോ മിറാൻഡായിലൂടെ ചങ്ങാടവസതിയൊഴുക്കി, ബാരൻസോ വെർമീലോ

എന്നറിയപ്പെടുന്ന ചെങ്കൊടുമുടികൾ കടന്നു് ഞാൻ സഞ്ചരിച്ചു. ഈഡിത്ത് എന്നോടൊത്തുണ്ടു്. മാറേറാ ഗ്രോസോവിലേക്കുള്ള അവളുടെ രണ്ടാമത്തെ വരവോടു കൂടി 1940 ജനുവരിയിൽ ഞങ്ങൾ വിവാഹം നടത്തി യിരുന്നു. ചങ്ങാടവസതിയിൽ, സാൻഡ്രാ, ഡോറാ എന്ന രണ്ടരുമ സന്താനങ്ങളുമൊത്തു് ഞങ്ങൾ ആനന്ദ പൂർവ്വം കഴിഞ്ഞുകൂടി. ചെങ്കൊടുമുടികളുടെ മടിത്തട്ടിലുള്ള 'സീമെൽക്കമൊനം' കടന്നു് നദിക്കരെയിൽ ഒരു പുതിയ വീടു് വയ്ക്കുന്നതിനുള്ള സ്ഥലമന്വേഷിക്കവേ, ഡോം കാർളോസ് പറഞ്ഞ വാക്കുകൾ എന്റെ ചെവിയിൽ മുഴങ്ങി.

"....നിങ്ങൾക്കെതിരിടാൻവേണ്ടി ഒരു പുതിയ തരം ഹിംസ്രജന്തുവിനെ ദൈവം തെരഞ്ഞെടുത്തു തരും; ചിലപ്പോൾ ഒരു പെണ്ണു്...."

കാക്കി ഷർട്ടും നീലക്കാലുറകളുമണിഞ്ഞു്, മഴവില്ലു പോലെയുള്ള ഒരു തുവാലകൊണ്ടു് തലമുടി ഒതുക്കി ക്കെട്ടി, കുഞ്ഞുങ്ങളെ കുളിപ്പിച്ചുകൊണ്ടു നില്ക്കുന്ന ആ കൃശാംഗിയെ ഞാൻ നോക്കി: എന്റെ ഈഡിത്തിന്നു് 'ഹിംസ്റജന്തു' എന്ന വാക്കു് എന്തായാലും അനുയോ ജ്യമല്ലതന്നെ.

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No 900 Acc No 4325

This book should be returned on or before the date last stamped below.

൧൦൦

...റ്

സോവ്യർ ചോൽ

ചൂലികൾ ക്ഷുദ്ധങ്ങൾ

4326